# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

FEBRUARY 2014



80 YEARS OF PUBLICATION 1934-2013

# അതിരൂപതയിലെ നവവൈദികർ



Fr. Alappadan Fijo



Fr. Arangassery Sanoj



Fr.Chiriyankandath Ginsen



Fr. Chittilappilly Binoy



Fr.Choondal Jinto



Fr.Eluvathingal Antos



Fr. Kallikkadan Paul



Fr.Koothoor Fexin



Fr.Keezhooru muttikkal Manoj



Fr.Kollannoor Royson



Fr.Koothur Febin



Fr.Nellickal Aneesh



Fr.Nettikadan David



Fr.Thaivalappil Rejoy



Fr.Vadakkethala Jaison

TRICHUR ARCHDIOCESAN
# Bulletin

പുസ്തകം : 81
2014 ഫെബ്രുവരി
ലക്കം : 2

## ഈ ലക്കത്തിൽ

❖ സർക്കുലറുകൾ 3-37
❖ കച്ചേരികാര്യം 38
❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -ഫെബ്രുവരി 47
❖ സഹായമെത്രാന്റെ പരിപാടികൾ -ഫെബ്രുവരി 48
❖ നാളാഗമം 54
❖ പാസ്റ്ററൽ കൗൺസിൽ 58
❖ ചാന്ദാ വാർത്തകൾ 59
❖ നാമകരണനടപടികൾ 60
❖ സാമ്പത്തിക കാര്യാലയം 61
❖ വൈദികർ 63
❖ സന്യസ്തർ 65
❖ സ്ഥാപനങ്ങൾ 73
❖ സാന്ത്വനം 84
❖ സംഘടനകൾ 93

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# ലോകസമാധാനദിന സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

**1 ജനുവരി 2014**

***സാഹോദര്യം: സമാധാനത്തിന്റെ അടിസ്ഥാനവും അതിലേക്കുള്ള പാതയും***

1. ലോകസമാധാനദിനാചരണത്തെക്കുറിച്ച് എന്റെ ഈ പ്രഥമസന്ദേശത്തിൽ എല്ലാവർക്കും - വ്യക്തികൾക്കും ജനതകൾക്കും - സന്തോഷവും പ്രത്യാശയും നിറഞ്ഞ ജീവിതം ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ പൂർണമായ ജീവിതത്തിനുള്ള ആഗ്രഹമുണ്ട്. സാഹോദര്യത്തിനു വേണ്ടിയുള്ള അമർത്തപ്പെടാനാവാത്ത ആഗ്രഹം അതിൽപ്പെടുന്നു. അതു മറ്റുള്ളവരുമായുള്ള സൗഹൃദ ബന്ധത്തിലേക്കു നമ്മെ നയിക്കുന്നു. മറ്റുള്ളവരെ ശത്രുക്കളോ എതിരാളികളോ ആയി കാണാതെ സ്വീകരിച്ച് ആശ്ലേഷിക്കേണ്ട സഹോദരീ സഹോദരന്മാരായി സ്വീകരിച്ച് ആശ്ലേഷിക്കാൻ അതു സഹായിക്കുന്നു.

സാഹോദര്യം സാരാംശപരമായ ഒരു മാനുഷിക ഗുണമാണ്. കാരണം, നമ്മൾ പരസ്പരം ബന്ധപ്പെട്ട ജീവികളാണ്. ബന്ധത്തെക്കുറിച്ചുള്ള നമ്മുടെ സജീവമായ ബോധം മറ്റുള്ളവരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കുന്നു. സാഹോദര്യമില്ലാതെ നീതിയുള്ള സമൂഹമോ ദൃഢവും ശാശ്വതവുമായ സമാധാനമോ സൃഷ്ടിക്കാൻ കഴിയുകയില്ല. സാഹോദര്യം ആദ്യം പഠിക്കുന്നത് പൊതുവേ കുടുംബങ്ങളിൽ വച്ചാണെന്ന് നാം ഓർമ്മിക്കണം. അതിന്റെ ഓരോ അംഗത്തിന്റെയും - പ്രത്യേകിച്ച് മാതാപിതാക്കളുടെ - ഉത്തരവാദിത്വപൂർണവും പരസ്പരപൂരകവുമായ ധർമ്മത്തിന്റെ സഹായത്താലാണ്, സർവോപരി, അതു പഠിക്കുന്നത്. കുടുംബം എല്ലാ സാഹോദര്യത്തിന്റെയും ഉറവിടമാണ്. അത് പ്രകൃത്യാ സമാധാനത്തിന്റെ അടിസ്ഥാനവും അതിലേക്കുള്ള പ്രഥമപാതയുമാണ്. കാരണം, കുടുംബം അതിനുള്ള വിളി മൂലം ചുറ്റുമുള്ള ലോകത്തിലേക്ക് സ്നേഹം വ്യാപിപ്പിക്കേണ്ടതാണ്.

ഇന്നത്തെ ലോകത്തിലുള്ള വർധമാനമായ പരസ്പരബന്ധങ്ങളും ആശയവിനിമയ മാർഗങ്ങളും രാഷ്ട്രങ്ങളുടെ ഐക്യത്തെയും പൊതുഭാഗധേയത്തെയും കുറിച്ചുള്ള ബോധം നമ്മിൽ ശക്തിപൂർവം ജനിപ്പിക്കുന്നുണ്ട്. ചരിത്രത്തിന്റെ സ്വയംചാലകപ്രവർത്തനത്തിൽ, വംശപരമായ ഗ്രൂപ്പുകൾ, സമൂഹങ്ങൾ, സംസ്കാരങ്ങൾ എന്നിവയിൽ, പരസ്പരം സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുള്ള സമൂഹം രൂപപ്പെടുത്താനുള്ള വിളിയുടെ വിത്തുകൾ നാം കാണുന്നു. പക്ഷേ, ഈ വിളി ഇന്നു മിക്കപ്പോഴും നിഷേധിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു. "നിസ്സംഗതയുടെ ആഗോളീകരണ"ത്താൽ മുദ്രിതമായ ഇന്നത്തെ ലോകത്തിൽ ഇതു സംഭവിക്കുന്നു. സാവധാനത്തിൽ മറ്റുള്ളവരുടെ സഹനം അവഗണിച്ച് തന്നിൽത്തന്നെ അടച്ചുപൂട്ടിക്കഴിയാൻ ഇന്നത്തെ ലോകം പ്രേരിപ്പിക്കുകയാണ്.

ലോകത്തിന്റെ പലഭാഗങ്ങളിലും മൗലികങ്ങളായ മാനുഷികാവകാശങ്ങൾക്കെതിരേ - പ്രത്യേകിച്ച്, ജീവിക്കാനും മതസ്വാതന്ത്ര്യം ആസ്വദിക്കാനുമുള്ള അവകാശങ്ങൾക്കെതിരേ - നടക്കുന്ന ഗൗരവപൂർണമായ അക്രമങ്ങൾക്ക് അവസാനമില്ലാത്തതായി തോന്നുന്നു. മനുഷ്യക്കടത്ത് എന്ന ദുരന്തപരമായ പ്രതിഭാസം ഇതിന്റെ അസ്വാസ്ഥ്യജനകമായ ഒരു ഉദാഹരണമാണ്. മനുഷ്യക്കടത്തിൽ മനസ്സാക്ഷിയില്ലാത്തവർ മറ്റുള്ളവരുടെ ജീവനെയും നിസ്സഹായാവസ്ഥയെയും പിന്തുടർന്നു കൊള്ളയടിക്കുന്നു. പരസ്യമായ സായുധയുദ്ധങ്ങളോടൊപ്പം ഏറെക്കുറെ അദൃശ്യവും എന്നാൽ ക്രൂരതയിൽ ഒട്ടും കുറയാത്തതുമായ യുദ്ധങ്ങൾ നടക്കുന്നുണ്ട്. സാമ്പത്തികവും പണപരവുമായ മേഖലകളിലാണ്, ജീവൻ, കുടുംബം, ബിസിനസ്സ് എന്നിവയ്ക്കെതിരേ തുല്യനശീകരണശക്തിയുള്ള മാർഗങ്ങൾ ഉപയോഗിച്ച് അവ നടത്തുന്നത്.

ബെനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞതുപോലെ ആഗോളവത്കരണം നമ്മെ അയൽക്കാരാക്കുന്നു. പക്ഷേ, നമ്മെ സഹോദരരാക്കുന്നില്ല.[1] അസമത്വം, ദാരിദ്ര്യം, അനീതി എന്നിവയുടെ അനേകം സാഹചര്യങ്ങൾ സാഹോദര്യത്തിന്റെ അഗാധമായ അഭാവത്തിന്റെ മാത്രം അടയാളങ്ങളല്ല. പിന്നെയോ ഐക്യദാർഢ്യത്തിന്റെ അഭാവത്തിന്റെയും അടയാളങ്ങളാണ്. അനിയന്ത്രിതമായ വ്യക്തിവാദം അഹംപ്രത്യയവാദം, ഭൗതികവാദപരമായ ഉപഭോഗസംസ്കാരം എന്നിവയുടെ സവിശേഷതകളുള്ള പുതിയ പ്രത്യയശാസ്ത്രങ്ങൾ സാമൂഹിക ബന്ധങ്ങളെ ദുർബലപ്പെടത്തുന്നു.

"വലിച്ചെറിയൽ" മനോഭാവം ജ്വലിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതാകട്ടെ, ഏററവും ദുർബലരായവരെയും "ഉപയോഗശൂന്യ"രെന്നു കരുതപ്പെടുന്നവരെയും പുച്ഛിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. അങ്ങനെ മാനുഷിക സഹവർത്തിത്വം വർധമാനമായ തോതിൽ "തരാൻവേണ്ടി കൊടുക്കുക"യെന്ന ചിന്താഗതി പ്രതിഫലിപ്പിക്കാൻ തുടങ്ങുന്നു. അതാകട്ടെ, പ്രായോഗികതാവാദപരവും സ്വാർത്ഥപരവുമാണ്.

അതേസമയം സാഹോദര്യത്തിന്റെ യഥാർത്ഥ ബന്ധങ്ങൾ സൃഷ്ടിക്കാൻ ഇന്നത്തെ ധാർമ്മിക സമ്പ്രദായങ്ങൾക്കു കഴിയാതിരിക്കുന്നുവെന്നു തോന്നുന്നു. എന്തെന്നാൽ സാഹോദര്യം അതിന്റെ അടിസ്ഥാനമായ പൊതുപിതാവിനെ പരാമർശിക്കാതിരുന്നാൽ അത് നിലനില്ക്കുകയില്ല.[2] ജനതകളുടെയിടയിലുള്ള സാഹോദര്യത്തിന്റെ മുൻവ്യവസ്ഥയായി സർവാതിശായിയായ ഒരു പിതാവിനെ ആവശ്യപ്പെടുന്നുണ്ട്. ആ പിതൃത്വത്തിന്റെ അംഗീകാരത്തെ അടിസ്ഥാനപ്പെടുത്തി മാനുഷിക സാഹോദര്യം ദൃഢീകരിക്കപ്പെടുന്നു; ഓരോ വ്യക്തിയും മറ്റുള്ളവരെ സൂക്ഷിക്കുന്ന "അയൽക്കാരൻ" ആയിത്തീരുന്നു.

**നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9)**

2. സാഹോദര്യത്തിലേക്ക് മനുഷ്യനു ലഭിച്ചിരിക്കുന്ന വിളി മനസ്സിലാക്കാൻ, അതിന്റെ സാക്ഷാത്കാരത്തിനുള്ള വഴിയിൽ നില്ക്കുന്ന തടസ്സങ്ങൾ കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ, അവയെ കീഴടക്കാനുള്ള മാർഗങ്ങൾ തിരിച്ചറിയാൻ, ദൈവത്തിന്റെ പദ്ധതി അറിയാൻ ശ്രമിക്കുകയെന്നത് അത്യധികം പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആ പദ്ധതി വിശുദ്ധ ലിഖിതങ്ങളിൽ ശ്രേഷ്ഠമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബൈബിൾ നല്കുന്ന സൃഷ്ടിയുടെ വിവരണമനുസരിച്ച് എല്ലാ ജനതകളും ആദം, ഹവ്വ എന്നീ പൊതുമാതാപിതാക്കളിൽ നിന്നുണ്ടായവരാണ്. ആ മാതാപിതാക്കൾ ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ച ദമ്പതികളാണ് ( ഉത് 1:26). അവർക്ക് കായേൻ, ആബേൽ എന്ന രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഈ ആദിമ കുടുംബത്തിന്റെ കഥയിൽ സമൂഹത്തിന്റെ ഉത്പത്തിയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പരിണാമവും നാം കാണുന്നു.

ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനുമാണ്. അവരുടെ അത്യഗാധമായ തനിമയും അവർക്കുള്ള വിളിയും സഹോദരന്മാരായിരിക്കുകയെന്നതാണ്. അവരുടെ പ്രവർത്തനവും സംസ്കാരവും ദൈവത്തോടും സൃഷ്ടിയോടുമുള്ള അവരുടെ ബന്ധവും

വ്യത്യസ്തമാണെങ്കിലും അവരുടെ തനിമയും വിളിയും അതാണ്. സഹോദര ന്മാരായിരിക്കുകയെന്ന അവരുടെ വിളി മൗലികമായി തള്ളിക്കളഞ്ഞതിന്റെ ദുരന്തപരമായ സാക്ഷ്യമാണ് കായേൻ ആബേലിനെ വധിച്ചു എന്ന അവരുടെ കഥ (ഉത്പ 4:1–16). പ്രയാസമുള്ള ഒരു ദൗത്യം അത് വ്യക്തമാക്കുന്നുണ്ട്. എല്ലാ മനുഷ്യരും ഒരാൾ മറ്റൊരാളെ സംരക്ഷിച്ചുകൊണ്ട് ഒന്നായി ജീവിക്കണമെന്ന വിളിയാണത്. ആബേൽ തന്റെ ആട്ടിൻക്കൂട്ടത്തിലെ ഏറ്റവും നല്ലതിനെ ദൈവത്തിനു സമർപ്പിക്കുകയും ദൈവം അതിൽ സംപ്രീതനാവുകയും കായേൻ സമർപ്പിച്ച ബലിയിൽ സംപ്രീതനാകാ തിരിക്കുകയും ചെയ്തു. “ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടന്ന് പ്രസാദിച്ചു. എന്നാൽ കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടന്നു പ്രസാദിച്ചില്ല” (ഉത്പ 4:4–5). ദൈവത്തിന് ആബേലിലുള്ള താത്പര്യാധിക്യം അംഗീകരിക്കാൻ കഴിയാതെ കായേൽ അസൂയകൊണ്ട് ആബേലിനെ വധിച്ചു. അങ്ങനെ കായേൻ ആബേലിനെ സഹോദരനായി കരുതിയില്ല. മറ്റുള്ളവരെ ശ്രദ്ധിക്കുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം സ്വീകരിച്ചുകൊണ്ട് നീതിപൂർവം ജീവിക്കാൻ വിസമ്മതിച്ചു. അവന്റെ നീചപ്രവൃത്തിക്ക് അവൻ ഉത്തരം കൊടുക്കണമെന്ന് “നിന്റെ സഹോദരൻ എവിടെ” എന്നു ചോദിച്ചുകൊണ്ട് ദൈവം വ്യക്തമാക്കി. കായേൻ ഇങ്ങനെ ഉത്തരം പറഞ്ഞു: “എനിക്കറിഞ്ഞുകൂടാ. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ (ഉത്പ 4:9)? അപ്പോൾ “കായേൻ കർത്താവിന്റെ സാന്നിധ്യത്തിൽ നിന്ന് അകന്നുപോയി” (ഉത്പ 4:16) എന്ന് ഉത്പത്തി ഗ്രന്ഥം പറയുന്നു.

നാം നമ്മോടു തന്നെ ഇങ്ങനെ ചോദിക്കണം: സാഹോദര്യത്തിന്റെ ബന്ധം അവഗണിക്കാൻ കായേനെ പ്രേരിപ്പിച്ച കാരണങ്ങൾ ഏവയാണ്? ആബേലിനോട് അയാളെ ബന്ധിപ്പിച്ചിരുന്ന പാരസ്പര്യവും സൗഹൃദവും അവഗണിക്കാൻ പ്രേരിപ്പിച്ച ഹേതുക്കൾ ഏവ? ദൈവം കായേനെ കുറ്റപ്പെടുത്തുകയും അയാളും തിന്മയും തമ്മിലുള്ള സംഘർഷത്തെക്കുറിച്ചു ശാസിക്കുകയും ചെയ്തിരുന്നു: “പാപം നിന്റെ പടിവാതുക്കൽ പതിയിരിക്കുന്നു” (ഉത്പ 4:7). പക്ഷേ, കായേൻ തിന്മയെ എതിർക്കാൻ വിസമ്മതിക്കുകയും പകരം തന്റെ “സഹോദരനായ ആബേലിനെതിരേ കൈ ഉയർത്തുകയും ചെയ്തു” (ഉത്പ 4:8). അങ്ങനെ ദൈവത്തിന്റെ പദ്ധതി അയാൾ പുച്ഛിച്ചുതള്ളി. ദൈവത്തിന്റെ ശിശുവും സാഹോദര്യത്തിൽ ജീവിക്കുന്നവനു മായിരിക്കാനുള്ള ആദിമ വിളി അയാൾ തള്ളിക്കളഞ്ഞു.

സാഹോദര്യത്തിലേക്കുള്ള ഒരാന്തരികവിളി നമുക്കുണ്ടെന്നും അതു തള്ളിക്കളയാനുള്ള ദുരന്തപരമായ കഴിവു നമുക്കുണ്ടെന്നും കായേന്റെയും ആബേലിന്റെയും കഥ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സ്വാർത്ഥതയുടെ അനുദിനപ്രവൃത്തികൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ആ പ്രവൃത്തികൾ അനേകം യുദ്ധങ്ങൾക്കും വളരെയേറെ അനീതിക്കും അടിസ്ഥാനഹേതുമാണ്. പരസ്പരപ്രവർത്തനത്തിനും സംസർഗത്തിനും ആത്മദാനത്തിനും വേണ്ടിയുള്ളവരാണു തങ്ങൾ എന്ന് അറിയാനാവാത്ത, തങ്ങൾ ആരാണെന്ന് അറിയാൻ കഴിയാത്ത, സഹോദരീസഹോദരന്മാരുടെ കൈകൾകൊണ്ട് അനേകർ കൊല്ലപ്പെടുന്നു.

**നിങ്ങൾ എല്ലാവരും സഹോദരന്മാരായിരിക്കണം (മത്താ 23:8)**

3. ഒരു ചോദ്യം ഇവിടെ സ്വാഭാവികമായി ഉയരുന്നു: ഈ ലോകത്തിലെ സ്ത്രീപുരുഷന്മാർ, ദൈവം അവരിൽ നിക്ഷേപിച്ചിട്ടുള്ള സാഹോദര്യാഭിലാഷത്തോട് എന്നെങ്കിലും പൂർണമായി പ്രത്യുത്തരിക്കുമോ? നിസ്സംഗത, അഹംഭാവം, വിദ്വേഷം എന്നിവ സ്വശക്തികൊണ്ടു കീഴടക്കാനും സഹോദരീസഹോദരന്മാർക്കു സവിശേഷമായിട്ടുള്ള നിയമപരമായ വ്യത്യാസങ്ങൾ സ്വീകരിക്കാനും എന്നെങ്കിലും കഴിയുമോ?

കർത്താവായ ക്രിസ്തു നല്കിയ ഉത്തരം അവിടത്തെ വാക്കുകൾ വ്യാഖ്യാനിച്ച് സംക്ഷേപിക്കാം. അവിടന്നു പറഞ്ഞു: "നിങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ. അതു ദൈവമാണ്. നിങ്ങൾ എല്ലാവരും സഹാദരീസഹോദരന്മാരാണ്" (cf മത്താ 23:8-9). സാഹോദര്യത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ പിതൃത്വമാണ്. നാം ഇവിടെ പറയുന്നത് അവ്യക്തവും ചരിത്രപരമായി ഫലശൂന്യവുമായ പൊതുപിതൃത്വത്തെക്കുറിച്ചല്ല. പിന്നെയോ ഓരോ പുരുഷനോടും സ്ത്രീയോടും ദൈവത്തിനുള്ള സവിശേഷവും അസാധാരണമാം വിധം വസ്തുനിഷ്ഠവും വ്യക്തിപരവുമായ സ്നേഹത്തെക്കുറിച്ചാണ് (cf മത്താ 6:25-30). അതുകൊണ്ട് കാര്യക്ഷമമായി സാഹോദര്യം സൃഷ്ടിക്കുന്ന ഒരു പിതൃത്വമാണ്. എന്തെന്നാൽ ദൈവസ്നേഹം ഒരിക്കൽ സ്വാഗതം ചെയ്യപ്പെട്ടാൽ അത് പരിവർത്തനത്തിനുള്ള വലിയ മാർഗമായിത്തീരും. അത് നമ്മുടെ ജീവിതത്തെയും മറ്റുള്ളവരുമായുള്ള ബന്ധങ്ങളെയും, നമ്മെ ഐക്യദാർഢ്യത്തിലേക്കും യഥാർത്ഥമായ പങ്കുവയ്ക്കലിലേക്കും തുറന്നുകൊണ്ട് പരിവർത്തനം ചെയ്യിക്കുന്നു.

ക്രിസ്തു ഒരു പ്രത്യേക വിധത്തിൽ മാനുഷിക സാഹോദര്യത്തെ

വീണ്ടും ജനിപ്പിക്കുന്നു. യേശുക്രിസ്തുവിലും യേശുക്രിസ്തുവിനാലും – അവിടത്തെ മരണോത്ഥാനങ്ങൾ വഴി അതു പുനർജനിപ്പിക്കപ്പെടുന്നു. മനുഷ്യർക്ക് സ്വന്തം പ്രയത്നത്താൽ ജനിപ്പിക്കാ നാവാത്ത ആ സാഹോദര്യത്തിന്റെ സുനിശ്ചിതമായ അടിസ്ഥാനം കുരിശാണ്. മനുഷ്യസ്വഭാവത്തെ രക്ഷിക്കാൻ വേണ്ടി മനുഷ്യത്വം സ്വീകരിച്ച യേശുക്രിസ്തു കുരിശിലെ മരണം വരെ പിതാവിനെ സ്നേഹിച്ചുകൊണ്ട് (cf ഫിലി 2:8) തന്റെ ഉത്ഥാനം വഴി സാഹോദര്യത്തിലേക്ക് നമുക്കുള്ള വിളിയുടെ സമ്പൂർണ സാക്ഷാത്കാരമാകുന്ന ദൈവേഷ്ടത്തോടും അവിടത്തെ പദ്ധതിയോടും പൂർണമായി യോജിക്കുന്ന പുതിയൊരു മനുഷ്യത്വം നമ്മിൽ നിന്നു സൃഷ്ടിച്ചു.

യേശു ആരംഭം മുതൽ പിതാവിന്റെ പദ്ധതി, മറ്റെല്ലാറ്റിനെക്കാളും പ്രാധാന്യം കല്പിച്ചുകൊണ്ട്, സ്വീകരിച്ചു; പിതാവിനോടുള്ള സ്നേഹത്തെപ്രതി സ്വയം മരണത്തിനു സമർപ്പിച്ചുകൊണ്ട് നമ്മെ എല്ലാവരെയും സംബന്ധിച്ച സുനിർണീതവും നവീനവുമായ ഒരു തത്ത്വമായിത്തീർന്നു. നമ്മൾ എല്ലാവരും അവിടന്നിൽ സഹോദരീ സഹോദരന്മാരായി കരുതണം; ഒരേ പിതാവിന്റെ മക്കളെന്ന നിലയിൽ അങ്ങനെ ചെയ്യണം. അവിടന്നു തന്നെയാണ് ഉടമ്പടി. ദൈവവുമായും സഹോദരീ സഹോദരന്മാരെന്ന നിലയിൽ പരസ്പരവും അവിടത്തെ വ്യക്തിത്വത്തിൽ നമ്മൾ അനുരഞ്ജിതരായിരിക്കുന്നു. യേശുവിന്റെ കുരിശുമരണം ജനതകൾ തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. ഉടമ്പടിയുടെ ജനതയും അവിശ്വാസികളും തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. അവിശ്വാസികൾ ആ നിമിഷം വരെ പ്രത്യാശയില്ലാത്ത വരായിരുന്നു. എന്തെന്നാൽ അവർ വാഗ്ദാനത്തിന്റെ ഉടമ്പടികളിൽ കക്ഷി ചേർന്നിരുന്നില്ല. എഫേസോസുകാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നതുപോലെ യേശുക്രിസ്തുവാണ് എല്ലാ ജനതകളെയും തന്നിൽത്തന്നെ അനുരഞ്ജിപ്പിക്കുന്നത്. അവിടന്ന് സമാധാനമാണ്. എന്തെന്നാൽ അവിടന്ന് രണ്ടു ജനതകളെ ഒന്നിപ്പിച്ചു. അവരെ വേർതിരിച്ചിരുന്ന മതിൽ, അതായത്, അവർ തമ്മിലുള്ള ശത്രുത, തകർത്തു. അവിടന്ന് തന്നിൽത്തന്നെ ഒറ്റജനത്തെ, ഒരു പുതിയ മനുഷ്യനെ, ഒരു പുതിയ മനുഷ്യവംശത്തെ സൃഷ്ടിച്ചു (cf 2:14-16).

ക്രിസ്തുവിന്റെ ജീവിതം സ്വീകരിക്കുകയും അവിടന്നിൽ ജീവിക്കുകയും ചെയ്യുന്നവർ ദൈവത്തെ പിതാവായി അംഗീകരിക്കുകയും സർവോപരി, അവിടത്തെ സ്നേഹിച്ചുകൊണ്ട് അവിടത്തേക്ക് തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു. അനുരഞ്ജിതനായ വ്യക്തി ദൈവത്തിൽ

എല്ലാവരുടെയും പിതാവിനെ കാണുന്നു. അതിന്റെ അനന്തരഫലമായി എല്ലാവരോടും തുറവുള്ള സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഉത്തേജിതനാവുകയും ദൈവത്തിന്റെ പുത്രനോ പുത്രിയോ ആയി സഹോദരനോ സഹോദരിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യപ്പെടുന്നു. അപരിചിതനെപ്പോലെയല്ല, എതിരാളിയെയോ ശത്രുവിനെയോ പോലെയല്ല, സ്വാഗതം ചെയ്യപ്പെടുന്നത്. അവർ ദൈവത്തിന്റെ കുടുംബത്തിൽ ഒരേ പിതാവിന്റെ പുത്രീപുത്രന്മാരാണ്. അവർ ക്രിസ്തുവിനോട് ഒട്ടിക്കപ്പെട്ടവരാകയാൽ, ദൈവപുത്രനിൽ പുത്രീപുത്രന്മാരാകയാൽ "വലിച്ചെറിയാവുന്ന" ജീവിതങ്ങളല്ല. എല്ലാ സ്ത്രീ പുരുഷന്മാരും സമത്വവും അലംഘനീയതയുമുള്ള മഹത്ത്വത്തോടുകൂടിയവരാണ്. എല്ലാവരും ദൈവത്താൽ സ്നേഹിക്കപ്പെടുന്നു. എല്ലാവർക്കും വേണ്ടി കുരിശിൽ മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിന്റെ രക്തത്താൽ എല്ലാവരും രക്ഷിക്കപ്പെട്ടിരക്കുന്നു. നമ്മുടെ സഹോദരീസഹോദരന്മാരുടെ അവസ്ഥയ്ക്കു മുമ്പിൽ ആർക്കും നിസ്സംഗരായി നില്ക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം ഇതാണ്.

**സാഹോദര്യം, അടിസ്ഥാനവും സമാധാനത്തിലേക്കുള്ള പാതയും**

4. സമാധാനത്തിന്റെ അടിസ്ഥാനവും അതിലേക്കുള്ള മാർഗവും സാഹോദര്യമാണെന്ന് ഇപ്പറഞ്ഞതിൽ നിന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. എന്റെ മുൻഗാമികൾ എഴുതിയ സാമൂഹിക ചാക്രികലേഖനങ്ങൾ ഈ വിഷയത്തിൽ ഏറെ സഹായകമാണ്. പോൾ 6-ാമൻ എഴുതിയ *ജനതകളുടെ പുരോഗതി,* ജോൺ പോൾ 2-ാമൻ എഴുതിയ *സാമൂഹിക ഔത്സുക്യം* എന്നീ ചാക്രികലേഖനങ്ങളിൽ സമാധാനത്തിനു നല്കിയതായി കാണുന്ന നിർവചനങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ജനതകളുടെ സമഗ്രവിമോചനമെന്നതാണ് സമാധാനത്തിന്റെ പുതിയപേരെന്ന് ആദ്യത്തെ ചാക്രികലേഖനത്തിൽ നാം ഗ്രഹിക്കുന്നു.[3] സമാധാനം ഐക്യദാർഢ്യത്തിന്റെ ധർമ്മമാണെന്ന് രണ്ടാമത്തേതിൽ നിന്നു നാം മനസ്സിലാക്കുന്നു.[4]

വ്യക്തികൾ മാത്രമല്ല ജനതകളും സാഹോദര്യത്തിന്റെ ചൈതന്യത്തിൽ പരസ്പരം കണ്ടുമുട്ടണമെന്ന് പോൾ 6-ാമൻ പ്രസ്താവിച്ചു. അദ്ദേഹം പറയുന്നതുപോലെ, "നാം ഈ പരസ്പരധാരണയിലും സൗഹൃദത്തിലും, ഈ വിശുദ്ധ സംസർഗത്തിൽ ഒന്നിച്ച് അധ്വാനിക്കുകയും മനുഷ്യവംശത്തിന്റെ പൊതുഭാവി പണിതുയർത്തുകയും വേണം".[5] ഒന്നാമതായി ഈ കടമ ഏറ്റവും വിശേഷാനുകൂല്യമുള്ളവരുടേതാണ്.

അവരുടെ കടമകൾ മാനുഷികവും പ്രകൃത്യതീതവുമായ സാഹോദര്യത്തിൽ വേരുറച്ചതാണ്. അത് മൂന്നുവിധത്തിൽ പ്രകാശിതമാകും. 1 ഐക്യദാർഢ്യത്തിനുള്ള കടമ. കൂടുതൽ സമ്പന്നമായ രാഷ്ട്രങ്ങൾ വികസനം കുറഞ്ഞ രാഷ്ട്രങ്ങളെ സഹായിക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. 2 സാമൂഹികനീതിയുടെ കടമ. കൂടുതൽ നീതിയുടെ അടിസ്ഥാനത്തിൽ ശക്തരും ദുർബലരും തമ്മിലുള്ള ബന്ധം വീണ്ടും ക്രമവത്കരിക്കണമെന്നാണ് ഈ നീതി ആവശ്യപ്പെടുന്നത്. 3. സാർവത്രിക പരോപകാരത്തിന്റെ കടമ. കൂടുതൽ മാനുഷികതയുള്ള ഒരു ലോകം വളർത്തിയെടുക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. ആ ലോകത്തിൽ ഓരോ വ്യക്തിക്കും എന്തെങ്കിലും കൊടുക്കാനും എന്തെങ്കിലും സ്വീകരിക്കാനുമുണ്ടാവും; അപരന്റെ വികസനത്തിനു തടസ്സമായിത്തീരുന്ന വിധത്തിൽ ഒരുവന്റെ പുരോഗതിയുണ്ടാകാതെ നോക്കും.[6]

അപ്പോൾ, സമാധാനത്തെ ഐക്യദാർഢ്യത്തിന്റെ ധർമ്മമായി പരിഗണിച്ചാൽ, അതിന്റെ പ്രധാനപ്പെട്ട അടിസ്ഥാനം സാഹോദര്യമാണെന്ന് അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല. സമാധാനം വിഭജിക്കാനാവാത്ത ഒരു നന്മയാണെന്ന് ജോൺ പോൾ രണ്ടാമൻ ഉറപ്പിച്ചു പറഞ്ഞു. ഒന്നുകിൽ അത് എല്ലാവരുടെയും നന്മയാണ്, അല്ലെങ്കിൽ ആരുടെയും നന്മയല്ല. “ഓരോ വ്യക്തിയും പൊതുനന്മയ്ക്ക് ദൃഢവും സ്ഥിരോത്സാഹമുള്ളതുമായ നിശ്ചയമെന്ന നിലയിൽ സ്വയം സമർപ്പിക്കുന്നു”.[7] എന്ന നിലയിലുള്ള ഐക്യദാർഢ്യത്താൽ നയിക്കപ്പെടണം. എങ്കിൽ മാത്രമേ ജീവിതത്തിന്റെ ഏറ്റവും ഉന്നതമായ ഗുണവും കൂടുതൽ മാനുഷികവും സുസ്ഥിരവുമായ വികസനവുമെന്ന നിലയിൽ സമാധാനം സമ്പാദിക്കാനും ആസ്വദിക്കാനും കഴിയുകയുള്ളൂ. “ലാഭത്തിനുവേണ്ടിയുള്ള ആഗ്രഹ”ത്താലോ “അധികാരത്തിനുവേണ്ടിയള്ള ദാഹ”ത്താലോ നയിക്കപ്പെടണമെന്നല്ല അതിന്റെ അർത്ഥം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിനു പകരം അവർക്കുവേണ്ടി “സ്വയം നഷ്ടപ്പെടുക”, സ്വന്തം ലാഭത്തിനുവേണ്ടി മറ്റുള്ളവരെ പീഡിപ്പിക്കുന്നതിനു പകരം” “അവർക്കു സേവനം ചെയ്യുക”. ഇതിനൊക്കെയും സന്നദ്ധതയാണ് ആവശ്യമായിരിക്കുന്നത്. “അപരനെ-വ്യക്തിയായാലും ജനമായാലും രാഷ്ട്ര മായാലും-ഒരു ഉപകരണമായി കാണാൻ പാടില്ല. തൊഴിൽശേഷിയും ശാരീരിക ശക്തിയുമുള്ളവനെ ചെറിയ കൂലികൊടുത്ത് ചൂഷണം ചെയ്യപ്പെടാവുന്നവനും ഉപയോഗശൂന്യ നാകുമ്പോൾ ഉപേക്ഷിക്കാനുള്ളവനുമായ ഉപകരണമായി കാണാൻ പാടില്ല. പിന്നെയോ ‘അയൽക്കാര’നും ‘സഹായി’യുമായി കാണണം.”[8]

നമ്മുടെ അയൽക്കാരനെ മനുഷ്യനായി മാത്രമല്ല ഒരു സഹോദരനായും സ്നേഹിക്കണമെന്ന് ക്രൈസ്തവ സ്നേഹം ഉദ്ദേശിക്കുന്നു. "സ്വന്തം അവകാശങ്ങളും മറ്റുള്ള ആരെയുംപോലെ മൗലികസമത്വവുമുള്ള മനുഷ്യജീവിയായിട്ടു മാത്രമല്ല, പിതാവായ ദൈവത്തിന്റെ സജീവപ്രതിഛായയായി, യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവനായി, പരിശുദ്ധാത്മാവിന്റെ സ്ഥിരപ്രവർത്തനത്തിൻ കീഴിൽ സ്ഥാപിക്കപ്പെട്ടവനായി സ്നേഹിക്കണമെന്നും"[9] ഉദ്ദേശിക്കുന്നു. ജോൺ പോൾ 2-ാമൻ വീക്ഷിക്കുന്നു: "ആ വിഷയത്തിൽ ദൈവത്തിന്റെ പൊതുപിതൃത്വം, ക്രിസ്തുവിൽ എല്ലാവരുടെയും സാഹോദര്യം - ദൈവപുത്രനിലുള്ള മക്കൾ - പരിശുദ്ധാത്മാവിന്റെ ജീവദായസാന്നിധ്യം എന്നിവയെക്കുറിച്ചുള്ള ബോധ മുണ്ടായിരിക്കണം. അത് ലോകത്തെ വ്യാഖ്യാനിക്കാനും (പരിവർത്തനം ചെയ്യിക്കാനും) വേണ്ടി പുതിയ സൃഷ്ടിയെന്ന ലോകവീക്ഷണം നല്കും."[10]

**സാഹോദര്യം ദാരിദ്ര്യത്തിനെതിരേ നടത്തുന്ന സമരത്തിനുള്ള മുൻവ്യവസ്ഥ**

ജനതകൾ തമ്മിലും സ്ത്രീപുരുഷന്മാർ നമ്മിലും സാഹോദര്യമില്ലാത്ത അവസ്ഥ ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണമാണെന്ന് എന്റെ മുൻഗാമി "സത്യത്തിൽ സ്നേഹം" എന്ന ചാക്രികലേഖനത്തിൽ ലോകത്തെ ഓർമ്മിപ്പിച്ചു.[11] അനേകം സമൂഹങ്ങളിൽ ബന്ധങ്ങളുടെ അഗാധമായ ദാരിദ്ര്യം നമ്മൾ അനുഭവിക്കുന്നുണ്ട്. ദൃഢമായ കുടുംബബന്ധങ്ങളും സമൂഹബന്ധങ്ങളും ഇല്ലെന്നതാണ് അതിന്റെ കാരണം. ഇന്നു വർധിച്ചുവരുന്നതായി കാണുന്ന ക്ലേശം, പാർശ്വവത്കരണം, ഒറ്റപ്പെടൽ, വിവിധതരത്തിലുള്ള മനഃശാസ്ത്രപരമായ പരാശ്രയം എന്നിവ നമ്മിൽ ഉത്കണ്ഠ ഉളവാക്കുന്നു. കുടംബങ്ങളുടെയും സമൂഹ ങ്ങളുടെയും ഹൃദയങ്ങളിൽ സാഹോദര്യപരമായ ബന്ധങ്ങളുടെ വീണ്ടും കണ്ടെത്തലും വിലമതിക്കലും കൊണ്ടുമാത്രമേ ഇത്തരത്തിലുള്ള ദാരിദ്ര്യം കീഴടക്കാനാവുകയുള്ളൂ. മനുഷ്യജീവിതത്തിന്റെ ഭാഗങ്ങളായിരിക്കുന്ന സന്തോഷങ്ങളും ദുഃഖങ്ങളും ക്ലേശങ്ങളും വിജയങ്ങളും പങ്കുവയ്ക്കുന്നതിലൂടെ അതു സാധിക്കും.

കൂടാതെ, ഒരു വശത്ത് നാം തികഞ്ഞ ദാരിദ്ര്യത്തിന്റെ ലഘൂകരണം കാണുന്നുണ്ടെങ്കിൽ മറുവശത്ത് ആപേക്ഷിക ദാരിദ്ര്യത്തിന്റെ ഗൗരവതരമായ വർധനയുണ്ടെന്ന് നാം കാണുന്നു. അതായത്, ചില പ്രത്യേക പ്രദേശങ്ങളിൽ അല്ലെങ്കിൽ നിശ്ചിതമായ ചരിത്രപരവും

സാംസ്കാരികവുമായ സാഹചര്യത്തിൽ ഒന്നിച്ചു ജീവിക്കുന്ന ജനങ്ങളുടെയും ഗ്രൂപ്പുകളുടെയും മധ്യത്തിൽ അസമത്വത്തിന്റെ സംഭവങ്ങൾ വർധിച്ചുവരുന്നു. ഈ അർത്ഥത്തിൽ സാഹോദര്യത്തിന്റെ തത്ത്വത്തെ വളർത്താൻ കാര്യക്ഷമമായ നയങ്ങൾ ആവശ്യമാണ്. മഹത്ത്വത്തിലും മൗലികാവകാശങ്ങളിലും തുല്യതയുള്ള ജനങ്ങൾക്ക് മൂലധനം, സേവനങ്ങൾ, വിദ്യാഭ്യാസസ്രോതസ്സുകൾ, ആരോഗ്യപാലനം, സാങ്കേതികവിദ്യ എന്നിവയിലേക്കുള്ള പ്രവേശനം ഉറപ്പുവരുത്തിക്കൊണ്ട് ആ തത്ത്വം നടപ്പിലാക്കണം. ഓരോ വ്യക്തിക്കും തന്റെ ജീവിതപദ്ധതി പ്രകാശിപ്പിക്കാനും സാക്ഷാത്കരിക്കാനും വ്യക്തിയെന്ന നിലയിൽ പൂർണമായി വികസിക്കാനും കഴിയുന്നതിനുവേണ്ടിയാണത്.

വരുമാനങ്ങൾ തമ്മിലുള്ള മിതമായ അസന്തുലിതാവസ്ഥ ലഘൂകരിക്കാനുള്ള നയങ്ങളും ആവശ്യമാണ്. "സാമൂഹിക പണയ"ത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം നമുക്കു മറക്കാനാവുകയില്ല. ആ പ്രബോധനം ഇങ്ങനെ പറയുന്നു: വിശുദ്ധ തോമസ് അക്വീനാസു പറയുന്നതുപോലെ "ജനങ്ങൾക്ക് സ്വത്തുക്കളുടെമേൽ ഉടമസ്ഥത ഉണ്ടായിരിക്കുക"[12] നിയമാനുസൃതമാണ്. യഥാർത്ഥത്തിൽ ആവശ്യവുമാണ്. എന്നാൽ അവയുടെ ഉപയോഗത്തെ സംബന്ധിച്ചിടത്തോളം "അവർ അവ സ്വന്തമെന്ന നിലയിൽ കൈവശം വയ്ക്കുന്നില്ല. മറ്റുള്ളവരുടേതുമായിട്ടാണ് കൈവശം വയ്ക്കുന്നത്. അവർക്ക് എന്ന പോലെ തന്നെ മറ്റുള്ളവർക്കും അവ ഉപകാരപ്പെടണമെന്ന അർത്ഥത്തിലാണത്".[13]

അവസാനമായി, സാഹോദര്യം വളർത്താനും അങ്ങനെ ദാരിദ്ര്യത്തെ കീഴടക്കാനും മറ്റൊരു വഴികൂടിയുണ്ട്. അത് മറ്റുള്ള എല്ലാറ്റിന്റെയും അടിസ്ഥാനമായിരിക്കണം. മിതവും സാരാംശപരവുമായ ജീവിതശൈലി തിരഞ്ഞെടുക്കുന്നവരുടെ ആസക്തിയില്ലായ്മയാണത്, സ്വന്തം സമ്പത്ത് പങ്കുവയ്ക്കുകയും അങ്ങനെ മറ്റുള്ളവരുമായുള്ള സഹോദരപരമായ സംസർഗം അനുഭവിക്കുകയും ചെയ്യുന്നവരുടെ ആസക്തി രാഹിത്യമാണത്. ഇത് ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും യഥാർത്ഥ ക്രൈസ്തവനായിരി ക്കുന്നതിന്റെയും അടിസ്ഥാനപരമായ കാര്യമാണ്. ദാരിദ്ര്യ വ്രതമെടുത്ത സമർപ്പിതരുടെ മാത്രം കാര്യമല്ലിത്; അയൽക്കാരുമായിട്ടുള്ള സഹോദരപരമായ ബന്ധമാണ് ഏറ്റവും വിലപ്പെട്ട നന്മയെന്നു ദൃഢമായി വിശ്വസിക്കുന്ന അനേകം കുടുംബങ്ങളുടെയും ഉത്തരവാദിത്വബോധമുള്ള പൗരന്മാരുടെയും കാര്യവുമാണത്.

### സാമ്പത്തികതയിൽ സാഹോദര്യം വീണ്ടും കണ്ടെത്തൽ

6. ഇന്ന് പണപരവും സാമ്പത്തികവുമായ ഗൗരവമുള്ള വിഷമസ്ഥിതികളുണ്ട്. ദൈവത്തിൽ നിന്നും അയൽക്കാരനിൽ നിന്നും വർധമാനമായ തോതിൽ അകന്നുകൊണ്ടിരിക്കുന്നു എന്നതാണ് അതിന്റെ ഉദ്ഭവകാരണം. ഒരുവശത്ത് ഭൗതിക വസ്തുക്കൾക്കുവേണ്ടി അത്യാഗ്രഹത്തോടെ പരിശ്രമിക്കുന്നു. മറുവശത്ത് വ്യക്ത്യന്തരബന്ധങ്ങളെയും സമൂഹപരമായ ബന്ധങ്ങളെയും ദരിദ്രമാക്കിക്കൊണ്ടിരിക്കുന്നു. ഇത് സംതൃപ്തിയും സന്തോഷവും സുരക്ഷിതത്വവും ഉപഭോഗത്തിലും സമ്പാദിക്കലിലും അന്വേഷിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ഗുണകരമായ സാമ്പത്തികതയുടെ എല്ലാ തത്ത്വങ്ങളെയും അതിക്രമിച്ച് അപ്രകാരം ചെയ്യുന്നു. ജോൺ പോൾ 2-ാമൻ മാർപാപ്പാ "യഥാർത്ഥവും വ്യക്തവുമായ ഒരപകടത്തിലേക്ക്" ശ്രദ്ധ ക്ഷണിച്ചു. "അതായത്, ലോകവസ്തുക്കളിൻമേലുള്ള മനുഷ്യന്റെ ആധിപത്യം അളവറ്റ മുന്നേറ്റം സൃഷ്ടിക്കുന്നു. അതേസമയം, അവന്റെ ആധിപത്യത്തിന്റെ സാരാംശപരമായ ചരടുകൾ അഴിയുന്നു. വിവിധ രീതികളിൽ അവന്റെ മനുഷ്യത്വത്തെ ലോകത്തിന് അടിമയാക്കുന്നു; പലതരത്തിലുള്ള ദുർവിനിയോഗങ്ങൾക്കുള്ള ഒരു വസതുവായിത്തീരുന്നു. ദുരുപയോഗം മിക്കപ്പോഴും നേരിട്ടു കാണാനാവുന്നതല്ലെങ്കിലും അങ്ങനെ സംഭവിക്കുന്നു. സമൂഹജീവിതത്തിന്റെ മുഴുവൻ സംഘാടനത്തിലൂടെയും ഉത്പാദനസമ്പ്രദായത്തിലൂടെയും സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തിലൂടെയും അങ്ങനെ സംഭവിക്കുന്നു".[14]

സാമ്പത്തികവിഷമസ്ഥിതികളുടെ തുടർച്ച കാലിക പ്രസക്തിയുള്ള ഒരു പുനർവിചാരത്തിലേക്കു നമ്മെ നയിക്കണം. സാമ്പത്തിക വികസനത്തിന്റെ മാതൃക കളെക്കുറിച്ചും ജീവിതശൈലിയുടെ മാറ്റത്തെക്കുറിച്ചുമുള്ള പുനർവിചിന്തനം തന്നെ. ഇന്നത്തെ സാമ്പത്തിക വിഷമസ്ഥിതി ജനങ്ങളുടെ ജീവിതത്തെ ഗൗരവമുള്ള രീതിയിൽ ബാധിക്കുന്നുണ്ട്. എന്നാലും ചില പുണ്യങ്ങളെ വീണ്ടും കണ്ടെത്താനുള്ള ഫലപ്രദമായ അവസരം നല്കാൻ അതു സഹായിക്കുന്നുമുണ്ട്. വിവേകം, മിതത്വം, നീതി, ശക്തി എന്നിവയാണ് ആ പുണ്യങ്ങൾ. പ്രയാസമുള്ള നിമിഷങ്ങളെ കീഴടക്കാനും നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യം കണ്ടെത്താനും അവ സഹായിക്കും. വ്യക്തിപരമായ താത്പര്യത്തെ അങ്ങേയറ്റം വലുതാക്കുന്നതിനെക്കാൾ വലുതായ ഒന്നുണ്ടെന്നും അതു മനുഷ്യന് ആവശ്യമാണെന്നും അതു നേടാൻ അവനു കഴിയുമെന്നുമുള്ള അഗാധമായ ആത്മവിശ്വാസത്തോടെ അതു കണ്ടെത്താൻ സഹായിക്കും.

സർവോപരി, മനുഷ്യമഹത്ത്വത്തിനുചേർന്ന വിധത്തിൽ സമൂഹത്തെ പടുത്തുയർത്താനും സംരക്ഷിക്കാനും അത്യാവശ്യമാണ് ആ സദ്ഗുണങ്ങൾ.

**സാഹോദര്യം യുദ്ധങ്ങളെ ഇല്ലായ്മ ചെയ്യുന്നു**

7. കഴിഞ്ഞവർഷം നമ്മുടെ അനേകം സഹോദരീസഹോദരന്മാർക്ക് യുദ്ധത്തിന്റെ നാശകരമായ അനുഭവമുണ്ടായി. അതു സാഹോദര്യത്തിൻമേൽ ഗൗരവപൂർണവും അഗാധവുമായ മുറിവ് ഏല്പിച്ചു. പൊതുവായിരിക്കുന്ന നിസ്സംഗതയുടെ ഇടയിൽ അനേകം സംഘട്ടനങ്ങൾ നടക്കുന്നുണ്ട്. ആയുധങ്ങൾ ഭീതിയും നാശവും വിതയ്ക്കുന്ന പ്രദേശങ്ങളിലുള്ള എല്ലാവർക്കും എന്റെയും മുഴുവൻ സഭയുടെയും അടുപ്പത്തെക്കുറിച്ച് ഞാൻ ഉറപ്പുനല്കുന്നു. വിസ്മരിക്കപ്പെട്ട യുദ്ധങ്ങളുടെ അരക്ഷിതരായ ഇരകൾക്ക് ക്രിസ്തുവിന്റെ സ്നേഹം പ്രദാനം ചെയ്യുകയെന്നതാണ് സഭയുടെ ദൗത്യം. സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളിലൂടെയും മുറിവേറ്റവർക്കും പട്ടിണിയനുഭവിക്കുന്നവർക്കും അഭയാർത്ഥികൾക്കും സ്ഥാനചലനമുണ്ടായവർക്കും ഭീതിയിൽ കഴിയുന്ന സകലർക്കും നല്കുന്ന, സേവനത്തിലൂടെ സഭ അങ്ങനെ ചെയ്യുന്നു. വേദനിക്കുന്നവരുടെ കരച്ചിൽ കേൾക്കാനും എല്ലാത്തരം ശത്രുതയും ദുരുപയോഗവും മൗലികമനുഷ്യാവകാശങ്ങളുടെ ലംഘനവും അവസാനിപ്പിക്കാനും നേതാക്കളോട് സഭ ഉറക്കെപ്പറയുന്നുണ്ട്.[15]

ഇതിനുവേണ്ടി, ആയുധബലംകൊണ്ട് അക്രമവും മരണവും വിതയ്ക്കുന്നവരോട് ഞാൻ ശക്തിയുക്തം അഭ്യർത്ഥിക്കുന്നു: കീഴ്പ്പെടുത്തേണ്ട ശത്രുവായി ഇന്നു നിങ്ങൾ കാണുന്ന വ്യക്തിയിൽ നിങ്ങളുടെ സഹോദരനെയോ സഹോദരിയെയോ കണ്ടുമുട്ടുക. പിൻവലിക്കുക! ആയുധങ്ങൾ ഉപേക്ഷിക്കുക. സംവാദത്തിൽ കണ്ടുമുട്ടാൻ പുറപ്പെടുക. നിങ്ങളുടെ ചുറ്റും നീതിയും വിശ്വാസവും പ്രത്യാശയും വീണ്ടും സൃഷ്ടിക്കാൻ തന്നെ! "ഈ നിലപാടിൽ നിന്ന് നോക്കുമ്പോൾ ഒരു വസ്തുത വ്യക്തമാണ്: ലോകജനതകളെ സംബന്ധിച്ചിടത്തോളം സായുധസംഘട്ടനം എപ്പോഴും അന്താരാഷ്ട്രസമന്വയത്തെ മനഃപൂർവം നിഷേധിക്കലാണ്. അഗാധമായ വിഭജനവും ആഴമുള്ള മുറിവുകളും സൃഷ്ടിക്കലാണ്. അവ സുഖപ്പെടാൻ അനേകം വർഷങ്ങൾ വേണ്ടിവരും. അന്താരാഷ്ട്ര സമൂഹം ലക്ഷ്യം വയ്ക്കുന്ന മഹത്തായ സാമ്പത്തിക -സാമൂഹിക ലക്ഷ്യങ്ങൾക്കായുള്ള പരിശ്രമത്തിന്റെ വസ്തുനിഷ്ഠമായ നിഷേധിക്കലാണു യുദ്ധങ്ങൾ.[16]

എന്നിരുന്നാലും ഇന്ന് വളരെയേറെ ആയുധങ്ങളുടെ വില്പനയും വാങ്ങിക്കലും നടക്കുന്നതുകൊണ്ട് ശത്രുതകൾ ആരംഭിക്കാനുള്ള മുടക്കുന്യായങ്ങൾ എപ്പോഴും കണ്ടെത്താൻ കഴിയും. ഇക്കാരണത്താൽ എന്റെ മുൻഗാമികൾ നടത്തിയ അഭ്യർത്ഥന ഞാൻ സ്വന്തമാക്കുകയാണ്. അതായത്, ആയുധനിർമ്മാണം നിറുത്തണമെന്നും എല്ലാ കക്ഷികളും നിരായുധരാക്കണമെന്നും ന്യൂക്ലിയർ ആയുധങ്ങളും രാസായുധങ്ങളും മുതൽ എല്ലാ ആയുധങ്ങളും നിരോധിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

സായുധസംഘട്ടനത്തിന്റെ അപകടസാധ്യതയിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാൻ അന്താരാഷ്ട്ര ഉടമ്പടികളോ ദേശീയനിയമങ്ങളോ-അവ അത്യാവശ്യവും അത്യന്തം അഭിലഷണീയവുമാണെങ്കിലും – മതിയാവുകയില്ലെന്ന് നിരീക്ഷിക്കുന്നതിൽ പരാജയപ്പെടാനാവുകയില്ല. ഒരു ഹൃദയപരിവർത്തനം ആവശ്യമാണ്. മറ്റുള്ളവരിൽ സംരക്ഷിക്കേണ്ട സഹോദരീസഹോദരന്മാരെ കാണാനും അവരോടൊപ്പം അധ്വാനിക്കാനും എല്ലാവർക്കും ജീവിതസാക്ഷാത്കാരം ലഭ്യമാക്കാനും അത് അനുവദിക്കും. സമാധാനം വളർത്തുന്നതിനുവേണ്ടി സിവിൽ സമൂഹത്തിൽ, മതസംഘടനകൾ ഉൾപ്പെടെ പല സംരംഭങ്ങളും തുടങ്ങാൻ പ്രചോദിപ്പിച്ചിട്ടുള്ളത് ഈ ചൈതന്യമാണ്. എല്ലാവരുടെയും അനുദിനസമർപ്പണം തുടർന്നും ഫലങ്ങൾ പുറപ്പെടുത്തിക്കൊണ്ടിരിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. മറ്റുള്ള എത് അവകാശത്തിന്റെയും അവശ്യമുൻവ്യവസ്ഥയെന്ന നിലയിലും മാനുഷിക മൗലികാവകാശമെന്ന നിലയിലും സമാധാനത്തിനുള്ള അവകാശം അന്താരാഷ്ട്രനിയമത്തിൽ ഉൾപ്പെടുത്തുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

**അഴിമതിയും സംഘടിത കുറ്റകൃത്യങ്ങളും സാഹോദര്യത്തെ ഭീഷണിപ്പെടുത്തുന്നു**

8. ഓരോ സ്ത്രീക്കും പുരുഷനും ജീവിത സാക്ഷാത്കാരം ആവശ്യമാണ്. ഈ ആവശ്യത്തോട് സാഹോദര്യത്തിന്റെ ചക്രവാളത്തിനു ബന്ധമുണ്ട്. ജനങ്ങളുടെ നിയമാനുസൃതമായ ആഗ്രഹങ്ങൾ-പ്രത്യേകിച്ച് ചെറുപ്രായക്കാരുടെ ആഗ്രഹങ്ങൾ – തടയുകയോ അവയെ ദ്രോഹിക്കുകയോ ചെയ്യരുത്. അവ യാഥാർത്ഥ്യമാക്കാമെന്ന ജനങ്ങളുടെ പ്രതീക്ഷയെ അപഹരിക്കരുത്. എന്നിരുന്നാലും ആഗ്രഹത്തെ അധികാര ദുരുപയോഗവുമായിക്കൂട്ടിക്കുഴയ്ക്കരുത്. മറിച്ച്, ജനങ്ങൾ പരസ്പരം വിലമതിക്കുന്നതിൽ മത്സരിക്കണം (cf റോമാ 12:10). ജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത ഒരു ഭാഗമായ വിസമ്മതിക്കലുകളിലും നമ്മൾ

എപ്പോഴും ഓർമ്മിക്കേണ്ട കാര്യമിതാണ്: നമ്മൾ സഹോദരീ സഹോദരന്മാരാണ്; അതുകൊണ്ട് നമ്മുടെ അയൽക്കാരൻ ശത്രുവോ ഒഴിവാക്കപ്പെടേണ്ട എതിരാളിയോ അല്ലെന്നു നാം തന്നെ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യണം.

സാഹോദര്യം സാമൂഹിക സമാധാനം സൃഷ്ടിക്കും. എന്തെന്നാൽ അത് സ്വാതന്ത്ര്യവും നീതിയും തമ്മിലും വ്യക്തിപരമായ ഉത്തരവാദിത്വവും ഐക്യദാർഢ്യവും തമ്മിലും വ്യക്തിയുടെ നന്മയും പൊതുനന്മയും തമ്മിലും സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. അതുകൊണ്ട് രാഷ്ട്രീയ സമൂഹം ഇതിനെയെല്ലാം അനുകൂലിക്കാൻ സുതാര്യവും ഉത്തരവാദിത്വപൂർണവുമായ രീതിയിൽ പ്രവർത്തിക്കണം. തങ്ങളുടെ സ്വാതന്ത്രത്തിനുവേണ്ടി പൊതുഅധികാരികൾ തങ്ങളുടെ പ്രതിനിധികളായിരിക്കുന്നുവെന്ന് പൗരന്മാർക്കു തോന്നണം. എന്നാലും പലപ്പോഴും പക്ഷപാതപരമായ താത്പര്യം പൗരന്മാർക്കും സ്ഥാപനങ്ങൾക്കുമിടയിൽ പൂളുവയ്ക്കുന്നു. അത് ആ ബന്ധത്തെ, സ്ഥിരസംഘർഷത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട്, വികലമാക്കും.

സ്വാതന്ത്ര്യത്തോടും സമന്വയത്തോടും കൂടി ജീവിക്കാനുള്ള ജനങ്ങളുടെ കഴിവുമായി സംഘടനമുണ്ടാക്കുന്ന വൈയക്തിക സ്വാർത്ഥതയെ സാഹോദര്യത്തിന്റെ യഥാർത്ഥ ചൈതന്യം കീഴടക്കുന്നു. അത്തരം സ്വാർത്ഥത ഇന്ന് സാമൂഹികമായി വികസിക്കുന്നുണ്ട്. ഇന്ന് ഏറെ വ്യാപകമായിരിക്കുന്ന അഴിമതിയുടെ വിവിധരൂപങ്ങളുടെ അനേകം രൂപങ്ങളിലും, കുറ്റകൃത്യങ്ങൾക്കുള്ള സംഘടനകളുടെ രൂപീകരണത്തിലും അതു വികസിക്കുന്നു. അത്തരം സംഘടനകൾ ചെറുഗ്രൂപ്പുകളായിട്ടും ആഗോളതലത്തിലും രൂപീകരിക്കപ്പെടുന്നുണ്ട്. ആ ഗ്രൂപ്പുകൾ വ്യക്തിമഹത്ത്വത്തിന്റെ കേന്ദ്രത്തെത്തന്നെ തകർത്തുകൊണ്ട് നിയമവ്യവസ്ഥയും നീതിയും തകർക്കുകയാണ്. ഈ സംഘടനകൾ ഗൗരവതരമായ വിധത്തിൽ ദൈവദ്രോഹപരമാണ്. അവ മറ്റുള്ളവരെ ദ്രോഹിക്കുന്നു, സൃഷ്ടിയെ ദ്രോഹിക്കുന്നു. അവയ്ക്ക് മതപരമായ അമിതാർത്ഥങ്ങളുണ്ടെങ്കിൽ കൂടുതലായി അങ്ങനെ ചെയ്യും.

മയക്കുമരുന്നുകളുടെ ദുരുപയോഗമാകുന്ന ഹൃദയഭേദകമായ നാടകത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. ധാർമ്മികനിയമങ്ങളോടും സിവിൾ നിയമങ്ങളോടുമുള്ള അവജ്ഞയിൽ നിന്ന് അതു ലാഭം കൊയ്യുന്നു. പ്രകൃതിവിഭവങ്ങളുടെ നശീകരണം, വർധിച്ചുവരുന്ന മലിനീകരണം, തൊഴിൽ രംഗത്തെ ചൂഷണമെന്ന ദുരന്തം എന്നിവയെക്കുറിച്ചും ഞാൻ

ചിന്തിക്കുന്നു. നിമയവിരുദ്ധമായ പണം കടത്തലിനെയും പണപരമായ ഊഹക്കച്ചവടത്തെയും ഞാൻ ഓർമ്മിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ എല്ലാ വ്യവസ്ഥിതികളെയും അവ കൊള്ളയടിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നു. ദശലക്ഷക്കണക്കിനു മനുഷ്യരെ ദരിദ്രരാക്കിക്കൊണ്ട്, അപ്രകാരം ചെയ്യുന്നു. നിഷ്കളങ്കരായ ഇരകളെ, പ്രത്യേകിച്ച് യുവജനത്തെ, അവരുടെ ഭാവിയെ കൊള്ളയടിച്ചുകൊണ്ട് അനുദിനം കൊയ്തെടുക്കുന്ന വേശ്യാവൃത്തിയെപ്പറ്റി ഞാൻ ഓർക്കുന്നു. മനുഷ്യക്കടത്തിനെക്കുറിച്ചും പ്രായപൂർത്തിയാകാത്തവർ ക്കെതിരേയുള്ള ദുരുപയോഗങ്ങളെക്കുറിച്ചും ലോകത്തിന്റെ പലഭാഗത്തുനിന്നും ഇന്നും നിലനില്ക്കുന്ന അടിമത്തത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. കുടിയേറ്റക്കാരുടെ, മിക്കപ്പോഴും അവഗണിക്കപ്പെടുന്ന ദുരന്തത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. കുടിയേറ്റക്കാർ മിക്കപ്പോഴും അപമാനകരവും നിയമവിരുദ്ധവുമായ ദുരുപയോഗത്തിന്റെ ഇരകളായിത്തീരുകയാണ്. ജോൺ പോൾ 2-ാമൻ മാർപാപ്പാ എഴുതിയതുപോലെ "അധികാരത്തിന്റെ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ഒരു സമൂഹത്തിൽ മാനുഷികമായ യാതൊന്നുമില്ല. ജനതകളുടെ വളർച്ചയും പൂർണതയും നേടാനാണ് അതു പ്രോത്സാഹിപ്പിക്കേണ്ടത്. അതാകട്ടെ അങ്ങനെ ചെയ്യുന്നതിനുപകരം പീഡനാത്മകമായിത്തീരുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യം അതു വെട്ടിച്ചുരുക്കുന്നു".[17] എന്നാലും മനുഷ്യന് മാനസാന്തരത്തിന്റെ അനുഭവമുണ്ടാകാൻ സാധിക്കും. ജീവിതത്തിനു മാറ്റം വരുത്താൻ കഴിയുകയില്ലെന്നോർത്ത് അവർ ഒരിക്കലും നിരാശപ്പെടേണ്ടാ. എല്ലാവർക്കും പ്രത്യാശയുടെയും ആത്മവിശ്വാസത്തിന്റെയും ഒരു സന്ദേശമായിരിക്കട്ടെ ഇതെന്ന് ഞാൻ ആശിക്കുന്നു. മൃഗീയമായ കുറ്റങ്ങൾ ചെയ്തവർക്കുപോലും ഇത് അപ്രകാരമായിരിക്കട്ടെ. എന്തെന്നാൽ ദൈവം പാപിയുടെ മരണം ആഗ്രഹിക്കുന്നില്ല. പിന്നെയോ അവൻ മാനസാന്തരപ്പെട്ടു ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നത് (cf എസ. 18:23).

മാനുഷികബന്ധങ്ങളുടെ വിശാലമായ സാഹചര്യത്തിൽ കുറ്റകൃത്യങ്ങളെയും ശിക്ഷയെയും പറ്റി ചിന്തിക്കുമ്പോൾ, അനേകം ജയിലുകളിലുള്ള മനുഷ്യത്വരഹിതമായ അവസ്ഥകളെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ സാധ്യമല്ല. അവിടങ്ങളിൽ കസ്റ്റഡിയിലുള്ളവരെ മിക്കപ്പോഴും മനുഷ്യത്വരഹിതമായ അവസ്ഥയിലേക്കു താഴ്ത്തുന്നു. അവരുടെ മാനുഷിക മഹത്ത്വത്തെ ലംഘിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു. പുനരധിവാസം സംബന്ധിച്ച പ്രത്യാശയെയും ആഗ്രഹത്തെയും ഞെട്ടിപ്പിക്കുന്നു. സഭ ഈ സാഹചര്യങ്ങളിൽ വളരെയേറെ സഹായം

ചെയ്യുന്നുണ്ട്. മിക്കപ്പോഴും നിശ്ശബ്ദസേവനമാണു ചെയ്യുന്നത്. കൂടുതൽ സേവനം ചെയ്യാൻ ഞാൻ ഓരോ വ്യക്തിയെയും ആഹ്വാനം ചെയ്യുന്നു, പ്രോത്സാഹിപ്പിക്കുന്നു. ഈ മണ്ഡലത്തിൽ ധീരതയുള്ള സ്ത്രീപുരുഷന്മാർ ചെയ്യുന്ന പരിശ്രമങ്ങളെ സിവിൾ അധികാരികൾ സത്യസന്ധതയോടും മാന്യതയോടും കൂടി വർധമാനമായ തോതിൽ പിന്താങ്ങുമെന്ന പ്രത്യാശയോടെയാണ് ഞാൻ അങ്ങനെ ചെയ്യുന്നത്.

**പ്രകൃതിയെ സംരക്ഷിക്കാനും വളർത്താനും സാഹോദര്യം സഹായിക്കും**

9. മനുഷ്യകുടുംബം സ്രഷ്ടാവിൽ നിന്ന് പൊതുദാനമായി പ്രകൃതിയെ സ്വീകരിച്ചു. സൃഷ്ടിയെ സംബന്ധിച്ച ക്രൈസ്തവവീക്ഷണത്തിൽ പ്രകൃതിയുടെ മേൽ നടത്തുന്ന ഇടപെടലുകളുടെ നിയമാനുസൃതത്വത്തെക്കുറിച്ച് ഭാവാത്മകമായ ഒരു വിധിത്തീർപ്പാണുള്ളത് – ആ ഇടപെടലുകൾ ഉപകാരപ്രദമായിരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും ഉത്തരവാദിത്വബോധത്തോടെ നടത്തുന്നതുമാണെങ്കിൽ അത്തരം ഇടപെടലുകൾ പ്രകൃതിയിൽ ആലേഖനം ചെയ്തിട്ടുള്ള "വ്യാകരണ"ത്തെ അംഗീകരിക്കുന്നതായിരിക്കണം. എല്ലാവരുടെയും ഉപകാരത്തിനായി ഉറവിടങ്ങൾ ജ്ഞാനപൂർവം ഉപയോഗിക്കണം. പരിസ്ഥിതി വ്യവസ്ഥയിൽ ഓരോ ജീവിക്കുമുള്ള ഉപയുക്തതയും ലക്ഷ്യവും സൗന്ദര്യവും ആദരിക്കപ്പെടണം. ഒറ്റവാക്കിൽ പറഞ്ഞാൽ പ്രകൃതി നമ്മുടെ കൈവശമാണ്. അതിൻമേൽ ഉത്തരവാദിത്വപൂർണമായ സൂക്ഷിപ്പുനടത്താൻ നാം വിളിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. എന്നാലും നമ്മൾ പലപ്പോഴും അത്യാഗ്രഹത്താലും അധീശത്വത്തിന്റെ ധിക്കാരത്താലും സമ്പാദനത്താലും ദുരുപയോഗത്താലും ചൂഷണത്താലും നയിക്കപ്പെടുന്നു; നാം പ്രകൃതിയെ സംരക്ഷിക്കാതിരിക്കുന്നു; ആദരിക്കാതിരിക്കുന്നു. നമ്മൾ സംരക്ഷിക്കുകയും വരും തലമുറകൾ ഉൾപ്പെടെയുള്ള നമ്മുടെ സഹോദരീ സഹോദരന്മാർക്കുള്ള സേവനത്തിനായി മാറ്റിവയ്ക്കുകയും ചെയ്യേണ്ട അനുഗ്രഹപൂർണമായ ദാനമായി അതിനെ കരുതാതിരിക്കുന്നു.

കാർഷികമേഖല പ്രത്യേകമാംവിധം പ്രാഥമിക ഉത്പാദകമേഖലയാണ്. കൃഷിചെയ്യാനും മനുഷ്യവംശത്തെ തീറ്റിപ്പോറ്റാൻ വേണ്ടി പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനുമുള്ള നിർണായകമായ വിളിയോടു കൂടിയതാണത്. ഈ വിഷയത്തിൽ ലോകത്തിലെ വിശപ്പിന്റെ തുടർന്നുകൊണ്ടിരിക്കുന്ന അപമാനത്തെ സംബന്ധിച്ച് ഒരു ചോദ്യം നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ പ്രേരിതനാകുന്നു: നാം ഭൂമിയിലെ

വിഭവങ്ങൾ എങ്ങനെയാണ് ഉപയോഗിക്കുന്നത്? ഉത്പാദനം ലക്ഷ്യം വയ്ക്കുന്ന മുൻഗണനകളുടെ ഹൈരാർക്കിയെക്കുറിച്ച് സമകാലീനസമൂഹങ്ങൾ ചിന്തിക്കണം. എല്ലാവരും വിശപ്പിൽ നിന്ന് സ്വതന്ത്രരാകത്തക്കവിധം ഭൂമിയിലെ വഭവങ്ങൾ ഉപയോഗിക്കുക യഥാർത്ഥത്തിൽ ഒരു അടിയന്തിര കടമയാണ്. സംരംഭങ്ങളും സാധ്യമായ പരിഹാരമാർഗങ്ങളും ധാരാളമുണ്ട്. അവ ഉത്പാദനത്തിന്റെ വർധനയിൽ മാത്രം പരിമിത പ്പെടുത്തിയിട്ടുള്ള വയല്ല. ഇന്നത്തെ ഉത്പാദനം മതിയാകുന്നതാണെന്നതു സുപ്രസിദ്ധമാണ്. എന്നിട്ട് ദശലക്ഷക്കണക്കിനു മനുഷ്യർ വിശപ്പ് അനുഭവിക്കുകയും മരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇത് യഥാർത്ഥ ഉതപ്പാണ്. അതുകൊണ്ട് ഭൂമിയിലെ ഫലങ്ങൾ എല്ലാവർക്കും ഉപകാരപ്പെടാനുള്ള വഴികൾ നമ്മൾ കണ്ടെത്തണം. കൂടുതലുള്ളവരും അപ്പക്കഷണങ്ങൾ കൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടവരും തമ്മിലുള്ള വിടവ് വർധിക്കാതിരി ക്കാൻ വേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇത് സർവോപരി നീതിയുടെയും സമത്വത്തിന്റെയും ഓരോ മനുഷ്യജീവിയോടുമുള്ള ആദരവിന്റെയും പ്രശ്നമായതുകൊണ്ടുകൂടിയാണ്. ഈ വിഷയത്തിൽ എല്ലാ വസ്തുക്കൾക്കും അത്യാവശ്യമായ സാർവത്രിക ലക്ഷ്യത്തെപ്പറ്റി എല്ലാവരെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയുടെ സമൂഹികപ്രബോധനത്തിൽ ഒരു മൗലികതത്ത്വമാണത്. ഈ തത്ത്വത്തോടുള്ള ആദരം സാരാംശപരമായിട്ടുള്ള ഒരു വ്യവസ്ഥയാണ്. ഓരോ വ്യക്തിക്കും ആവശ്യമുള്ളതും ലഭിക്കാൻ അവകാശമുള്ളതുമായ സാരാംശപരവും പ്രാഥമികവുമായ വസ്തുക്കൾ കാര്യക്ഷമമായും നീതിപൂർവകമായും ലഭിക്കാൻ എളുപ്പമാക്കുകയെന്നതാണ് ആ വ്യവസ്ഥ.

**ഉപസംഹാരം**

10. സാഹോദര്യം നാം കണ്ടെത്തുകയും സ്നേഹിക്കുകയും അനുഭവിക്കുകയും പ്രഘോഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും വേണം. എന്നാൽ ദൈവത്തിൽ നിന്ന് ദാനമായി കിട്ടിയിട്ടുള്ള സ്നേഹം മാത്രമേ സാഹോദര്യം സ്വീകരിക്കാനും പൂർണമായി അനുഭവിക്കാനും നമ്മെ കഴിവുള്ളവരാക്കുകയുള്ളൂ.

രാഷ്ട്രീയത്തിനും സാമ്പത്തികതയ്ക്കും അത്യാവശ്യമായിരിക്കുന്ന യഥാർത്ഥവാദത്തെ, ആദർശ ങ്ങളില്ലാത്തതും മനുഷ്യന്റെ പ്രകൃത്യതീതമാനത്തെ ആദരിക്കാത്തതുമായ കേവലം സാങ്കേതിക വൈദഗ്ധ്യമായി ചുരുക്കൻ പാടില്ല. ദൈവത്തോടുള്ള ഈ തുറവ്

ഇല്ലാതിരിക്കുമ്പോൾ ഓരോ മാനുഷികപ്രവൃത്തിയും ദിരദ്രമാക്കപ്പെടും; വ്യക്തികൾ ചൂഷണം ചെയ്യപ്പെടാവുന്ന വസ്തുക്കളായി മാറും. ഓരോ സ്ത്രീയെയും പുരുഷനെയും സ്നേഹിക്കുന്ന ദൈവത്താൽ ഉറപ്പാക്കപ്പെട്ട വിസ്തൃതസ്ഥലത്ത് ചലിക്കാൻ തുറവുള്ളതായിരിക്കണം രാഷ്ട്രീയവും സാമ്പത്തികതയും. എങ്കിൽ മാത്രമേ സാഹോദര്യപരമായ സ്നേഹത്തിന്റെ യഥാർത്ഥ ചൈതന്യത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു ക്രമം അവയ്ക്കു നേടാൻ കഴിയൂ; സമഗ്രമായ മനുഷികവികസനത്തിന്റെയും സമാധാനത്തിന്റെയും കാര്യക്ഷമതയുള്ള ഉപകരണങ്ങളാകാൻ കഴിയൂ.

സഭയിൽ നമ്മൾ എല്ലാവരും ഒറ്റ ശരീരത്തിന്റെ അവയവങ്ങളാണെന്നും പരസ്പരം ആവശ്യമുള്ളവരാണെന്നും ക്രൈസ്തവരായ നമ്മൾ വിശ്വസിക്കുന്നു. എന്തെന്നാൽ പൊതുനന്മയ്ക്കുവേണ്ടി ക്രിസ്തുവിന്റെ ദാനത്തിന്റെ അളവനുസരിച്ച് ഓരോ വ്യക്തിക്കും ഒരു കൃപ നല്കപ്പെട്ടിട്ടുണ്ട് (cf എഫേ 4:7,25, 1 കോറി 12:7). നമുക്കു ദൈവിക കൃപ നല്കാൻ വേണ്ടി, അതായത്, അവിടത്തെ ജീവിതത്തിൽ പങ്കുചേരാനുള്ള സാധ്യത നല്കാൻ വേണ്ടി, ക്രിസ്തു വന്നു. സാഹോദര്യപരമായ ബന്ധങ്ങളുടെ ഒരു ഫാബ്രിക് നെയ്തെടുക്കണം. അത് പാരസ്പര്യം, ക്ഷമിക്കൽ, സമ്പൂർണമായ ആത്മദാനം എന്നിവയാൽ മുദ്രിതമായിരിക്കണം. എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുന്ന ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിൽ മനുഷ്യവംശത്തിനു നല്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തിനുള്ള വീതിയും ആഴവുമനുസരിച്ചായിരിക്കണം അങ്ങനെ ചെയ്യുന്നത്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:34-35). ഇതാണ് സദ് വാർത്ത. ഓരോരുത്തനിൽ നിന്നും ഇത് ഒരു കാര്യം ആവശ്യപ്പെടുന്നു: ഒരടി മുന്നോട്ടു നിങ്ങുക, സഹാനുഭൂതിയുടെ ശാശ്വതാഭ്യാസനമായി, മറ്റുള്ളവരുടെ, എന്നിൽ നിന്ന് ഏററവും അകന്നിരിക്കുന്ന വരുടെയും, സഹനവും പ്രത്യാശകളും ശ്രദ്ധിക്കുന്നതിൽ ഒരടി മുന്നോട്ടുവയ്ക്കുക. നമ്മുടെ എല്ലാ സഹോദരീ സഹോദരന്മാരുടെയും നന്മയ്ക്കായി തന്നെത്തന്നെ സ്വതന്ത്രമായി നല്കുന്നതും ചെലവിടുന്നതും എങ്ങനെയെന്നറിയുന്ന ആ സ്നേഹത്തിന്റെ നിർബന്ധപൂർവകമായ വഴിയിലൂടെ നടന്നുകൊണ്ട് അങ്ങനെ ചെയ്യുക.

ക്രിസ്തു മനുഷ്യവംശത്തെ മുഴുവനും ആശ്ലേഷിക്കുന്നു; ആരും നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു: "ദൈവം തന്റെ പുത്രനെ

ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല, പ്രത്യുത അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). ഹൃദയത്തിന്റെയും മനസ്സിന്റെയും വാതിലുകൾ തനിക്കായി തുറന്നു തരാൻ ആരെയും പീഡിപ്പിക്കാതെയും ഞെരുക്കാതെയുമാണ് അവിടന്ന് ആവശ്യപ്പെടുന്നത്. ക്രിസ്തു പറയുന്നു: "നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം... ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്"(ലൂക്കാ 22:26-27). അതുകൊണ്ട് ഓരോ പ്രവർത്തനവും വ്യക്തികൾക്കുള്ള പ്രത്യേകിച്ച്, ഏറ്റവും അകലെയുള്ളവരും അല്പം മാത്രം അറിയുന്നവരുമായ വ്യക്തികൾക്കുള്ള, സേവനത്തിന്റെ മനോഭാവത്താൽ വിശിഷ്ടമാക്കപ്പെട്ടിരിക്കണം. സമാധാനം പടുത്തുയർത്തുന്ന ആ സാഹോദര്യത്തിന്റെ ആത്മാവ് സേവനമാണ്.

യേശുവിന്റെ അമ്മയായ മറിയം അവളുടെ പുത്രന്റെ ഹൃദയത്തിൽ നിന്നു പൊട്ടിപ്പുറപ്പെടുന്ന സാഹോദര്യം മനസ്സിലാക്കാനും അതനുസരിച്ചു ജീവിക്കാനും നമ്മെ സഹായിക്കട്ടെ. അങ്ങനെ നമ്മുടെ പ്രിയപ്പെട്ട ഈ ഭൂമിയിൽ ഓരോ വ്യക്തിക്കും സമാധാനം ലഭിക്കുമാറാകട്ടെ.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2013
**ഫ്രാൻസിസ് മാർപാപ്പാ**

## 2014 ഫെബ്രുവരി 9
# തിരുബാലസഖ്യദിനം

**കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ
പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആഗോള കത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷൻ ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ തിരുബാലസഖ്യത്തിന് രൂപം കൊടുക്കുകയും 1922-ൽ 10-ാം പീയൂസ് പാപ്പ, ഇതിനെ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർത്തുകയും ചെയ്തു. 11-ാം പീയൂസ് മാർപാപ്പ, 1950-ലാണ് ഫെബ്രുവരി രണ്ടാം ഞായറാഴ്ച തിരുബാലസഖ്യദിനമായി ആഗോളസഭ ആചരിക്കണമെന്ന് നിഷ്കർഷിച്ചത്.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ''ശുഭമായ ഭാവിക്കു'' വേണ്ടിയുള്ള ദൈവിക പദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കന്മാർ ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

3. ഒന്നാമത്, കുട്ടികൾ "പാറമേൽ പണിത ഭവനങ്ങൾ" പോലെയാകണം. മാതാപിതാക്കന്മാരുടെ വിശ്വാസ തീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. രണ്ടാമത്, ഒരു സമർപ്പണ ചിന്തയാണ്. "വളർത്തുന്നവൻ ദൈവമാണ്" എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോടു ചേർന്ന് അധ്യാപകരും കുട്ടികളെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക്

ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനുസഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കന്മാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്. സോഷ്യൽ മീഡിയ യിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കന്മാരും ശ്രദ്ധിക്കണം.

7. സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽ നിന്ന് കുട്ടികളെ ഒഴിവാക്കി നിറുത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നില്ക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

8. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ 'തിരുബാല്യ'ത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദര ങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസംഖ്യ ദിനത്തിൽനമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2013 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പി ക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയ ങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ലോകരോഗീദിനസന്ദേശം

## 11 ഫെബ്രുവരി 2014

### ഇരുപത്തിരണ്ടാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### വിശ്വാസവും പരസ്നേഹവും: "സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ നാം തയ്യാറായിരിക്കണം" (1 യോഹ 3:16)

**പ്രിയ സഹോദരീസഹോദരന്മാരേ,**

1. ഇരുപത്തിരണ്ടാമത്തെ ലോകാരോഗ്യദിനാചരണം നടത്തുന്ന സന്ദർഭമാണിത്. ഈ വർഷം അതിന്റെ പ്രമേയം വിശ്വാസവും പരസ്നേഹവും: "സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ നാം തയ്യാറായിരിക്കണം" (1 യോഹ 3:16) എന്നതാണ്. ഈ സന്ദർഭത്തിൽ രോഗികളെയും അവരെ പരിചരിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർമ്മിക്കുന്നു. രോഗികളേ, സഹിക്കുന്ന ക്രിസ്തുവിന്റെ സവിശേഷ സന്നിധ്യം സഭ നിങ്ങളിൽ കണ്ടെത്തുന്നുണ്ട്. ഇത് സത്യമാണ്. നമ്മുടെ സഹനത്തിൽ ക്രിസ്തുവിന്റെ സഹനവുമുണ്ട്. സഹനഭാരം അവിടന്ന് വഹിക്കുന്നു. അതിന്റെ അർത്ഥം നമുക്കു വെളിപ്പെടുത്തുകയും ചെയ്യുന്നു. ദൈവപുത്രൻ ക്രൂശാരോഹണം ചെയ്തപ്പോൾ അവിടന്ന് സഹനത്തിന്റെ ഏകാന്തത അവസാനിപ്പിച്ചു. അതിന്റെ ഇരുട്ടിൽ വെളിച്ചം പരത്തുകയും ചെയ്തു. അങ്ങനെ ദൈവസ്നേഹമെന്ന രഹസ്യത്തിന്റെ മുമ്പിൽ നാം നമ്മെത്തന്നെ കണ്ടെത്തുന്നു. അതു നമുക്ക് പ്രത്യാശയും ധൈര്യവും നല്കുന്നു. ദൈവസ്നേഹത്തിന്റെ പദ്ധതിയിൽ വേദനയുടെ രാത്രിപോലും ഈസ്റ്ററിന്റെ പ്രകാശത്തിനു വഴിമാറുന്നുവെന്നതുകൊണ്ട് പ്രത്യാശ നല്കുന്നു. അവിടന്നുമായുള്ള ഐക്യം ഏതു പ്രയാസത്തെയും നേരിടാൻ നമ്മെ ശക്തരാക്കുന്ന ധൈര്യവും നല്കുന്നു.

2. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ രോഗവും സഹനവും മാനുഷികാനുഭവത്തിൽ നിന്ന് മാറ്റിക്കളഞ്ഞില്ല. എന്നാൽ അവ സ്വയം ഏറ്റെടുത്തുകൊണ്ട് അവയ്ക്ക് പുതിയ അർത്ഥം നല്കി. കാരണം, അവ ഇനിമേൽ അവസാനവാക്കല്ല. നവീനവും സമൃദ്ധവുമായ ജീവനാണ്. അവയെ അവിടന്ന് പരിവർത്തനം ചെയ്യിച്ചു. കാരണം, ക്രിസ്തുവിനോടൊപ്പമായിരിക്കുമ്പോൾ അവ നിഷേധാത്മകമല്ല. ഭാവാത്മകമാണ്. യേശു മാർഗമാണ്. അവിടത്തെ ആത്മാവിനോടുകൂടെ നമുക്ക് അവിടത്തെ അനുഗമിക്കാൻ കഴിയും. പിതാവ് സ്നേഹം മൂലം നമുക്ക് പുത്രനെ നല്കി. പുത്രൻ അതേ സ്നേഹംമൂലം തന്നെത്തന്നെ നമുക്കു നല്കി. അതുകൊണ്ട് ദൈവം നമ്മെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കാൻ നമുക്കു സാധിക്കും. പരസ്പരം ജീവൻ നല്കികൊണ്ട് അങ്ങനെ ചെയ്യാൻ കഴിയും. ദൈവത്തിലുള്ള വിശ്വാസം നന്മയായിത്തീരുന്നു. ക്രൂശിതനായ ക്രിസ്തുവിലുള്ള വിശ്വാസം ശത്രുക്കളെപ്പോലും അവസാനം വരെ സ്നേഹിക്കാനുള്ള ശക്തിയായിത്തീരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ യഥാർത്ഥ തെളിവ് ആത്മദാനം നടത്തുന്നതും അയൽക്കാരിൽ, പ്രത്യേകിച്ച് അർഹതയില്ലാത്തവരിലും സഹിക്കുന്നവരിലും പാർശ്വവത്കരിക്കപ്പെട്ടവരിലും സ്നേഹം വ്യാപിപ്പിക്കുന്നതുമാണ്.

3. മാമ്മോദീസയുടെയും സ്ഥൈര്യലേപനത്തിന്റെയും ശക്തിയാൽ നാം ക്രിസ്തുവിനോട് അനുരൂപപ്പെടാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് സഹിക്കുന്ന സകലർക്കും നല്ല സമരായനാണ്. "ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു (1 യോഹ 3:16). ശുശ്രൂഷ ആവശ്യമുള്ളവരിലേക്ക് മൃദുലസ്നേഹത്തോടെ നാം അടുക്കുമ്പോൾ ലോകത്തിന്റെ വൈരുധ്യങ്ങളിലേക്ക് പ്രത്യാശയും ദൈവത്തിന്റെ പുഞ്ചിരിയും നാം കൊണ്ടുവരുകയാണ്. മറ്റുള്ളവർക്കായി ചെയ്യുന്ന ഉദാരതാപൂർണമായ പ്രവൃത്തി നമ്മുടെ മുഖമുദ്രയായിരിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ഹൃദയത്തിനു വഴിയൊരുക്കുന്നു. അതിന്റെ പ്രകാശത്തിൽ ചൂടുള്ളതാകുന്നു. അങ്ങനെ ദൈവരാജ്യസമാഗമനത്തിന് സഹായം ചെയ്യുന്നു.

4. മൃദുലസ്നേഹത്തിലും ആദരപൂർവകവും സംവേദനക്ഷമവുമായ പരസ്നേഹത്തിലും വളരുന്നതിന് വേണ്ടി ധ്യാനിക്കാനുള്ള

സുനിശ്ചിതമായ ഒരു ക്രൈസ്തവമാതൃകയുണ്ട്. യേശുവിന്റെ അമ്മയും നമ്മുടെ അമ്മയുമായ മറിയമാണത്. ദൈവത്തിന്റെ ശബ്ദവും തന്റെ മക്കളുടെ ആവശ്യങ്ങളും ക്ലേശങ്ങളും എല്ലായ്പ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നവളാണ് മറിയം. അവൾ തന്റെ ഉദരത്തിൽ മനുഷ്യശരീരംപൂണ്ട ദൈവകരുണയാൽ നിർബന്ധിക്കപ്പെട്ട് തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ കാണാനും അവളെ സഹായിക്കാനും വേണ്ടി ഗലീലിയിൽ നിന്ന് യൂദായിലേക്ക് നിസ്വാർത്ഥതയോടെ പോയി. കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞുതീർന്നുപോയെന്നറിഞ്ഞപ്പോൾ അവൾ തന്റെ മാധ്യസ്ഥ്യം യാചിച്ചു. ഒരു വാൾ അവളുടെ ഹൃദയത്തിൽ തുളച്ചുകയറുമെന്ന് വൃദ്ധനായ ശിമയോൻ പറഞ്ഞ വാക്കുകൾ അവൾ ജീവിതതീർത്ഥാടനത്തിൽ മുഴുവനും ഹൃദയത്തിൽ വഹിച്ചു. അവൾ സുസ്ഥിരശക്തിയോടെ യേശുവിന്റെ കുരിശിൻചുവട്ടിൽ നിന്നു. അവൾക്ക് മാർഗം അറിയാം. ഇക്കാരണത്താൽ രോഗികളും സഹിക്കുന്നവരുമായ എല്ലാവരുടെയും അമ്മയാണവൾ. ആത്മധൈര്യത്തോടും മക്കൾക്കടുത്ത ഭക്തിയോടും കൂടി അവളിലേക്കു തിരിയാം. നമ്മെ അവൾ സഹായിക്കുകയും പിന്താങ്ങുകയും ചെയ്യുമെന്നും നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും തീർച്ചപ്പെടുത്തിക്കൊണ്ട് അങ്ങനെ ചെയ്യാം. ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ അമ്മയാണ് അവൾ. അവൾ നമ്മുടെ കുരിശുകളുടെ അരികേ നില്ക്കുന്നു. ഉയിർപ്പിലേക്കും ജീവന്റെ പൂർണതയിലേക്കുമുള്ള നമ്മുടെ യാത്രയിൽ അവൾ നമ്മോടൊപ്പം സഞ്ചരിക്കുന്നു.

5. കുരിശിൻ ചുവട്ടിൽ മറിയത്തോടൊപ്പം നിന്ന ശിഷ്യനായ വിശുദ്ധ യോഹന്നാൻ വിശ്വാസത്തിന്റെയും പരസ്നേഹത്തിന്റെയും ഉറവിടത്തിലേക്ക് നയിക്കുന്നു. സ്നേഹമാകുന്ന (1 യോഹ 4:8,16) ദൈവത്തിന്റെ ഹൃദയത്തിലേക്കു നയിക്കുന്നു. നമ്മുടെ സഹോദരീസഹോദരന്മാരെ നാം സ്നേഹിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. മറിയത്തോടൊപ്പം കുരിശിൻചുവട്ടിൽ നില്ക്കുന്നവർ യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ പഠിക്കുന്നു. കുരിശ് "ദൈവത്തിനു നമ്മോടുള്ള വിശ്വസ്ത സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പാണ്. മഹത്തായ ആ സ്നേഹം നമ്മുടെ പാപത്തിലേക്കു പ്രവേശിക്കുകയും അതു ക്ഷമിക്കുകയും ചെയ്യുന്നു. അത് നമ്മുടെ സഹനത്തിലേക്കു പ്രവേശിക്കുകയും സഹിക്കാനുള്ള ശക്തി നമുക്കു

നല്കുകയും ചെയ്യുന്നു. മരണത്തിലേക്കു പ്രവേശിക്കുകയും അതിനെ കീഴടക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്യുന്ന സ്നേഹ മാണത്. ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെടുന്നതിന് സ്വയം അനുവദിക്കാൻ അവിടത്തെ കുരിശു നമ്മെ ക്ഷണിക്കുന്നു. മറ്റുള്ളവരെ പ്രത്യേകിച്ച് സഹിക്കുന്നവരെയും സഹായം ആവശ്യമുള്ളവരെയും കരുണയോടും വാസ്തല്യത്തോടും കൂടി എപ്പോഴും നോക്കാൻ നമ്മെ പഠിപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു" (യുവജനങ്ങളോടൊപ്പമുള്ള കുരിശിന്റെ വഴി, റിയോഡി ജനീറോ 26 ജൂലൈ 2013).

ഇരുപത്തിരണ്ടാം ലോകരോഗീദിനാചരണം കന്യകാമറിയത്തിന്റെ മധ്യസ്ഥതയ്ക്കു ഞാൻ സമർപ്പിക്കുന്നു. ക്ലേശങ്ങൾ യേശുവിനോടൊപ്പം സഹിക്കാൻ രോഗികളെ സഹായിക്കുന്നതിന് ഞാൻ അവളോടു പ്രാർത്ഥിക്കുന്നു. രോഗികളെ പരിചരിക്കുന്ന എല്ലാവരെയും സഹായിക്കാനും ഞാൻ അവളോട് പ്രാർത്ഥിക്കുന്നു. എല്ലാ രോഗികൾക്കും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവർക്കും, അവരെ സഹായിക്കുന്ന സന്നദ്ധസേവകർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന് 6 ഡിസംബർ 2013

**ഫ്രാൻസിസ് മാർപാപ്പാ**

**2620/2013 C- 11**
**19.12.2013**

# സർക്കുലർ

സ്നേഹമുള്ള ബഹു. വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ക്രിസ്തുമസ്സിന്റെ സന്തോഷവും സ്നേഹവും ഞാൻ സ്നേഹപൂർവ്വം നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.

ക്രിസ്തുമസ്സിന്റെ സന്തോഷം എല്ലാവരുമായി പങ്കിടുവാൻ തൃശ്ശൂർ പട്ടണത്തിൽ വച്ച് നടക്കുന്ന *Buon Natale'* (*ബൊൺ നത്താലേ* = Merry Christmas) എന്ന സാംസ്കാരിക ഘോഷയാത്രയെകുറിച്ച് അറിയിക്കുവാനും നിങ്ങളുടെ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുവാനുമാണ് ഞാൻ ഈ സർക്കുലർ എഴുതുന്നത്.

2013 ഡിസംബർ 27 വെള്ളിയാഴ്ച വൈകിട്ട് 4:30ന് തൃശ്ശൂർ സേക്രട്ട് ഹാർട്ട് കോൺവെന്റ് സ്കൂളിൽ നിന്നാണ് ഈ ഘോഷയാത്ര ആരംഭിക്കുന്നത്. സ്വരാജ് റൗണ്ട് ചുറ്റി തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ ഘോഷയാത്ര അവസാനിക്കും. തുടർന്ന് മത-സാംസ്കാരിക ജനപ്രതിനിധികൾ പങ്കെടുക്കുന്ന പൊതു സമ്മേളനം നടത്തുന്നു. ക്രിസ്തുമസ്സ് കരോൾ ഗാനമേളയോടുകൂടി വൈകിട്ട് 8 മണിക്ക് പരിപാടികൾ സമാപിക്കും. ഘോഷയാത്രയിൽ ക്രിസ്തുമസ്സ് സാന്താക്ലോസ്മാരും കരോൾ സംഘങ്ങളും മാലാഖമാരുടെ വേഷമണിഞ്ഞവരും ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട ടാബ്ലോകളും ഫ്ളോട്ടുകളും ഉണ്ടായിരിക്കും. ഘോഷയാത്രയിൽ നമ്മുടെ പള്ളികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പരമാവധി ക്രിസ്തുമസ്സ് പപ്പമാരെയും മാലാഖമാരുടെ വേഷമണിഞ്ഞവരെയും കരോൾ സംഘങ്ങളെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും സ്ഥാപനഡയറക്ടർമാരും താത്പര്യമെടുക്കുന്നതിന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

തൃശൂർ പട്ടണത്തിൽ ആദ്യമായാണ് ഇത്തരമൊരു ക്രിസ്തുമസ് ആഘോഷം നടത്തപ്പെടുന്നത്. ഒരുപാട് ആഘോഷങ്ങൾ അരങ്ങേറുന്ന സാംസ്കാരിക തലസ്ഥാനത്തിന് ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടത്തപ്പെടുന്ന ഈ പരിപാടി തീർച്ചയായും വലിയൊരു മുതൽക്കൂട്ടാകും. സകലജനത്തിനും സന്തോഷം നൽകിയ സദ്വാർത്ത, യേശുവിന്റെ തിരുജനനം

പട്ടണത്തിൽ മതസൗഹാർദ്ദത്തിന്റെ ആഘോഷമാക്കുവാനും സർവ്വവിഭാഗം ജനങ്ങളുമായി ക്രിസ്തുമസ്സ് സന്തോഷം പങ്കിടുവാനും കാരണമാകുമെന്നാണ് കരുതുന്നത്. ഘോഷയാത്ര കാണുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇടവകയിൽ നിന്ന് ധാരാളം പേരെ പങ്കെടുപ്പിക്കുന്നതിന് വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. നിങ്ങളുടെ എല്ലാവരുടെയും നിർല്ലോഭമായ സഹകരണം ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ക്രിസ്തുമസ്സ് ദിനത്തിലെ സമ്മാനം കഴിഞ്ഞ വർഷത്തെപോലെ നാം കാരുണ്യനിധിവഴി പാവപ്പെട്ടവരെ സഹായിക്കാൻ ഉപയോഗിക്കുന്നു. ഈ വർഷം പ്രത്യേകമായി ക്രൈസ്റ്റ് വില്ല പൂവർ ഹോമിനെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത്. ക്രിസ്തുമസ്സ് കവർ വഴി കാരുണ്യനിധിയിലേക്ക് സംഭാവന നൽകുവാൻ ഏവരെയും പ്രോത്സാഹിപ്പിക്കുമല്ലോ.

ക്രിസ്തുമസ്സ് - നവവത്സര ആശംസകളോടെ

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലർ 22.12.2013ന് വി. കുർബാന മധ്യേ ജനങ്ങളുടെ അറിവിലേക്കായി വായിക്കേണ്ടതാണ്.

+AT

# മദ്യവിരുദ്ധ ഞായർ
## 26, ജനുവരി 2014

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

### മദ്യവ്യാപാരം മരണവ്യാപാരം

ദൈവികച്ഛായയിൽ നന്മയിലേക്ക് മിഴിതുറന്ന മനുഷ്യൻ; സൃഷ്ടിയുടെ മകുടമായി മെനഞ്ഞെടുക്കപ്പെട്ടവൻ; പ്രപഞ്ചത്തെയും പ്രപഞ്ച വസ്തുക്കളെയും ദൈവം വിശ്വസിച്ചേല്പിച്ച് അനുഗ്രഹിച്ചവൻ. എത്ര മഹത്തായ ജീവിതമാണ് മനുഷ്യന് ലഭിച്ചിരിക്കുന്നതു! എത്ര ഉദാത്തമായ ജീവനാണ് മനുഷ്യൻ സ്വീകരിച്ചിരിക്കുന്നതു! ഈ മനുഷ്യനെ നോക്കി ദൈവം പറയുന്നു: നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനും ആണ് (ഏശയ്യ 43:4) ബഹുമാന്യനായവൻ അതിന്റെ മഹത്ത്വം തിരിച്ചറിയാതെ വന്നാലോ? ദൈവത്തിനു പ്രിയപ്പെട്ടവൻ മനുഷ്യരാൽ വെറുക്കപ്പെട്ടവനായാലോ? സ്വന്തം ജീവന്റെയും ജീവിതത്തിന്റെയും മൂല്യം തിരിച്ചറിയാതെ വന്നാലോ? അവൻ തകർന്നടിയും. സവിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങളെക്കാൾ താഴെ അവൻ എത്തപ്പെടും.

ലഹരിയുടെ വലയത്തിൽ അലിഞ്ഞ് ഇല്ലാതാകുന്ന ജീവിതങ്ങളെ തിരികെ പിടിക്കുവാനും പുതു തലമുറയെ ലഹരിക്കയത്തിലേക്കുള്ള യാത്രയിൽ നിന്നും പിൻതിരിപ്പിക്കുവാനും ലഹരി സമൃദ്ധമായി ലഭ്യമാകുന്ന സാഹചര്യങ്ങൾക്കെതിരേ പ്രതികരിക്കുവാനും പ്രതിരോധിക്കുവാനുമുള്ള കേരള കത്തോലിക്കാ സഭയുടെ പ്രവാചക ധർമ്മം ഒരിക്കൽകൂടി പ്രഖ്യാപിക്കപ്പെടുകയാണ് ഇവിടെ. 2014 ജനുവരി 26 കേരളസഭ മദ്ധ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്ന ഈ പശ്ചാത്തലത്തിൽ ലഹരിവിരുദ്ധ മനസ്സാക്ഷിയോടെ ജീവിക്കുവാനും പ്രവർത്തിക്കുവാനും പ്രതികരിക്കുവാനുമുള്ള നമ്മുടെ ഉത്തരവാദിത്വം ഒരിക്കൽകൂടി ഓർമിപ്പിക്കുകയാണിവിടെ.

വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യങ്ങളിൽ ഞെരുക്കപ്പെട്ട് എത്രകാലം ജീവിക്കുവാൻ കഴിയും? ഇന്നലെകളുടെ നീറുന്ന സ്പർശനമില്ലാത്തവിധം, നാളയെക്കുറിച്ച് പ്രതീക്ഷകളില്ലാതെ ഒരാൾക്ക് എങ്ങനെ ജീവിക്കുവാൻ കഴിയും? പ്രതീക്ഷകൾ അസ്തമിച്ചു തുടങ്ങുന്നു എന്നു തോന്നിക്കുന്ന ഈ ലോകത്തെ നോക്കി ഫ്രാൻസിസ് പാപ്പാ ചോദിക്കുന്ന ഈ ചോദ്യം കേരളസമൂഹത്തെ ബാധിക്കുന്ന ഒന്നാണ്. മദ്യാസക്തിയും ലഹരിസംസ്കാരവും ആധിപത്യമുറപ്പിക്കുവാൻ മത്സരിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ ജനത്തെ ദുരന്തം നിറഞ്ഞ ഇന്നലെകളിൽ നിന്നും മോചിപ്പിക്കുവാനും ശോഭനമായ ഭാവി സ്വപ്നം കാണാൻ പാകത്തിൽ പ്രതീക്ഷയുള്ളവരാക്കുവാനും നമുക്ക് കടമയുണ്ട്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക്, തകർച്ചകൾ അനുഭവിക്കുന്നവരിലേക്ക് എത്തുവാനുള്ള പാപ്പായുടെ ആഹ്വാനം ഈ കാലഘട്ടത്തിന്റെ പ്രവാചക സ്വരമാണ്. പ്രബോധനങ്ങൾ കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ലോകത്തെ വിസ്മയിപ്പിക്കുന്ന ലാളിത്യത്തിന്റെ പ്രതിരൂപവും, തുറവിയുടെ തീക്കാറ്റുമായ ഫ്രാൻസീസ് പാപ്പാ സമൂഹത്തിൽ മരണവും ദുരന്തവും വിതയ്ക്കുന്ന ലഹരിവ്യാപാരത്തെ മരണവ്യാപാരമെന്ന് വിശേഷിപ്പിച്ചത് പ്രസക്തമാണ്.

ലഹരി വ്യാപാരികൾക്കും മരണക്കെണികൾക്കും ഒട്ടും കുറവില്ലാത്ത ഈ നാട്ടിൽ നന്മയുടെ ദീപം തെളിക്കാൻ നമുക്കാവും. ലഹരിയുടെ അടിമത്തം തകർക്കുന്നത് തലമുറകളെയാണ്, ഇന്നിന്റെ നന്മകളെയാണ്. ഓർക്കുക നമ്മുടെ കുഞ്ഞുങ്ങൾ ദുരിതം അനുഭവിക്കുവാൻ വേണ്ടി ജനിച്ചവരല്ല. ദുരന്തം പേറി ജീവിക്കാൻ പിറന്നവരല്ല. ദുരന്തമുഖത്തേക്ക് തലമുറകളെ വലിച്ചെറിയുന്ന ലഹരി സംസ്കാരത്തെ ഇല്ലാതാക്കുക ഏറെ ക്ലേശകരമാണ്. എന്നാൽ വർഷങ്ങളായുള്ള ലഹരിഉപയോഗവും അടിമത്തവും നിരാശയും തകർച്ചയും മൃഗസമാനമായ ജീവിതവുമൊക്കെ ശീലമായ ഒരു വിഭാഗത്തെ ഗൗരവതരമായ രീതിയിൽ പരിഗണിക്കേണ്ടിയിരിക്കുന്നു, ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നു. പ്രതീക്ഷ നഷ്ടപ്പെടാൻ അനുവദിക്കാതിരിക്കുക. എന്തുവിലകൊടുത്തും അധികാരവും ധനവും നേടുന്ന രീതിയിൽ എത്രയോ മരണവ്യാപാരികളാണ് ഇവിടെ ഉള്ളത്. ദുരന്തങ്ങളുടെയും മരണത്തിന്റെയും വിത്തുകൾ വിതയ്ക്കപ്പെടുന്ന ഈ സമൂഹത്തിന് ധീരതയോടെയുള്ള പ്രവൃത്തിയും പ്രതികരണങ്ങളുമാണ് ആവശ്യം. ലഹരിയുടെ അടിമത്തത്തിൽ കഴിയുന്നവരെ തോളോടുതോൾ ചേർന്ന് വീണ്ടെടുക്കുവാൻ സമൂഹം പ്രതിജ്ഞാബദ്ധരാകണം. പ്രതീക്ഷ നശിച്ചവരാകാതിരിക്കുക എന്നതു മാത്രമല്ല, മറ്റുള്ളവരുടെ പ്രതീക്ഷ

നഷ്ടമാക്കാതിരിക്കുക. എന്നതും പ്രധാനപ്പെട്ടതാണ്. നമുക്ക് പ്രതീക്ഷയുടെ വാഹകരായി തീരാം (Pope Francis, to The Doctors, Nurses, & Healthcare workers in Brazil).

കേരളത്തിന്റെ പൊതുസമൂഹം ആവർത്തിച്ചു ചോദിക്കുകയും കൂട്ടായി ചിന്തിക്കുകയും ചെയ്യേണ്ട ഒരു ചോദ്യമുണ്ട്. ആർക്കുവേണ്ടിയാണ് കേരളത്തിൽ മദ്യക്കച്ചവടം? എന്തിനുവേണ്ടിയാണ് ഇവിടെ ലഹരി വ്യാപാരം? മദ്യവും ലഹരിയും ലഭ്യമാവുന്നരീതിയിൽ സൂപ്പർമാർക്കറ്റുകൾ തുറന്നിരിക്കുന്നത് നരകത്തിന്റെയും നാശത്തിന്റെയും വഴിയിലേക്കാണ്. ലഹരിമുക്തമായ ഒരു സമൂഹം ഈ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. സമാധാനപൂർണ്ണമായ ജീവിതം ആഗ്രഹിക്കുന്ന കുടുംബങ്ങൾ, മാതാപിതാക്കൾ, സുന്ദരമായ ഭാവിയിലേക്ക് പ്രതീക്ഷയോടെ നോക്കുന്ന കുരുന്നുകൾ, ഭാവിയെ ശോഭനമാക്കേണ്ട യുവജനങ്ങൾ - ഇതെല്ലാം തകർക്കുകയല്ലേ ഈ ലഹരിസംസ്കാരം മദ്യവും ലഹരിയും തീർക്കുന്ന വർത്തമാനകാലത്തിലെ വാർത്തകൾക്ക് ആരാണ് ഉത്തരവാദി?

2013 ഓഗസ്റ്റ് 14 മുതൽ ഒക്ടോബർ 22 വരെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി നടത്തിയ ''ജ്യോതിർഗമയ ലഹരിവിമോചന കേരളയാത്ര'' കേവലം ഒരു യാത്രയെക്കാൾ വലുതായിരുന്നു. 30 രൂപതകളിൽ 14 ജില്ലകളിൽ ആയിരത്തോളം സമ്മേളന സ്വീകരണ സ്ഥലങ്ങളിൽ അയ്യായിരത്തോളം പ്രഭാഷണങ്ങളിലൂടെ 50 ലക്ഷത്തോളം മനുഷ്യരോട് നേരിട്ടും, സമിതിയുടെ പ്രസിദ്ധീകരണങ്ങളിലൂടെയും ലഘുലേഖകളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ നെറ്റ്‌വർക്കുകളിലൂടെയും ഒരു കോടി മനുഷ്യരിലേക്കും ലഹരിവിരുദ്ധ സന്ദേശമെത്തിക്കുവാൻ സമിതിക്കു കഴിഞ്ഞു. ഈ ലഹരിമോചന യാത്രയിൽ ഞങ്ങൾ കണ്ടുമുട്ടിയ വിവിധ മനുഷ്യർ ദൃഢനിശ്ചയത്തോടെ പറഞ്ഞു: “മദ്യം ഞങ്ങൾക്ക് വേണ്ട ലഹരി ഞങ്ങൾക്ക് വേണ്ട...”മദ്യം വാങ്ങുന്നവർക്കും ഉപയോഗിക്കുന്നവർക്കും അതുകൊണ്ട് മെച്ചമൊന്നും ഉണ്ടാകുന്നില്ല. പിന്നെ ആർക്കാണ് ഇതുകൊണ്ട് നേട്ടം? ലഹരിക്കനുകൂലമായ നയങ്ങളും നിയമങ്ങളും നടപടികളും കൈക്കൊള്ളുന്നവർ തങ്ങളെടുക്കുന്ന തീരുമാനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ചിന്തിക്കാറുണ്ടോ? പണം മാത്രം ലക്ഷ്യമാകുമ്പോൾ മനുഷ്യനും മനുഷ്യത്വവും സമൂഹ നന്മയും ധാർമ്മികതയുമൊക്കെ നാമാവശേഷമാകുന്ന കാഴ്ച കണ്ടിട്ടും എന്തേ കണ്ണടയ്ക്കുന്നത്?

മദ്യലോബികൾക്ക് അനുകൂലമായ മനോഭാവത്തിൽ സർക്കാരുകൾക്ക് ഒരേ മുഖമാണ്. ജനവഞ്ചനയാണ് മദ്യനയത്തിൽ സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത്. ജനത്തിന്റെകണ്ണിൽ പൊടിയിടാൻവേണ്ടി ഏതാനും കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു എന്ന് വരുത്തിത്തീർത്ത് പുകമറസൃഷ്ടിച്ച് മദ്യസംസ്കാരത്തെ അനുകൂലിക്കുന്നവരായി ഉത്തരവാദിത്തപ്പെട്ടവർ മാറുന്നു എന്നത് ഏറെ ഖേദകരമാണ്; തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രവർത്തനാനുമതി പിൻവലിച്ച മദ്യശാലകൾപോലും ഇവിടെ പ്രവർത്തിക്കുന്നത് ആരുടെ അനുമതിയോടെയാണ്? അടിസ്ഥാനയോഗ്യതകളില്ലാതെ, മതിയായ രേഖകളില്ലാതെ, നൂറുകണക്കിന് മദ്യശാലകൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയപാതയോരത്തെ മദ്യശാലകൾ അടിയന്തിരമായി നീക്കം ചെയ്യണമെന്ന കേന്ദ്രനിർദേശം അവഗണിക്കുന്നതും വൈകിക്കുന്നതും ആരാണ്? ലഹരിയെന്ന ഒന്നാംപ്രതിയെ ഉന്മൂലനം ചെയ്യാൻ കഴിയാത്തിടത്തോളം നമ്മുടെ നാട്ടിൽ സ്വൈര്യജീവിതം അസാധ്യമാവുകതന്നെ ചെയ്യും.

മദ്യലോബികൾക്ക് അനുകൂലമായി സമൂഹം ചിന്തിക്കുന്നരീതിയിൽ ചില അസത്യങ്ങൾ ബന്ധപ്പെട്ടവർ പ്രചരിപ്പിക്കുന്നു. ഓരോ വർഷവും മദ്യകച്ചവടത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ മൂന്നിരട്ടിയിലധികം തുക മദ്യം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ, അപകടങ്ങൾ, രോഗങ്ങൾ, കേസുകൾ, കുറ്റകൃത്യങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവഴിക്കപ്പെടുന്നു. എന്നാൽ ഭീമമായ ഈ ചെലവ് മറച്ചുവച്ചുകൊണ്ട് മദ്യക്കച്ചവടത്തിലൂടെ ലഭിക്കുന്ന വരുമാനം മാത്രം എടുത്തുകാട്ടി മദ്യക്കച്ചവടം നാടിന്റെ മുഖ്യവരുമാനമാണെന്ന് നുണപ്രചാരണം നടത്തുന്നു. മദ്യത്തിലൂടെ ലഭിക്കുന്ന കോടികളുടെ വരുമാനം ഒരു വൻനേട്ടമായി അവതരിപ്പിക്കുന്നവരോട് ഒരു ചോദ്യം? ലഹരി അടിമത്തത്തിൽ ഇവിടെ തകർക്കപ്പെടുന്ന ജീവിതങ്ങൾക്ക് സ്ത്രീജനങ്ങളുടെ അഭിമാനത്തിന് തകർന്നടിയുന്ന ധാർമ്മികതയ്ക്ക്, മൂല്യങ്ങൾക്ക്, തെരുവിൽ പിടഞ്ഞു പൊലിയുന്ന ചെറുപ്പക്കാരുടെ ജീവനുകൾക്ക്, ലഹരിതകർക്കുന്ന കൗമാരങ്ങൾക്ക്, ശാപഗ്രസ്ഥമാകുന്ന തലമുറകൾക്ക് എത്രകോടിയാണ് നിങ്ങൾ വിലയിട്ടിരിക്കുന്നത്? നഷ്ടമാകുന്ന സന്തോഷവും, സമാധാനവും എത്രകോടികൊടുത്താൽ തിരികെ കിട്ടും? സമ്പത്ത്, ആരോഗ്യം, ബന്ധങ്ങൾ ഒക്കെ നശിപ്പിക്കുന്ന ഈ മരണ വ്യാപാരം ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടേ?.

കഴിഞ്ഞ ആറു വർഷമായി മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത സമിതിയുടെ ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതെച്ചേരിലിനെ നന്ദിയോടെ ഓർക്കുന്നു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ കേരള കത്തോലിക്കസഭ ലഹരിമോചന

പോരാട്ടങ്ങൾക്ക് മുന്നിട്ടിറങ്ങിയിരിക്കുകയാണ്; 2013 ഫെബ്രുവരി 19-ാം തീയതി പുറത്തിറക്കിയ 'ലഹരി മോചന പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ' നടപ്പിലാക്കാനുള്ള തീവ്രശ്രമത്തിലാണ് സമിതിയുടെ പ്രവർത്തകർ. എല്ലാവരും ഒറ്റക്കെട്ടായി ഈ ദൗത്യം ഏറ്റെടുത്താൽ മാത്രമേ നമുക്ക് ഈ മേഖലയിൽ എന്തെങ്കിലും ചെയ്യാനാവൂ. മദ്യവിരുദ്ധ സമിതി നടത്തിയ ജ്യോതിർഗമയ ലഹരി മോചന കേരളയാത്രയ്ക്ക് കേരളത്തിലെ എല്ലാ വിഭാഗങ്ങളും നല്കിയ പിന്തുണയ്ക്ക് നന്ദിപറയുന്നു. തുടർന്നും സമിതിയുടെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുക. മദ്യവിരുദ്ധ ഞായറിനോടനുബന്ധിച്ച് എല്ലാ ഇടവകകളിലും സെമിനാറുകൾ, ബോധവത്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. മദ്യപരായ വ്യക്തികളെയും കുടുംബങ്ങളെയും സന്ദർശിക്കുകയും ലഹരിവിമുക്ത സന്ദേശം പ്രചരിപ്പിക്കുകയും വേണം. വിദ്യാർത്ഥികളെ സംഘടിപ്പിച്ച് ലഹരിവിരുദ്ധ റാലി ക്രമീകരിക്കേണ്ടതാണ്. ഇതര മതവിഭാഗങ്ങളും മദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് ലഹരിക്കെതിരായ പോരാട്ടം ശക്തമാക്കാൻ പരിശ്രമിക്കുക. 26-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ലഹരിമുക്തമായ നല്ല നാളേക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

പ്രാർത്ഥനാശീർവാദങ്ങളോടെ,

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**

(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

ഫെബ്രുവരി 2 : **ദനഹാ നാലാം ഞായർ**

നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം

(പ.ക. മറിയത്തിന്റെ ശുദ്ധീകരണത്തിരുന്നാൾ)

4 : വി.ജോൺ ബ്രിട്ടോ

7 : ഗ്രീക്കു സഭാപിതാക്കൻമാർ

9 : **ദനഹാ അഞ്ചാം ഞായർ**

11 : ലൂർദ്ദുമാതാവ്

16 : **ദനഹാ ആറാം ഞായർ**

22 : വി. പൊലിക്കാർപ്പ്

23 : **ദനഹാ ഏഴാം ഞായർ**

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

ഫെബ്രുവരി 05 : വൈദികസ്ഥലമാറ്റം

07 : 07.30 pm. സാമ്പത്തിക സമിതിയോഗം

20 : 10.00 am–02:00 pm ആലോചനസമിതിയോഗം

27 : പാസ്റ്ററൽ കൗൺസിൽ യാത്രയയയ്പ്പുസമ്മേളനം

**3. അഭിനന്ദനങ്ങൾ :**

റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ റവ. ഫാ. സൈജോ തൈക്കാട്ടിലിനും ബൽജിയം ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളിക്കും അതിരൂപതയുടെ അഭിനന്ദനങ്ങൾ.

**4. പാസ്റ്ററൽ കൗൺസിൽ :**

15–ാം പാസ്റ്ററൽ കൗൺസിലിന്റെ യാത്രയയ്പ്പു സമ്മേളനം 2014 ഫെബ്രുവരി 27ന് രാവിലെ 10:30 മുതൽ 2:00 വരെ നടത്തുന്നു.

**5. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതുമാസധ്യാനം 2014 മാർച്ച് 4ന് ചൊവ്വാവ്ച ഡി.ബി.സി.എൽ.സിയിൽ വച്ച് നടത്തുന്നതാണ്. ഉച്ചകഴിഞ്ഞ് വൈദികസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. ധ്യാനം രാവിലെ 10 മണിക്ക് ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**6. വലിയ നോമ്പ് :**

2014 മാർച്ച് 2 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

| | |
|---|---|
| 03.03.2014 : | വിഭൂതി തിങ്കൾ : ഉപവാസദിനം |
| 04.03.2014 : | വൈദിക മാസധ്യാനം + വൈദിക സമ്മേളനം |
| 06.04.2014 : | പാലയൂർ മഹാതീർത്ഥാടനം |
| 13.04.2014 : | ഓശാന ഞായർ |
| 14.04.2014 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 17.04.2014 : | പെസഹാവ്യാഴം |
| 18.04.2014 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 20.04.2014 : | ഉയിർപ്പ് തിരുനാൾ |

**7. വിവാഹാഘോഷം മുടക്ക് :**

2014 മാർച്ച് 2 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**8.ദൈവദർശൻ ക്യാമ്പ്**

ഇടവകകളിൽ വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദൈവദർശൻ ക്യാമ്പുകൾ ഏപ്രിൽ 3 മുതൽ 30 വരെയായിരിക്കും. ക്യാമ്പു സംഘടിപ്പിക്കാൻ താല്പര്യമുള്ളവർ മാർച്ച് 9ന് മുമ്പായി മൈനർ സെമിനാരി റെക്ടറെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്.

**9. പെസഹാ ഊട്ട്**

അതിരൂപതയിലെ വൈദികസമ്മേളനത്തിൽ അറിയിച്ചിരുന്നതുപോലെ പെസഹാവ്യാഴാഴ്ച നടത്തുന്ന പെസഹാ ഊട്ട് എല്ലാവർക്കും വേണ്ടിയുള്ള

ഒരു പൊതു ഊട്ടുസദ്യയല്ല. പെസഹാ ഊട്ട് നിലനില്ക്കുന്ന പള്ളികളിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മാത്രം നടത്തുന്ന നേർച്ച ഊട്ടാണ് പെഹസാ ഊട്ട്. പെസഹാ വ്യാഴാഴ്ച്ച പള്ളികളിൽ ആരാധന നടക്കുന്നതിനാൽ പെസഹാ ഊട്ട് പൊതുവായ ഒരു ഊട്ടുസദ്യയാക്കി നടത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**10. വൈദികക്ഷേമനിധി :**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വൈദികക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട വിഹിതങ്ങൾ മാർച്ച് 31ന് മുൻപ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**11. പാലയൂർ മഹാതീർത്ഥാടനം :**

2014 ഏപ്രിൽ 6 നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. ബഹു. ജോൺസൺ അയിനിക്കലച്ചനാണ് ജനറൽ കൺവീനർ. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**12. സമർപ്പിത വിശുദ്ധീകരണദിനം :**

2014 ഏപ്രിൽ 14-ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3 മണിവരെ ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യപിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി. കുർബ്ബാന മദ്ധ്യേ മൂറോൻ കൂദാശ നടത്തുന്നതാണ്. വെഞ്ചിരിച്ച സൈത്ത് പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ലഭിക്കുന്നതാണ്.

## 13. വൈദികരുടെ നിയമനം :

| | |
|---|---|
| 1. ഫാ. ജസ്റ്റിൻ തടത്തിൽ | - അവധി; സാധുത 2013 ഡിസംബർ 1 മുതൽ. |
| 2. ഫാ. സജി വെളിയത്ത് CSJBP | - നടത്തുവികാരി കാഞ്ഞാണി; സാധുത 2013 ഡിസംബർ 11 മുതൽ. |
| 3. ഫാ. ഡഗ്ലസ് ചെറുവത്തൂർ | - ജർമ്മനിയിൽ അജപാലനം; സാധുത 2013 ഡിസംബർ 17 മുതൽ |
| 4. ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | - ജർമ്മനിയിൽ അജപാലനം; സാധുത 2013 ഡിസംബർ 17 മുതൽ |
| 5. ഫാ. ജിജു കിലുക്കൻ ISch | - പ്രീസ്റ്റ്-ഇൻ-ചാർജ്ജ് കിരാലൂർ; സാധുത 2013 ഡിസംബർ 14 മുതൽ |
| 6. ഫാ. ജോൺസൻ പുലിക്കോട്ടിൽ | - വികാരി കിരാലൂർ ഒഴിവായി; സാധുത 2013 ഡിസംബർ 14 മുതൽ |
| 7. ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ | - പഠനാവധി; വികാരി & കപ്ലോൻ മഡോണനഗർ ഒഴിവായി; സാധുത 2013 ഡിസംബർ 22 മുതൽ |
| 8. ഫാ. റോയ് മൂക്കൻ | - നടത്തുവികാരി & കപ്ലോൻ സി. എച്ച്. എഫ്. മഡോണനഗർ കൂടി; സാധുത 2013 ഡിസംബർ 22 മുതൽ |
| 9. ഫാ. വിൽസൺ കണ്ണനായ്ക്കൽ | - കല്യാൺ രൂപതയിൽ സേവനം ഒരു വർഷത്തേക്കു കൂടി |
| 10. ഡീ. വിപിൻ വന്മേലിൽ MST | - ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2014 ജനുവരി 6 മുതൽ |
| 11. ഡീ. സനീഷ് പന്തപ്ലാക്കൽ MST | - ഡീക്കൻ മിനിസ്ട്രി കല്ലൂർ പടിഞ്ഞാറ്; സാധുത 2014 ജനുവരി 6 മുതൽ |
| 12. ഡീ. ഷിന്റോ പെന്റാനത്ത് MST | - ഡീക്കൻ മിനിസ്ട്രി പെരിഞ്ചേരി; സാധുത 2014 ജനുവരി 6 മുതൽ |

## 14. പ്രത്യേക അനുവാദങ്ങൾ :

1. ആളൂർ ഇടവകയ്ക്കുവേണ്ടി ജനറേറ്റർ വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 2506/2013)
2. കൂനംമൂച്ചി ഇടവകയിൽ പാരിഷ് ഹാൾ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2507/2013).
3. കൊട്ടേക്കാട് ഇടവകയിൽ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2508/2013).

4. പുതുക്കാട് സെന്റ് ജോൺ ഓഫ് ദി ക്രോസ്സ് സി. എം. സി. മഠത്തിന്റെ ചാപ്പലിൽ 5 അടി ഉയരമുള്ള കുരിശുരൂപവും വി. യൗസേപ്പിതാവിന്റെയും കർമ്മല മാതാവിന്റെയും രൂപങ്ങളും മഠത്തിന്റെ മുകളിൽ 7 അടി ഉയരമുള്ള കുരിശിന്റെ വി. യോഹന്നാന്റെ രൂപവും സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2523/2013)
5. കുട്ടംകുളം ഇടവകാതിർത്തിയിലുള്ള ചുങ്കം കപ്പേളയും സ്ഥലവും കുട്ടംകുളം ഇടവകയ്ക്ക് നൽകുന്നതിന് അനുവാദം (കല്പനനമ്പർ 2526/2013)
6. 'കത്തോലിക്കാവിശ്വാസം : ഉറവിടങ്ങളും വ്യാഖ്യാതാക്കളും' എന്ന ബഹു. സെബാസ്റ്റ്യൻ ചാലക്കൽ അച്ചന്റെ പുസ്തകത്തിന് പ്രസിദ്ധീകരണാനുമതി (കല്പനനമ്പർ 2534/2013)
7. മുല്ലശ്ശേരി ഇടവകയിൽ സ്ഥല ക്രയവിക്രയം നടത്തുന്നതിനുള്ള അനുവാദം (കല്പനനമ്പർ 2540/2013, 2542/2013)
8. മുല്ലശ്ശേരി ഇടവകപള്ളിയുടെ ഉടമസ്ഥതയിലുള്ള കാനറ ബാങ്ക് ബിൽഡിംഗിന്റെ രണ്ടാം നിലയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2541/2013)
9. അതിരൂപതയുടെ ഉടമസ്ഥതയിൽ മഡോണനഗർ ഇടവകാതിർത്തിയിലുള്ള മുക്കാൽ സെന്റ് സ്ഥലം, അവിടെയുള്ള കുടുംബങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിട്ടുകൊടുക്കുന്നതിന് സോഷ്യൽ ആക്ഷന് അനുവാദം (കല്പനനമ്പർ 2544/2013)
10. പുതുശ്ശേരി ഇടവകപള്ളിയകം സീലിംഗ്, ഫ്ളോറിംഗ് എന്നിവ നടത്തുന്നതിന് അനുവാദം (കല്പനനമ്പർ 2548/2013)
11. തൃപ്രയാർ (താന്ന്യം) ഇടവകയിലെ പുതിയ കൈക്കാരന് അംഗീകാരം (കല്പനനമ്പർ 2554/2013)
12. തൃപ്രയാർ (താന്ന്യം) ഇടവകയിലെ പുതിയ പ്രതിനിധി യോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 2555/2013)
13. പുറനാട്ടുകര ഇടവകയിലെ പ്രതിനിധിയോഗാംഗത്തിന്റെ ഒഴിവിലേക്ക് പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 2567/2013)
14. മുല്ലശ്ശേരി ഇടവകയ്ക്ക് ലോൺ എടുക്കുന്നതിന് (കല്പനനമ്പർ 2572/2013)
15. വെളുത്തൂർ ഇടവകയുടെ തിരുനാൾ പ്രദക്ഷിണവഴിക്ക് അംഗീകാരം (കല്പനനമ്പർ 2596/2013)
16. എടക്കളത്തൂർ ഇടവകയുടെ കീഴിലുള്ള പുത്തൂർ സെന്റ് ജോൺസ് കുരിശുപള്ളി പുനർനിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2597/2013)
17. തണ്ടിലം ഇടവകപള്ളി പുതുക്കിപണിയുന്നതിനും ടി. പള്ളിയുടെ നിർമ്മാണകാലയളവിൽ മതബോധനഹാളിൽ വി. ബലിയർപ്പിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2598/2013)
18. ആമ്പക്കാട് ഇടവകപള്ളി പുനർനിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2599/2013)

19. ചാഴൂർ ഇടവകപള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മറ്റ് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2600/2013)
20. ചാഴൂർ ഇടവകാതിർത്തിയിൽ പുതിയ പള്ളി നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2601/2013)
21. 'സാന്ത്വന' ത്തിന് കൊക്കാലയിൽ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2604/2013)
22. പുറനാട്ടുകര ഇടവകദൈവാലയം പുതുക്കി പണിയുന്നതിന് അനുവാദം (കല്പനനമ്പർ 2605/2013)
23. ഒളരിക്കര സി. എച്ച്. എഫ്. നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ പ്രത്യേകം സജ്ജീകരിച്ച സ്ഥലത്ത് നിത്യാരാധന നടത്തുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ പുതുതായി നിർമ്മിച്ച ഹാളിൽ വി. ബലിയർപ്പിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2609/2013)
24. വെള്ളാറ്റഞ്ഞൂർ ഇടവകദൈവാലയത്തിന്റെ മുഖവാരം പുനരുദ്ധരിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2613/2013)
25. അത്താണി ഇടവകപള്ളിയോടു ചേർന്ന് മാതാവിന്റെ ഗ്രോട്ടോ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2614/2013)
26. ചൂണ്ടൽ ഇടവകയിൽ വൈദികമന്ദിരം പുതുക്കി പണിയുന്നതിന് അനുവാദം (കല്പനനമ്പർ 2615/2013)
27. മണലൂർ കിഴക്ക് ഇടവകയിൽ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2616/2013)
28. അമ്മാടം ഇടവകയിൽ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2617/2013)
29. പീച്ചി ഇടവകയിലെ ദൈവാലയപുനർനിർമ്മാണകാലയളവിൽ വി. കുർബാനയും തിരുകർമ്മങ്ങളും പാരിഷ് ഹാളിൽ പരികർമ്മം ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 2634/2013)
30. സി. മേഴ്സി സി.എസ്.എം. തയ്യാറാക്കിയ 'വിശ്വാസകൈമാറ്റത്തിന്റെ പിതാവ്, ചരിത്രപുരുഷനായ തോമ' എന്ന പുസ്തകത്തിന് പ്രസിദ്ധീകരണാനുമതി (കല്പനനമ്പർ 2636/2013)
31. അഞ്ചേരി സെന്റ് മേരീസ് പള്ളിയുടെ പള്ളികമ്മറ്റിക്ക് അംഗീകാരം (കല്പനനമ്പർ 2637/2013)
32. കുട്ടംകുളം ദൈവാലയനിർമ്മാണപ്രവർത്തനങ്ങൾക്കായി ധനശേഖരണാർത്ഥം ഫണ്ട് തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 2638/2013)
33. പുത്തൻപീടിക ഇടവകയിലെ വില്ലനൂർ പറമ്പിലെ സ്ഥലം വിൽക്കുന്നതിന് അനുവാദം (കല്പനനമ്പർ 2639/2013)
34. പറപ്പൂർ ഇടവകയിലെ തിരുപ്പട്ടചടങ്ങുകൾ മാർ കുണ്ടുകുളം പാരിഷ് ഹാളിൽ നടത്തുന്നതിന് അനുമതി (കല്പനനമ്പർ 2641/2013)

35. ചിറ്റാട്ടുകര ഇടവകയിൽ സ്ഥലകൈമാറ്റം നടത്തുന്നതിന് അനുവാദം (കല്പനനമ്പർ 2642/2013)

36. വരാക്കര സൗത്തിലുള്ള സ്ഥലം പള്ളിയുടെ പേരിൽ തീറു നൽകുന്നതിന് അനുവാദം (കല്പനനമ്പർ 2645/2013)

37. അമ്മാടം ക്രിസ്തുജയന്തി കോൺവെന്റിന്റെ മുറ്റത്ത് നിർമ്മിക്കുന്ന പുൽക്കൂടിൽ 3.5 അടി ഉയരമുള്ള രൂപങ്ങൾ വയ്ക്കുന്നതിന് അനുവാദം (കല്പനനമ്പർ 2651/2013)

38. പറപ്പൂർ ഇടവകയിൽ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2668/2013)

**തെരട്ട്**

1. തൃശ്ശൂർ അതിരൂപത എസ്. എഫ്. ഒ.യുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2498/2013)
2. മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2513/2013)
3. തൃശ്ശൂർ അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2556/2013)
4. തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹോസ്റ്റലിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2557/2013)
5. തൃശ്ശൂർ സെന്റ് തോമസ് കോളേജ് എജുക്കേഷൻ സെന്ററിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2558/2013)
6. തൃശ്ശൂർ അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2561/2013)
7. മേരിമാത മേജർ സെമിനാരിയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2562/2013)
8. മേരിമാത മേജർ സെമിനാരിയൻസ് അസിസ്റ്റൻസ് ട്രസ്റ്റിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2563/2013)
9. തൃശ്ശൂർ അതിരൂപത ഹോം ഓഫ് ലവ്, മുളയത്തിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2593/2013)
10. തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2594/2013)
11. തൃശ്ശൂർ അതിരൂപത കാത്തലിക് ലേബർ മൂവ്മെന്റിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2595/2013)
12. ആർത്താറ്റ് ഹോളിക്രോസ് സി. ബി. എസ്. ഇ. സ്കൂളിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2618/2013)
13. തൃശ്ശൂർ അതിരൂപത മാതൃസംഘത്തിന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2628/2013)

14. പുലക്കാട്ടുകര ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2662/2013)

**പ്രതിനിധിയോഗം**

1. പല്ലിശ്ശേരി ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2511/2013)
2. ലൂർദ്ദ് കത്തീഡ്രൽ ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2527/2013)
3. ചെങ്ങാലൂർ ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2531/2013)
4. പാറേമ്പാടം ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2532/2013)
5. ആറ്റത്ര ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2533/2013)
6. കല്ലൂർ കിഴക്ക് ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2559/2013)
7. മങ്ങാട് ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2607/2013)
8. പീച്ചി ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2629/2013)
9. എരുമപ്പെട്ടി ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2632/2013)
10. ആറംപിള്ളി ഇടവകയിലെ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2635/2013)

**2012-13 വർഷത്തിലെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| വരടിയം (സെന്റ് ജോർജ്ജ് കപ്പേള) | തച്ചംപറമ്പിൽ തോമസ് റൂബി |
| | ചിരിയങ്കണ്ടത്ത് ബാബു ഭാര്യ മേരി |
| | തോട്ടുങ്കൽ കൊച്ചപ്പൻ ബെന്നി |
| ചെങ്ങാലൂർ | കാച്ചപ്പിള്ളി റപ്പായി തോമസ് |
| | ആറ്റുപുറം കൊച്ചപ്പൻ ജോസ് |
| | എലുവത്തിങ്കൽ പൗലോസ് ആന്റണി |
| | വെണ്ണാട്ടുപറമ്പിൽ വറീത് ജോയ് |
| പുലക്കാട്ടുകര | പുല്ലേലി ലോന ഷിജോ |
| | കൊമ്പൻ ദേവസ്സി ഷാജു |

**15. പ്രത്യേക നിയമനങ്ങൾ :**

**സെന്റ് റാഫേൽ പബ്ലിക് സ്കൂൾ ട്രസ്റ്റ്, കല്ലൂർ കിഴക്ക്**

1. ശ്രീ. ടി. ജെ. സനീഷ്കുമാർ (അതിരൂപതാധ്യക്ഷന്റെ നോമിനി)
2. ശ്രീ. തട്ടാറയിൽ ദേവസ്സി മകൻ ആഗസ്തി
3. ശ്രീ. പാലക്കിയിൽ മത്തായി മകൻ തോമസ്
4. ശ്രീ. മുള്ളക്കര റപ്പായി മകൻ ഷാജി
5. കല്ലൂക്കാരൻ കൊച്ചപ്പൻ മകൻ പോൾസൺ
6. പീടികമലയിൽ ദേവസ്യ മകൻ ബെന്നി
7. കാളൻ റപ്പായി മകൻ പോൾസൺ

**സെന്റ് തോമസ് സോഷ്യൽ വെൽഫെയർ ബോർഡ്, പടവരാട്**

1. റവ. ഫാ. പോൾ പയ്യപ്പിള്ളി
2. റവ. സി. വിൽസി ഗ്രേസ് എഫ്. സി. സി.
3. ശ്രീ. ലിന്റോ തട്ടിൽ

**മാർ റാഫേൽ തട്ടിൽ**
സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 | Sat | Morning | **Church Blessing-** *Vellanikode* |
| | | Afternoon | **Vestition & Profession-** *MMB Mariapuram* |
| 2 | Sun | Morning | **Mass & Blessing of Cemetery-** *Kallur East* |
| | | | **Blessing-** *Paravattani* |
| | | Afternoon | **Parish Day Mass& Meeting-** *Vellattanjoor* |
| 3 | Mon | Morning | **KCBC Education-** *EKM* |
| | | Evening | **Finance Council** |
| 4-12 | | | **CBCI- PALA** |
| 13 | Thu | Evening | **JMMC Trust Meeting** |
| 14 | Fri | Morning | **Mass-** *Queen Mary's, Chiyyaram* |
| | | | **For the People** |
| 15 | Sat | Morning | **Jubilee –** *Fr. Chacko Parayil* |
| 16 | Sun | | **Jubilee Mass-** *Pudukkad* |
| 17 | Mon | Morning | **PRAYER DAY** |
| 18 | Tue | Morning | **Holy Mass-** *Minor Seminary* |
| | | | **Priest's Batch Gathering** |
| | | Afternoon | **Archdiocesan Mother's Meet-** *Basilica* |
| 19 | Wed | | **For Priests & Religious** |
| | | | **Priest's Batch Gathering** |
| 20 | Thu | Morning | **Consulters Meeting** |
| 21 | Fri | | **Engaged** |
| 22 | Sat | Afternoon | **Holy Childhood Day** |
| 23 | Sun | | **Pastoral Visit** |
| 24 | Mon | | **For Priests & Religious** |
| 25 | Tue | Morning | **Priest's Batch Gathering** |
| 26 | Wed | Morning | **For the People, For Priests & Religious; Priests Batch gathring** |
| 27 | Thu | Morning | **Pastoral Council** |
| 28 | Fri | | |



# സഹായമെത്രാന്റെ പരിപാടികൾ

## February 2014



| Date | Day | Time | Programme |
|---|---|---|---|
| 1 | Sat | Morning | *Kooduthurakkal* Mass- Athani |
| | | Evening | *kooduthurakkal* Mass- Nellankara |
| 2 | Sun | Forenoon | Fesatal Mass- Vettukad |
| | | Afternoon | Potta Convention Talk |
| 3 | Mon | Afternoon | Holy Mass- Abba Retreat Centre |
| | | Evening | Holy Mass- Pudukad |
| 4 | Tue | Afternoon | Annual Day- Little Queens, Olarikara |
| 5-12 | | | CBCI |
| 13 | Thu | Morning | *Viswasotsav* Meeting - DBCLC |
| 14 | Fri | | Engaged |
| 15 | Sat | Morning | Jmmh- Caping Ceremony |
| | | | Festal Mass- Varandarapilly |
| 16 | Sun | Morning | Laying Stone – Thandilam And Pathramangalm |
| | | Evening | Bible Convention- Vendore |
| 18 | Tue | Morning | Engaged |
| 19 | Wed | Afternoon | Engaged |
| 20 | Thu | Forenoon | *Alochana Samidhi* Meeting |
| | | Evening | Consulters meetings, |
| | | | Annual Day- Mundathikodu School |
| 22 | Sat | Morning | Prize Distribution- DBCLC |
| | | Forenoon | Jubilee Mass- Kripa Bhavan, Mannampetta |
| 24 | Mon | Evening | Viswasolsav Talk- Panakkuttichira |
| 26 | Wed | Morning | Annual Day- St. Thomas College |
| | | Evening | Annual Day- Mullassery, St. Joseph's L. P. S. |
| 27 | Thu | Forenoon | Pastoral Council Farewell Meeting |

# ആദരാഞ്ജലികൾ



**റവ. ഫാ. ജോസഫ് ചാഴൂർ**
(30.05.1935 - 04.01.2014)

നമ്മുടെ അതിരൂപതയിലെ വൈദികനായ റവ. ഫാ. ജോസഫ് ചാഴൂർ (78) 2014 ജനുവരി 4ന് നിര്യാതനായി.

ചാഴൂർ ബഹു. ജോസഫച്ചൻ ചാഴൂർ ദേവസ്സി - മറിയം ദമ്പതികളുടെ മകനായി 1935 മെയ് 30ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1966 മാർച്ച് 11-ന് തൃശൂർ ലൂർദ് കത്തീഡ്രലിൽവച്ച് മാർ ജോർജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

പുതുക്കാട്, പറപ്പൂർ എന്നിവിടങ്ങളിൽ അസ്തേന്തിയായും, കുണ്ടൂർ, കുഴൂർ, ചേലക്കര, എളനാട്, മണലാടി, മുള്ളൂർക്കര, പഴയന്നൂർ, നെന്മണിക്കര, ചെറുതുരുത്തി, പുതുക്കാട്, സ്നേഹപുരം, പാലാഴി, തൃശ്ശൂർ ലൂർദ്ദ് കത്തീദ്രൽ, പാവറട്ടി, പാലയൂർ, മറ്റം, ഒളരിക്കര, തിരൂർ, എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. തൃശൂർ സെന്റ് മേരീസ്

ഓർഫനേജ് ഡയറക്ടർ, രൂപതാബുള്ളറ്റിൻ എഡിറ്റർ, അതിരൂപതാ ആലോചനസമിതിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ചേലക്കര ബാലഭവൻ, പാവറട്ടി നഴ്സിംഗ് സ്കൂൾ, മറ്റം ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ സ്ഥാപകനായിരുന്നു. എളനാട്, മണലാടി, പഴയന്നൂർ, ചെറുതുരുത്തി, നെന്മണിക്കര എന്നിവിടങ്ങളിൽ പള്ളി സ്ഥാപിച്ചതും ബഹു. ചാഴൂരച്ചനാണ്. 2008 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

കഠിനപ്രയത്നശീലനായിരുന്ന ജോസഫച്ചന് സാഹിത്യത്തിലും അഭിരുചിയുണ്ടായിരുന്നു. അനുസരണവും വിധേയത്വവും മുഖമുദ്രയാക്കിയിരുന്ന അദ്ദേഹം നിയമങ്ങളുടെ അന്തഃസത്ത മനസ്സിലാക്കി അവ കൃത്യമായി പാലിക്കുന്നതിൽ ദത്തശ്രദ്ധിച്ചിരുന്നു. അതിരൂപതയുടെ പ്രവർത്തനങ്ങളോട് വിശ്വസ്തത കാണിച്ചിരുന്ന ജോസഫച്ചൻ ഏവർക്കും പ്രിയങ്കരനും മാതൃകാവൈദികനുമായിരുന്നു.

ബഹു. ജോസഫച്ചന്റെ മൃതദേഹം 2014 ജനുവരി 5 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3:30ന് തൃശ്ശൂർ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിൽ വച്ച് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയ്ക്കും ഒപ്പീസിനും പൊതുദർശനത്തിനും ശേഷം വൈകിട്ട് 5 മണിയോടു കൂടി കോടന്നൂരിലുള്ള സഹോദരൻ പൊറിഞ്ചുവിന്റെ വസതിയിലേക്ക് കൊണ്ടുപോയി. 2014 ജനുവരി 6 തിങ്കളാഴ്ച രാവിലെ 9:30ന് മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ പ്രാരംഭകർമ്മങ്ങൾ വീട്ടിൽ നിന്നും ആരംഭിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗത്തിന് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. ബലിക്കുശേഷം മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ സമാപന ശുശ്രൂഷകൾ നടത്തപ്പെട്ടു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചാഴൂർ ബഹു. ജോസഫച്ചന് അതിരൂപതയുടെ ആദരാഞ്ജലികൾ.

# ആദരാഞ്ജലികൾ



**മോൺസിഞ്ഞോർ തോമസ് തലച്ചിറ**
**(13.10.1931 – 11.01.2014)**

തൃശൂർ അതിരൂപതയിലെ കിഴക്കേ കല്ലൂർ പള്ളി വികാരി വെ. റവ. **മോൺസിഞ്ഞോർ തോമസ് തലച്ചിറ (82)** 2014 ജനുവരി 11ന് അന്തരിച്ചു.

തലച്ചിറ ഈപ്പൻ - കത്രീന ദമ്പതികളുടെ മകനായി 1931 ഒക്ടോബർ 13ന് പാലാ എളംതോട്ടത്ത് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1963 മാർച്ച് 11-ന് തൃശൂർ ലൂർദ് കത്തീഡ്രലിൽവച്ച് മാർ ജോർജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

പാലക്കാട് സെന്റ് റാഫേൽ, കണ്ടശ്ശാങ്കടവ്, വേലൂർ, പുതുരുത്തി എന്നിവിടങ്ങളിൽ അസ്തേന്തിയായും, മൂർക്കനാട്, കാറളം, പുത്തൻവേലി, മടത്തുംപടി, പട്ടിക്കാട്, ചിറക്കേക്കോട്

എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ടിച്ചിട്ടുണ്ട്. മുളയം മേരിമാതാ മേജർ സെമിനാരി ആധ്യാത്മികോപദേഷ്ടാവ്, തൃശൂർ കാത്തലിക് സെന്റർ, ലേ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, സി.എൽ.എ., സി.എൽ.സി., സാക്രിസ്റ്റ്യൻസ് അസോസിയേഷൻ, കെ.സി.എസ്.എൽ, കെസിവൈഎം, കാത്തലിക് യൂണിയൻ എന്നിവയുടെ ഡയറക്ടർ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

15 വർഷം കല്യാൺ രൂപതയിൽ സേവനംചെയ്ത അദ്ദേഹം രൂപതയുടെ വികാരിജനറാളും നെരൂൾ, വസായി, സി.ബി.ഡി., കക്കാമ്പൊളി, അയിരൊളി, കലമ്പൊലി, പൻവേൽ, കൊപ്പോളി, അലിബാഗ്, സാക്കിനാക്ക, പവായി, കഞ്ചൂർമാർഗ് ഈസ്റ്റ് & വെസ്റ്റ്, ജെറിമെറി, നാഗോത്തന, പെൻ, രസായനി, റോഹ എന്നിവിടങ്ങളിൽ വികാരിയുമായിരുന്നു.

മികച്ച സംഘടനാപ്രവർത്തകനായിരുന്ന തലച്ചിറയച്ചൻ തൃശൂരിൽ കെസിവൈഎം, കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സ്ഥാപകനും കേരള സ്റ്റേറ്റ് ഡയറക്ടറുമായിരുന്നു. യുവജനങ്ങൾക്കുവേണ്ടി ടെമ്പസ്റ്റ് മാഗസിൻ അദ്ദേഹം ആരംഭിച്ചു. കല്യാൺരൂപതയിൽ മാതൃസംഘത്തിനും രൂപം കൊടുത്തു. അവിടെ ലെയ്റ്റിമൂവ്മെന്റ്, റിന്യൂവൽ മൂവ്മെന്റ്, നേഴ്സസ് അപ്പോസ്റ്റലേറ്റ് എന്നിവയുടെ നേതൃത്വവും വഹിക്കുകയും പട്ടിക്കാട്, കിഴക്കേകല്ലൂർ എന്നിവിടങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു.

തലച്ചിറയച്ചന്റെ സേവനങ്ങളെപ്രതി മാർപ്പാപ്പ മോൺസിഞ്ഞോർ പദവി നല്കി അദ്ദേഹത്തെ ആദരിച്ചു. തൃശൂർ അതിരൂപതയുടെ വൈദികശ്രേഷ്ട പുരസ്കാരം, അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് സിൽവർ ജൂബിലി അവാർഡ് എന്നിവയും നേടിയിട്ടുണ്ട്.

ജനുവരി 13 ഞായർ വൈകിട്ട് 3 മണിക്ക് തൃശ്ശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ മൃതദേഹം പൊതുദർശനത്തിനു വയ്ക്കുകയും വൈകിട്ട് 4 മണിയോടെ മൃതദേഹം കല്ലൂർ കിഴക്കേ

പള്ളിയിലേക്ക് കൊണ്ടു പോയി. 5 മണിക്ക് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലിയർപ്പിച്ചു. തുടർന്ന് മേജർ ആർച്ച്ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് പ്രാർത്ഥനാശുശ്രൂഷകൾ നടത്തി.

2014 ജനുവരി 13 തിങ്കളാഴ്ച ഉച്ചക്ക് 1:30 മണിക്ക് മൃത സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ചേരുംകുഴിയിലുള്ള സഹോദരഭവനത്തിൽ വച്ചുള്ള മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കല്യാൺ രൂപതാധ്യക്ഷൻ മാർ തോമസ് ഇലവനാലിന്റെ മുഖ്യകാർമ്മികത്വം വഹിച്ചു. ദൈവാലയത്തിൽ വച്ചുള്ള രണ്ടാംഭാഗത്തിന് മാർ കുരിയാക്കോസ് ഭരണികുളങ്ങര, മാർ തോമസ് ഇലവനാൽ എന്നിവർ മുഖ്യകാർമ്മികരായിരുന്നു. തുടർന്നുള്ള വി. കുർബാനയ്ക്ക് തൃശ്ശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് അനുസ്മരണസന്ദേശം നൽകി. വി. ബലിക്കുശേഷം മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ സമാപനചടങ്ങുകൾ നടത്തപ്പെട്ടു. മാർ ജെയിംസ് പഴയാറ്റിൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ബോസ്കോ പുത്തൂർ, മാർ ജേക്കബ് മനത്തോടത്ത് മാർ പാസ്റ്റർ നീലങ്കാവിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർ അന്തിമോപചാരങ്ങൾ അർപ്പിക്കാനെത്തിയിരുന്നു.

കർത്താവിന്റെ മുന്തിരിത്തോപ്പിൽ അഹോരാത്രം അധ്വാനിച്ച തലച്ചിറയച്ചനെ അവിടുന്ന് നിത്യസമ്മാനം നൽകട്ടെ.

അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ
സ്മരണാഞ്ജലി!!

# നാളാഗമം

## ഡിസംബർ - 2013

1. അഭിവന്ദ്യ താഴത്ത് പിതാവ് കിള്ളിമംഗലം പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് പാലയൂരിൽ ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു. തുടർന്ന് മണ്ണുത്തി ഇടവകയിൽ വിശ്വാസോത്സവ് ധ്യാനത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് കല്ലൂർ കിഴക്ക് ദേവാലയത്തിൽ ഇടയ സന്ദർശനം നടത്തി.
2. അഭിവന്ദ്യ തട്ടിൽ പിതാവ് മൗണ്ട് സെന്റ്. തോമാസിൽ ധ്യാനകേന്ദ്രം ഡയറക്ടർമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.
3. അഭിവന്ദ്യ തട്ടിൽ പിതാവ് SOS ഭവനത്തിൽ അമ്മമാർക്ക് ക്ലാസെടുത്തു.
4. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വിമല കോളേജിൽ വി, ബലിയർപ്പിച്ചു. വൈകീട്ട് മണ്ണുത്തി ഇടവകയിൽ ധ്യാന പ്രസംഗം നടത്തി.
5. അഭിവന്ദ്യ താഴത്ത് പിതാവ് ജറുസലെം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് പൂങ്കുന്നം ചാരിറ്റി മഠത്തിന്റെ വെഞ്ചിരിപ്പ് നടത്തി. വൈകീട്ട് പുത്തൻപീടികയിൽ വിശ്വാസോത്സവ് ധ്യാനത്തിൽ സന്ദേശം നൽകി. തുടർന്ന് പഴുവിൽ ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. വൈദീകരുടെ മാസധ്യാനങ്ങളിൽ പങ്കെടുത്തു. വൈകീട്ട് കാഞ്ഞൂർ കൺവെൻഷനിൽ സംബന്ധിച്ചു.
6. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ് മഠത്തിൽ ദിവ്യബലിയർപ്പിച്ചു. പെരിഞ്ചേരി പള്ളിയിൽ വി. ബലിയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ചാരിറ്റബിൾ ഫണ്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് മറ്റം ദൈവാലയത്തിൽ വി. ബലി അർപ്പിച്ചു.
7. അഭിവന്ദ്യ താഴത്ത് പിതാവ് തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വിവാഹ രജത ജൂബിലി സംഗമത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് ജൂനിയർ സി. എൽ. സി. ദിനം ഉദ്ഘാടനം ചെയ്തു. വൈകീട്ട് പോപ്പ് പോൾ മേഴ്സി ഹോമിൽ ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തു.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അയ്യന്തോൾ ദൈവാലയത്തിൽ വി. ബലി അർപ്പിച്ചു. വൈകീട്ട്ചേരുംകുഴി ഇടവകയിൽ ധ്യാന പ്രസംഗം നടത്തി.

8. അഭിവന്ദ്യ താഴത്ത് പിതാവ് ചിറ്റിശ്ശേരി പള്ളിയിൽ വി. ബലി യർപ്പിക്കുകയും ഹാൾ വെഞ്ചിരിപ്പ് നടത്തുകയും ചെയ്തു. തുടർന്ന് പീച്ചി ഇടവകയിൽ വി. ബലിയർപ്പിക്കുകയും ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ഏങ്ങണ്ടിയൂർ ഹോസ്പി റ്റലിന്റെ വെഞ്ചിരിപ്പ് നടത്തി. വൈകീട്ട് മേരിമാത സെമിനാരിയിലെ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുകയും തുടർന്ന ചേരുംകുഴി ഇടവകയിൽ വിശ്വാസോത്സവത്തിൽ സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഏങ്ങണ്ടിയൂർ ദൈവാലയത്തിൽ വി. ബലി അർപ്പിച്ചു. വൈകീട്ട് നെല്ലിക്കുന്ന് ദൈവാലയത്തിൽ പുത്രീ സംഗമത്തിൽ പങ്കെടുത്തു.

9. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മുണ്ടത്തിക്കോട് CKC മഠത്തിൽ വി. ബലി അർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് പി. ഒ. സി. യിൽ ചേർന്ന കെ. സി. സി. യോഗത്തിൽ പങ്കെടുത്തു.

10 – 14. അഭിവന്ദ്യ തട്ടിൽ പിതാവ് തലശ്ശേരിയിൽ വൈദികരെ ധ്യാനിപ്പിച്ചു

11.–12 അഭിവന്ദ്യ താഴത്ത് പിതാവ് കെ. സി. ബി. സി. യിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് സി.എം. സി. കോൺവെന്റ് വെഞ്ചിരിപ്പ് നടത്തി. വൈകീട്ട് കെ. സി. വൈ. എമ്മിന്റെ കരുണാദിന ത്തിൽ പങ്കെടുത്തു. വടക്കാഞ്ചേരി ഇടവകയിലെ വിശ്വാസോത്സ ധ്യാന ത്തിൽ സമാപന സന്ദേശം നൽകി. വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ലാലൂർ ഹോളി ട്രിനിറ്റി ആശ്രമത്തിൽ വി. ബലിയർപ്പിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് മണലൂർ കിഴക്കേപള്ളിയിൽ സ്നേഹോ ത്സവ് ധ്യാനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് പുറനാട്ടു കര ദൈവാലയത്തിന്റെ കല്ലിടൽ കർമ്മം നടത്തി. ഫാമിലി അപ്പോ സ്തലേറ്റിൽ വിവാഹ സുവർണ്ണ ജൂബിലി സംഗമത്തിൽ ദിവ്യബലി യർപ്പിച്ചു. ഉച്ചതിരിഞ്ഞ് കൊട്ടേക്കാട് കുടുംബകൂട്ടായ്മ ഫൊറോന സംഗമത്തിലും തുടർന്ന് മറ്റം കൺവെൻഷനിലും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് കരുമത്ര ദേവാലയത്തിൽ ഇടയ സന്ദർശനം നടത്തി.

16 അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പി

ച്ചു. സെന്റ് തോമസ് കോളെജ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ധ്യാന പ്രസംഗം നടത്തി.

17. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വില്ലടം ദൈവാലയത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നല്കി.

18. അഭിവന്ദ്യ തട്ടിൽ പിതാവ് തൈക്കാട്ടുശ്ശേരി ദൈവാലയത്തിൽ വി. ബലി അർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൻപള്ളിയിലെ കരോൾഗാന മത്സരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് പാലാ ബൈബിൾ കൺവെൻഷനിൽ ധ്യാന പ്രസംഗം നടത്തി.

20. അഭിവന്ദ്യ താഴത്ത് പിതാവ് ചിയ്യാരം വിജയമാതാ പള്ളിയിൽ സ്നേഹോത്സവത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു.

21. അഭിവന്ദ്യ താഴത്ത് പിതാവ് കൊട്ടേക്കാട് യുവജന ധ്യാനത്തിൽ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് ഗലീലിയിൽ നടന്ന ലോഫിന്റെ സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് വിയ്യൂർ ജയിലിൽ ക്രിസ്തുമസ് സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തലശ്ശേരി മതാധ്യാപക സംഗമത്തിൽ സംബന്ധിച്ചു .

22. അഭിവന്ദ്യ താഴത്ത് പിതാവ് വേലൂർ ഫൊറോന പള്ളിയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വെള്ളാറ്റഞ്ഞൂർ ദൈവാലയത്തിൽ വി. ബലി അർപ്പിച്ചു. തുടർന്ന് വരടിയം ദൈവാലയത്തിൽ തിരുനാൾ കൊടികയറ്റം നടത്തി. ഉച്ചക്ക് കൊട്ടേക്കാട് മാതൃസംഘത്തിന്റെ വാർഷികത്തിൽ പങ്കെടുത്തു.

23. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് വിയ്യൂർ ഇടവകയിലെ ക്രിസ്തുമസ്സ് ആഘോഷങ്ങൾ ഉത്ഘാടനം ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് മുണ്ടത്തിക്കോട് സ്നേഹാലയത്തിൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകീട്ട് ബിഷപ്പസ്ഹൗസിലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. രാത്രി കത്തീഡ്രൽ പള്ളിയിൽ ക്രിസ്തുമസ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പങ്ങാരപ്പിള്ളി CKC മഠത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു.

25. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിലും വി, ബലിയിലും സംബന്ധിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഗുരുവായൂർ ഇടവകയിൽ ഡീക്കൻ ജിൻസൻ ചിരിയങ്കണ്ടത്തിന് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് മണലൂർ കിഴക്കേ പള്ളിയിൽ ഡീക്കൻ ജെയ്സൻ വടക്കേത്തലയക്ക് തിരുപ്പട്ടം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് മാന്ദാമംഗലത്ത് ഡീ. അനീഷ് നെല്ലിക്കലിന് തിരുപ്പട്ടം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കൊമ്പഴ ഇടവകയിൽ ഡീക്കൻ ജോസഫ് തെരുവാൻകുന്നേൽ MCBS ന് തിരുപ്പട്ടം നൽകി. വൈകീട്ട് അതിരൂപത നടത്തിയ ബോൻ നത്താലെ ക്രിസ്തുമസ് ആഘോഷ ത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പാറേമ്പാടം ദൈവാല യത്തിൽ വി. ബലി അർപ്പിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പറപ്പൂർ ഇടവകയിൽ ഡീക്കൻ ജിന്റെ ചൂണ്ടൽ, ഡീക്കൻ ആന്റോസ് എലുവത്തിങ്കൽ ഡീക്കൻ ബിനോയ് ചിറ്റിലപ്പിള്ളി എന്നിവർക്ക് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് എളവള്ളി പള്ളിയിൽ ഡീക്കൻ ഫെക്സിൻ കൂത്തൂരിന് തിരുപ്പട്ടം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് ഡീ. ഫെബിൻ കൂത്തൂരിന് തിരുപ്പട്ട ം നൽകി. വൈകീട്ട് ലൂർദ്ദ് കത്തീഡ്രലിൽ കൂടുതുറക്കൽ വി. ബലി അർപ്പിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാ ളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് വരടിയം പള്ളിയ്ൽ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. വൈകീട്ട് പാറേമ്പാടം ഇടവക ജൂബിലി മാറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് DIVINE RETREAT CENTRE-ൽ വി. ബലി അർപ്പിച്ചു. തുടർന്ന് നടത്തറ ദൈവാലയത്തിൽ ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരിയാപുരം ഇടവകയിൽ ഡീക്കൻ ഡേവിഡ് നെറ്റിക്കാടന് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് തയ്യൂർ പള്ളി യിൽ നവവൈദികന്റെ സ്വീകരണ ടോഗത്തിൽപങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഡീ. സനോജ് അറങ്ങാശ്ശേരിക്ക് തിരുപ്പട്ടം നൽകി. വൈകീട്ട് അഭിവന്ദ്യ തട്ടിൽ പിതാവ് ഡീ. ഫിജോ ആലപ്പാ ടന് തിരുപ്പട്ടം നൽകി.

31. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുണ്ടത്തിക്കോട് ഇടവകയിൽ ഡീക്കൻ റോയ്സൻ കൊള്ളന്നൂരിന് തിരുപ്പട്ടം നൽകി. വൈകീട്ട് അഭി വന്ദ്യ തട്ടിൽ പിതാവ് ഡീ. മനോജ് കീഴൂർമുട്ടിക്കലിന് തിരുപ്പട്ടം നൽകി.

# പാസ്റ്ററൽ കൗൺസിൽ

## 15-ാം പാസ്റ്ററൽ കൗൺസിലിന്റെ സമാപനസമ്മേളനം

15-ാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തീരുകയാണല്ലോ. ആയതിന്റെ സമാപനസമ്മേളനം 2014 ഫെബ്രുവരി 27ന് വ്യാഴാഴ്ച രാവിലെ 10:30 മുതൽ 2:00 വരെ നടത്തുന്നു. എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നു.

## 16-ാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനം

പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനയോഗം 2014 മാർച്ച് 08 ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെടുന്നു. പുതിയ പാസ്റ്ററൽ കൗൺസിലിൽ അംഗമാകുന്നവർ എല്ലാവരും അതിൽ സംബന്ധിക്കേണ്ടതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയും ഉണ്ടായിരിക്കും.

**അഡ്വ. ബിജു കുണ്ടുകുളം**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ചാൻസലർ & ജനറൽ
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# ചാന്ദാ വാർത്തകൾ

മരം കോച്ചുന്ന മഞ്ഞിലും സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ, പങ്കുവെയ്ക്കലിന്റെ ഊഷ്മളതയുമായി ക്രിസ്തുമസ്സ് സന്ദേശം ബാലാപൂരിലും പരിസരങ്ങളിലും നിറഞ്ഞുനിൽക്കുന്നതായിരുന്നു ഡിസംബർ മാസത്തിലെ ഓരോ ദിനവും. വീടുകളിലും പള്ളിയിലും പുൽക്കൂട് കെട്ടിയും, തങ്ങൾക്ക് നറുക്ക് വഴി ലഭിച്ച ഭവനത്തിനുവേണ്ടി പ്രാർത്ഥിച്ചും വിശ്വാസികൾ "നത്ത്യാല"(Nativity of Our Lord)ക്ക് ഒരുങ്ങി. സിന്റോ അച്ചന്റെ കരവിരുതിൽ ചാർട്ടുപേപ്പർ കൊണ്ടു തയ്യാറാക്കിയ വലിയ നക്ഷത്രങ്ങൾ വിശ്വാസികൾ തങ്ങളുടെ ഭവനങ്ങളിൽ തൂക്കിയിട്ട് "കാരൾ" പാർട്ടിയെ സ്വീകരിച്ചു. ബഹു. സിസ്റ്റേഴ്സും ഇടവകാംഗങ്ങളും ഹോസ്റ്റലിലെ മക്കളും തെരുവിൽക്കൂടെ കാരൾ ഗാനം പാടി ഈശോയുടെ പിറവി അറിയിച്ചു. പാതിരാകുർബ്ബാനയുടെ തിരുക്കർമ്മങ്ങൾക്ക് ബഹു. സിന്റോ അച്ചൻ കാർമ്മികനായിരുന്നു. തുടർന്ന് "പ്രീതി ഭോജൻ" സ്നേഹവിരുന്നും ഉണ്ടായിരുന്നു. ഘടികാരത്തിലെ സൂചികൾ പ്രഭാതത്തെ അറിയിക്കുവാൻ തുടങ്ങുമ്പോൾ സാംസ്ക്കാരിക പരിപാടികൾക്ക് സമാപനമായി. നവവത്സര ആരാധനയും ജാഗരണവും ഡിസംബർ 31-ന് രാത്രി 10.30ന് ആരംഭിച്ചു. പഴയ മനുഷ്യന്റെ കോലം കത്തിച്ച് പുതുപുത്തൻ പ്രതിജ്ഞകളോടെ പുതുവർഷം ആരംഭിച്ചു. ക്രിസ്തുമസ്സ് ദിനത്തിൽ 6 മുതിർന്ന വ്യക്തികളുടെ മാമ്മോദീസായും വിശ്വാസപ്രഘോഷണത്തിലെ നാഴികക്കല്ലായിരുന്നു.

ദനഹാതിരുനാൾ വിവിധങ്ങളായ പരിപാടികളോടെ ആചരിച്ചു. ഈശോയുടെ മാമ്മോദീസായുടെ ദിവസം മാമ്മോദീസാ സ്വീകരിക്കുവാൻ ആഗ്രഹിച്ച മൂന്ന് വിശ്വാസികളെ കൂടി, ബാലാപൂർ സമൂഹം തങ്ങളോടൊപ്പം ചേർത്തു. ഒരു വർഷത്തെ സ്തുത്യർഹമായ മിഷൻവേലയ്ക്കുശേഷം സ്വന്തം കർമ്മ മണ്ഡലത്തിലേക്ക് അനുഭവങ്ങളുടെ മണിച്ചെപ്പുമായി, മടങ്ങുന്ന ബഹു. സിന്റോ തൊറയനച്ചന് ജനുവരി 26 ന് യാത്രാമംഗളങ്ങൾ നേർന്നു.

ചാന്ദായിൽനിന്നും

ഫാ. ജോസഫ് വൈക്കാടൻ

# നാമകരണ നടപടികൾ

## A. ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

◆ ഡിസംബർ മാസത്തെ വെള്ളിയാഴ്ച ആചരണ പരിപാടികളിൽ ഫാ. ജിയോ തരകൻ, ഫാ. സെബാസ്റ്റ്യൻ കൂട്ടുങ്കൽ, ഫാ. പ്രിൻസൺ നായങ്കര, ഫാ. ഷാജു ചിറയത്ത് എന്നിവർ കാർമ്മികരായിരുന്നു. വെള്ളിയാഴ്ച്ച തിരുക്കർമ്മങ്ങൾക്കും, ഊട്ട് നേർച്ചയ്ക്കും വട്ടുകുളം സിജി ജോസഫ്, ലീന & ഫാമിലി പഴയന്നൂർ, വെള്ളാപ്പാണിയിൽ ആന്റണി ചെറിയാൻ പങ്കാരപ്പിള്ളി, എലിസബത്ത് മാത്യു വിജയപുരം, കുട്ടിയാനിയിൽ ടീന, ജോബി ജോസ് പറക്കാട് എന്നിവരും അവരുടെ കുടുംബാംഗങ്ങളും നേതൃത്വം നൽകി. വിശുദ്ധരിൽനിന്നും വിശുദ്ധ ജീവിതം നയിച്ചവരിൽനിന്നും നല്ല മാതൃകയും സന്ദേശവും ഉൾക്കൊണ്ട് നമ്മുടെ ജീവിതങ്ങളെ വിശുദ്ധിയോടെ കാത്തുസൂക്ഷിയ്ക്കുവാൻ പരിശ്രമിക്കണം എന്ന് ആദ്യ വെള്ളിയാഴ്ചയിലെ പ്രഭാഷണത്തിൽ ഫാ. ജിയോ തരകൻ ഉദ്ബോധിപ്പിച്ചു. സ്ക്കൂൾ, മഠം, പള്ളി, ആശുപത്രി എന്നിവ സ്ഥാപിച്ചത്കൊണ്ടല്ല ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനെ ദൈവജനം മാതൃകയാക്കുന്നത്. മറിച്ച് വിശുദ്ധജീവിതം നയിച്ച് ലോകം, ശരീരം, പിശാചിനെതിരെ, നോമ്പും ഉപവാസവും, ചമ്മട്ടി അടികളും, പ്രായശ്ചിത്തപ്രവർത്തികളും ചെയ്ത് വചനത്തിലും, വി. കുർബ്ബാനയിലും മരിയഭക്തിയിലും വളർന്ന് പരസ്നേഹ പ്രവർത്തികളിൽ ദൈവത്തിലാശ്രയിച്ച് മുന്നേറിയത്കൊണ്ടാണ് എന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു.

**ഫാ. പോൾ പുളിക്കൻ,**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

## 1. വരവ്– ചെലവ് കണക്കുകൾ – ഡിസംബർ 30, 2013

| | പ്രത്യേക പിരിവ് | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|
| 1. അടാട്ട് | – | 15000 | – |
| 2. ബ്രഹ്മകുളം | – | 64000 | – |
| 3. ചൊവ്വൂർ | – | 45480 | – |
| 4. ചൊവ്വന്നൂർ | – | 20690 | – |
| 5. എളനാട് | – | 1500 | – |
| 6. എളവള്ളി | – | 10000 | – |
| 7. എൽത്തുരുത്ത് | – | 45650 | – |
| 8. കണ്ണംകുളങ്ങര | – | 19030 | – |
| 9. കണ്ടശ്ശാംകടവ് | – | 133935 | – |
| 10. കോനിക്കര | – | 10645 | – |
| 11. കൊഴുക്കുള്ളി | – | 12000 | – |
| 12. മണലൂർ വെസ്റ്റ് | – | 1854 | – |
| 13. മണ്ണുത്തി | – | 13000 | – |
| 14. മങ്ങാട് | – | 21405 | – |
| 15. മരത്താക്കര | – | 81511 | – |
| 16. നന്തിപുലം നോർത്ത് | – | 3750 | – |
| 17. നെടുപുഴ | – | 6900 | – |
| 18. ഒളരിക്കര | – | 40506 | – |
| 19. പാലാഴി | – | 3450 | – |
| 20. പറവട്ടാനി | – | 50001 | – |
| 21. പീച്ചി | – | 2020 | – |
| 22. പെരുവല്ലൂർ | – | 7000 | – |
| 23. പോന്നോർ | – | 52110 | – |
| 24. പൊന്നൂക്കര | – | 84065 | – |

| | | | |
|---|---|---|---|
| 25. പുത്തൂർ | - | 101510 | - |
| 26. പുലക്കാട്ടുകര | 1760 | 7220 | 1440 |
| 27. സ്നേഹപുരം | - | 18275 | - |
| 28. തൊയക്കാവ് | - | 20000 | - |
| 29. സെന്റ് ആൻസ്, തൃശൂർ | - | 59825 | - |
| 30. വലക്കാവ് | - | 6715 | - |
| 31. എം. ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | - | 30000 | - |
| 32. പാദുവ ഹോസ്പിറ്റൽ, പുത്തൻപീടിക | - | 11000 | - |
| 33. നിർമ്മല കോളേജ്, വെസ്റ്റ്ഫോർട്ട് | - | 4800 | - |
| 34. നിർമ്മലാലയം നേഴ്സറി, വെസ്റ്റ്ഫോർട്ട് | - | 1500 | - |

| നമ്പർ പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | സഭാ ദിനം |
|---|---|---|---|
| 1. പുലക്കാട്ടുകര | 3523.50 | 9695 | 1300 |

**2. മാർ കുണ്ടുകുളം ട്രസ്റ്റിൽനിന്നും വിവാഹസഹായം**

| | | | |
|---|---|---|---|
| 1. ചിയ്യാരം വിജയമാതാ | 5000 | 2. തലക്കോട്ടുകര | 5000 |
| 3. കരുമത്ര | 5000 | 4. പുതുശ്ശേരി | 5000 |
| 5. പുറനാട്ടുകര | 5000 | 6. വെള്ളാറ്റഞ്ഞൂർ | 5000 |

**3. സാമ്പത്തിക സഹായം**

| | | | |
|---|---|---|---|
| വിദ്യാഭ്യാസം | 20000 | ഭവനനിർമ്മാണം | 24500 |
| വിവാഹം | 29000 | ചികിത്സ | 49850 |

**ഫാ. ജോസ് ചാലക്കൽ**
ഫിനാൻസ് ഓഫീസർ



# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. ജോസഫ് വടക്കേത്തല | 08 |
| ഫാ. നിക്കോളസ് അന്തിക്കാട്ട് | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |

| | |
|---|---|
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. ജോജോ എടത്തിരുത്തി | 28 |

## നാമഹേതുകതിരുനാളുകൾ

| | |
|---|---|
| ഫാ. ജോവി കുണ്ടുകുളങ്ങര | 14 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

15.09.2013. സി.എസ്.എസ്. സുപ്പീരിയർ ജനറൽ റവ. സി. റോസ് കൊർണേലിയയുടെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് ഹോളിസ്പിരിറ്റ് ജനറലേറ്റിൽ പ്രത്യേക പ്രാർത്ഥനയുണ്ടായിരുന്നു.

സെപ്തംബർ 15 മുതൽ 20 വരെയും നവംബർ 20 മുതൽ 25 വരെയും റവ. ഫാ. ബിജു കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സിസ്റ്റേഴ്സ് വാർഷികധ്യാനം നടത്തി. രണ്ടു ബാച്ചുകളിലായി 125 പേർ ധ്യാനത്തിൽ പങ്കെടുത്തു.

21.09.2013. സി.എസ്.എസ്. സ്നേഹോദയ പ്രൊവിൻഷ്യൽഹൗസിൽ വച്ച് സി.എം.സി. കോതമംഗലം പ്രോവിൻസിലെ സി. ലിസ്യു മരിയ ഒരു ദിവസത്തെ വചനക്ലാസ്സ് നയിച്ചു.

28.09.2013. സി.എസ്.എസ്. ഹോളിസ്പിരിറ്റ് ജനറലേറ്റിൽവച്ച് 3 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയും 7 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും സമംഗളം ആഘോഷിച്ചു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് തിരുകർമ്മങ്ങൾക്ക് നേതൃത്വം നല്കി. ജൂബിലിയോടനുബന്ധിച്ച് സിസ്റ്റേഴ്സ് പരിയാരം സി.എസ്. ആർ. ൽ 40 ദിവസത്തെ ധ്യാനം നടത്തി.

നാഷണൽ മീറ്റിംഗിനുശേഷം സുപ്പീരിയർ ജനറൽ റവ. സി. റോസ് കൊർണേലിയ വടക്കേ ഇന്ത്യയിലെ മഠങ്ങളിൽ കാനോനികസന്ദർശനം നടത്തി, ജനുവരി 3 ന് നാട്ടിൽ തിരിച്ചെത്തി.

27.11.2013. സി.എസ്.എം. മണ്ണംപേട്ടയിൽവെച്ച് നടത്തിയ ബഹു. സുപ്പീരിയേഴ്സിന്റെ കോഴ്സിൽ ലൂർദ്ദ് നാഥാ പ്രോവിൻഷ്യലും ടീം അംഗങ്ങളും പങ്കെടുത്തു. അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ, ഫാ. പോൾ പുളിക്കൻ, ഫാ. ജോമോൻ കൊച്ചുകണിയാംപറമ്പിൽ എന്നിവർ ക്ലാസ്സ് നയിച്ചു.

30.11.2013. സി.എസ്.എം. സുപ്പീരിയർ ജനറൽ സി. ജിയോ മരിയയും മിഷൻ കൗൺസിലർ സി.ഡെല്ലാമരിയയും ട്രഷറർ സി. ലിസാ ജോണും സി. ലിനി ക്ലെയറും ഒറീസയിലെ മിഷൻ ഹൗസ്

സന്ദർശിക്കുകയും ബാലസോർ ബിഷപ്പ് മാർ തോമസ് തുരുത്തിലാലുവുമായി സൗഹൃദസംഭാഷണം നടത്തുകയും ചെയ്തു.

03.12.2013. സി.എം.സി. വാ.എവുപ്രാസ്യമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതിന്റെ 7–ാം വാർഷികദിനമായ ഇന്ന് മാർ റാഫേൽ തട്ടിൽ പിതാവ് ഒല്ലൂർ മഠം ചാപ്പലിൽ വി. ബലി അർപ്പിച്ചു.

05.12.2013. സി.എച്ച്.എഫ്. രണ്ടാം വർഷ നോവീസസ് ആമ്പക്കാട് ഇടവകയിൽ ഹോം മിഷൻ നടത്തി. അവർ മൈലംമ്പിള്ളി നൊവിഷ്യറ്റ് ഹൗസിൽനിന്നും നവജ്യോതി പ്രൊവിഷ്യൽ ഹൗസിലേയ്ക്ക് വന്നു.

06.12.2013. സി.എം.സി. ജനറൽ കൗൺസിലർ സി.ലയോണില ശാന്തി ധാം മഠത്തിൽവച്ച് നടന്ന രണ്ടു ദിവസത്തെ mass media സെമിനാർ ഉൽഘാടനം ചെയ്തു. mass media രംഗത്ത് പ്രാവീണ്യം നേടുകയും Music director Dw Evangelist ഉം കൂടിയായ മി. സണ്ണി സ്റ്റീഫൻ ക്ലാസ്സ് നയിക്കുകയും സിസ്റ്റേഴ്സിനെ mass media ലോകത്തിലേക്ക് പ്രബുദ്ധരാക്കുകയും ചെയ്തു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. റവ. ഫാ. ജോ തറയിൽ സി.എം.ഐ. ക്ലാസ്സെടുത്തു.

08.12.2013. എസ്.എ.ബി.എസ്. ആരാധനാസഭയുടെ പ്രത്യേക മദ്ധ്യസ്ഥയായ പ. അമലോത്ഭവമാതാവിന്റെ തിരുന്നാൾ ദിനമായ ഇന്ന് സഭാംഗങ്ങളെല്ലാവരും വി. ബലി മദ്ധ്യേ വ്രതനവീകരണം നടത്തി.

ചേറ്റുപുഴ ഇടവകയിൽ നടന്ന മതബോധന ദിനാഘോഷത്തിൽ മുൻ മതാദ്ധ്യാപകരെ പ്രത്യേകം ക്ഷണിച്ച് ആദരിച്ചു. പൊതുസമ്മേളനത്തിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. അൽഫോൻസ മൂഞ്ഞേലി ആശംസകളർപ്പിച്ചു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻസിൽ –ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് നവീകരണധ്യാനം അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ സി. എയ്മി എമ്മാനുവലും(CMC)യുടെയും ടീമിന്റെയും നേതൃത്വത്തിൽ നടത്തി.

സി.എം.സി. Amala hospital ൽ ഒരുക്കിയ റവ.ഫാ.ഗബ്രിയേൽ CMIയുടെ Birth Centenery ഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമറും ലോക്കൽ സുപ്പീരിയർ സി. ആൻ മരിയയും പങ്കെടുത്തു.

13.12.2013. എസ്.എ.ബി.എസ്. തയ്യൂർ ഇടവകയിൽ ഒരു ഭവനം വാടകക്കെടുത്ത് ഇടവകയിൽ സിസ്റ്റേഴ്സ് സേവനം ആരംഭിച്ചു. ഇടവകവികാരി റവ.ഫാ.ടോണി കാക്കശ്ശേരിയുടെ സാന്നിധ്യത്തിൽ അതിരൂപത വികാരി ജനറാൾ വെ.റവ. ഫാ.പോൾ പേരാമംഗലത്ത് വെഞ്ചിരിപ്പുകർമ്മം നടത്തി. ഇടവകക്കാരുടെ നിർലോഭമായ സ ഹകരണം ഉണ്ടായിരുന്നു. ബ. പ്രൊവിൻഷ്യാളമ്മ എല്ലാവർക്കും നന്ദി പറഞ്ഞു.

സി.എം.സി. പുതുക്കി നിർമ്മിച്ച പുതുക്കാട് മഠത്തിന്റെ ആശീർവ്വാദകർമ്മം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു.

സി.എസ്.എം. ലൂർദ്ദ്നാഥാ പ്രോവിൻസിന്റെ വളർച്ചക്കും ആധ്യാത്മീക ഉണർവിനുമായി St. John, Ponnukkara- യിൽ ഏർപ്പെടുത്തിയിരുന്ന ജാഗരണ പ്രാർത്ഥനയിൽ ലൂർദ്ദ് നാഥാ പ്രോവിൻഷ്യലും ബഹു. സിസ്റ്റേഴ്സും പങ്കെടുത്തു.

എഫ്.സി.സി. പാവപ്പെട്ടവരായ സഹോദരങ്ങൾക്ക് സഹായം നൽകുക എ ഉദ്ദേശ്യത്തോടെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് പ്രോവിൻസിൽ നിന്ന് 12 വിദ്യാർത്ഥികൾക്ക് പഠനത്തിനും രണ്ട് വീടുകളുടെ നിർമ്മാണത്തിനും ധനസഹായം നൽകുകയുണ്ടായി. കൂടാതെ ഉപജീവനമാർഗ്ഗമായി ഓട്ടോറിക്ഷ -8, തയ്യൽ മെഷീൻ - 33, കട്ടവണ്ടി -2, സ്കൂട്ടർ -1, സൈക്കിൾ - 25 എന്നിവയും നൽകി. ഇതിന്റെ വെഞ്ചിരിപ്പ്കർമ്മം അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് നിർവ്വഹിച്ചു.

സി.എം.സി. അട്ടപ്പാടിയിൽ നിന്നുള്ള ഫാ. ബിനോയിയുടെയും സി.എയ്മിയുടെയും നേതൃത്വത്തിൽ വിമല കോളേജിൽ വച്ച് ഏകദിനധ്യാനം നടത്തുകയും നാനൂറോളം സിസ്റ്റേഴ്സ് പങ്കെടുക്കുകയും ചെയ്തു.

15.12.2013. എസ്.എ.ബി.എസ്. പ്രോവിൻസിൽനിന്ന് 34 സിസ്റ്റേഴ്സ് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ചത്തെ സിസ്റ്റേഴ്സിനുള്ള ധ്യാനത്തിൽ സംബന്ധിച്ചു.

സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസസ്.എൽ.പി.സ്ക്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും പി.ടി.എ.യും ചേറൂർ ആശാഭവൻ (ഗവ.മെന്റൽ റിഹാബിലേഷൻ സെന്റർ) സന്ദർശിക്കുകയും 300 രൂപ വരുന്ന 70 X'mas gift packet അന്തേവാസികൾക്ക് വിതരണം ചെയ്ത് അവരോടൊപ്പം ക്രിസ്തുമസ്സ് കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ കീഴിലുള്ള പുതുക്കി പണിത പാലക്കാട് സാൻജോം ഭവനിന്റെ ആശീർവ്വാദകർമ്മം അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നിർവ്വഹിച്ചു.

19.12.2013. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിഷ്യൽ ഹൗസിൽ Superior's Conference നവജ്യോതി പ്രെവിൻഷ്യൽ സി. ഫിലോ ജോസഫിന്റെ നേതൃത്വത്തിൽ നടത്തി.

സി.എസ്.എസ്. ഡിസംബർ 2 മുതൽ 6 വരെ ആസ്ട്രേലിയയിൽ വെച്ച് നടത്തിയ ഏഷ്യൻ പസഫിക് സ്പെഷ്യൽ ഒളിമ്പിക്സിൽ മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂളിലെ 3 വിദ്യാർത്ഥികൾ പങ്കെടുത്തു. ഒരു വെങ്കലവും രണ്ടു വെള്ളിയും നേടി വിജയികളായ ഇവരെ അനുമോദിക്കുന്നതിനായി 19.12.2013. ൽ വിളിച്ചു കൂട്ടിയ യോഗം ജില്ലാകളക്ടർ ശ്രീമതി ജയ ഉദ്ഘാടനം ചെയ്തു. തൃശൂർ എസ്.പി. ശ്രീമതി അജിത ബീഗം, മണ്ണുത്തി ഡോൺബോസ്കോ പ്രിൻസിപ്പൽ റവ. ഫാദർ വർഗീസ് തണ്ണിപ്പാറ എന്നിവർ ആശംസകളർപ്പിച്ചു. പസഫിക് സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് കേരള ഡയറക്ടർ റവ. ഫാദർ റോയി കണ്ണൻചിറ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ സ്കൂൾ അഡ്മിനിസ്ട്രേറ്റർ റവ. സി. ബെറ്റി സ്വാഗതവും പ്രിൻസിപ്പൽ റവ. സി. പുഷ്പം നന്ദിയും അറിയിച്ചു

സി.എസ്.എം. ലൂർദ്ദ് നാഥാ പ്രോവിൻഷ്യൽ റവ. സി. ബിയാട്രീസും ടീം അംഗങ്ങളും അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം (തലശ്ശേരി) പിതാവിന് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു.

സി.എസ്.സി. സ്ഥാപകൻ ദൈവദാസൻ അഗസ്റ്റിൻ ജോൺ അച്ചന്റെ 133-ാം ജന്മദിനം കോലഴി മരിയ ഭവൻ ജനറലേറ്റിൽ ഘോഷിച്ചു. ബഹു. ഫാ രാജു കൊക്കൻ മുഖ്യകാർമ്മികത്വം വഹിച്ചു.

20.12.2013. എസ്.എ.ബി.എസ്. ജൂബിലി മിഷൻ ഹോസ്പിറ്റലിൽവച്ച് നടന്ന Health Care Thrissur Zonal Forum ന്റെ ഏകദിന സെമിനാറിൽ ബ. പ്രൊവിൻഷ്യാളമ്മ, പ്രൊവിൻഷ്യൽ കൗൺസിലർ സി. റോസിലി മഞ്ഞളി, സി. അനീറ്റ മഞ്ഞളി എന്നിവർ പങ്കെടുത്തു.

സി.എച്ച്.എഫ്. അഭിവന്ദ്യ ഗ്രേഷ്യൻ മുണ്ടാടൻ പിതാവ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു.

സി.എച്ച്.എഫ്. ചെവ്വൂർ നേഴ്സറി സ്ക്കൂളിന്റെ വാർഷീകാഘോഷപരിപാടികളുടെ ഉദ്ഘാടനകർമ്മം വികാർ പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ നിർവ്വഹിച്ചു.

21.12.2013. എഫ്.സി.സി. ഗോൾഡൻ ജൂബിലി കഴിഞ്ഞ അമ്മമാർക്കു വേണ്ടി തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ ജനറൽ തലത്തിൽ സംഘടിപ്പിച്ച ധ്യാനത്തിൽ നാല്പതോളം അമ്മമാർ സംബന്ധിച്ചു.

എഫ്.സി.സി. ജയിൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജയിലിലെ മക്കളോടൊത്തുള്ള ക്രിസ്തുമസ് ആഘോഷപരിപാടികളിൽ സി. ലിറ്റിൽ മേരിയും സി. റാണി കുരിയനും സംബന്ധിച്ചു.

22.12.2013. സി.എം.സി. പ്രോവിൻസിനുവേണ്ടിയുള്ള prayer group form ചെയ്യുന്നതിനായി സി.എയ്മിയുടെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജാഗരണ പ്രാർത്ഥന നടത്തുകയും തൊണ്ണൂറോളം സിസ്റ്റേഴ്സ് പങ്കെടുക്കുകയും ചെയ്തു.

സി.എച്ച്.എഫ്. മണ്ണുത്തി ജനറലേറ്റിൽ പ്രെവിൻഷ്യൽസ് മീറ്റിങ്ങിൽ നവജ്യോതി പ്രെവിൻഷ്യൽ സി.ഫിലോ ജോസഫും കൗൺസിലേഴ്സും പങ്കെടുത്തു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻസിലെ സി.മെർളി മാത്യുവിന്റെ (ജൂബിലി മിഷൻ ആശുപത്രി ഡപ്യൂട്ടി നഴ്സിങ്ങ് സൂപ്രണ്ട്) കിഡ്ണി ട്രാൻസ്പ്ലാന്റേഷൻ എറണാകുളം ലിസി ആശുപത്രിൽ നടത്തി.

എഫ്.സി.സി. ഡ്രൈവേഴ്സ് യൂണിയനും വികലാംഗമക്കളും സംയുക്തമായി പെരിങ്ങോട്ടുകര സെറാഫിക് കോൺവെന്റ് അങ്കണത്തിൽ ക്രിസ്തുമസ് ആഘോഷിച്ചു. ജനറൽ കൗൺസിലർ സി. ലൂസി സേവ്യർ, സി. ലിറ്റിൽ മേരി എന്നിവർ ആശംസകളർപ്പിച്ചു.

എഫ്.സി.സി. നെല്ലിക്കുന്ന് അൽഫോൻസഭവനിലെ പുതുക്കിപ്പണിത ചാപ്പലിന്റെ വെഞ്ചെരിപ്പുകർമ്മത്തിലും മറ്റ് പരിപാടികളിലും ബ. സി. റോസ് അനിതയും സി. ഡെയ്സി ആലപ്പാട്ടും സിഹിതരായിരുന്നു.

സി.എച്ച്.എഫ്. നവജ്യോതി പ്രെവിൻഷ്യൽ സി.ഫിലോ ജോസഫും കൗൺസിലേഴ്സും പുല്ലഴി ക്രിസ്റ്റീന ഹോം, സെ. ജോസഫ്സ് മെന്റൽ കെയർ, സെ. ജോസഫ്സ് ഹോം എന്നീ സ്ഥലങ്ങളിൽ പോയി അവിടെയുള്ളവർക്ക് ക്രിസ്തുമസ്സ് ആശംസകളും സമ്മാനങ്ങളും നൽകി.

25.12.2013. സി.എച്ച്.എഫ്. തൃശ്ശൂർ ഹോളി ഫാമിലി, മരീന ഹോം, മെഡോണ എന്നീ മൂന്ന് ഭവനങ്ങൾ ക്രിസ്തുമസ്സ് ദിവസം 75 ഭക്ഷണ പൊതികൾ തൃശ്ശൂർ നഗരപ്രദേശത്ത് കണ്ട 75 ഭിക്ഷാടകർക്ക് വിതരണം ചെയ്ത് ഈശോയുടെ ദരിദ്രരുടെ കൂട്ടായ്മയിൽ പങ്കാളികളായി.

26.12.2013. എസ്.എ.ബി.എസ്. വിൻസെൻഷ്യൻ സഭാംഗമായ ഡീ. ജേക്കബ് അരിമ്പൂരിന്റെ തിരുപട്ട സ്വീകരണവും പ്രഥമദിവ്യബലിയർപ്പണവും ഭക്തിസാന്ദ്രമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ കൈവയ്പുശുശ്രൂഷയിലൂടെ വൈദീക പദവിയിലേക്ക് ഉയർത്തപ്പെട്ട ഇദ്ദേഹം ചേറ്റുപുഴ ഇടവകയിലെ പ്രഥമ വൈദീകനാണ്.

സി.എം.സി. ജൂനിയേഴ്സിനായി 4 ദിവസത്തെ റിന്യൂവൽ പ്രോഗ്രാം കോലഴിയിൽ വച്ച് നടത്തുകയും റവ.ഫാ.ജോസ് ചിറ്റിലപ്പിള്ളി, റവ. ഫാ. ജെയ്സ് കൈതകാട്ടിൽ എന്നിവർ ക്ലാസ്സ് എടുക്കുകയും ചെയ്തു. ex.provincials തങ്ങളുടെ അനുഭവം പങ്കുവയ്ക്കുകയും ചെയ്തു.

സി.എച്ച്.എഫ്. രാമനാഥപുരം ബിഷപ്പ് അഭിവന്ദ്യ. മാർ.പോൾ ആലപ്പാട്ട് നവജ്യോതി പ്രൊവിഷ്യൽ ഹൗസിൽ വന്ന് പിറവി തിരുനാളിന്റെ ആശംസകൾ നേർന്നു.

സി.എസ്.എസ്. ആദ്യ വ്രതവാഗ്ദാനത്തിനൊരുങ്ങുന്ന 4 നോവിസസിന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഇന്റർവ്യൂ നടത്തി.

സി.എസ്.സി. കോലഴി മരിയ ഭവൻ ജനറലേറ്റിൽ ഒരു മാസത്തെ സിൽവർ ജൂബിലി കോഴ്സ് ആരംഭിച്ചു.

എഫ്.സി.സി. 27,28,29 തീയതികളിലായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന ലോക്കൽ സുപ്പീരിയേഴ്സിന്റെ കോൺഫറൻസിൽ റവ. ഫാ. പോൾ ദയാനന്ദ് OFM Cap, റവ. ഫാ. ബെന്നി പീറ്റർ OFM Cap എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

28.12.2013. എസ്.എ.ബി.എസ്. സി. ലൈബർത്തയുടെ പ്രഥമ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയാഘോഷപരിപാടികളിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സും മറ്റുസിസ്റ്റേഴ്സും പങ്കെടുത്തു. വികർ പ്രൊവിൻഷ്യൽ സി. സോഫി പെരേപ്പാടൻ ആശംസകളർപ്പിച്ചു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ മരിയ പ്രീതി സാഗർ രൂപതയിൽ ക്രിസ്മസ് ദിനത്തിൽ അപകടത്തിൽപെട്ട് മരണമടഞ്ഞ റവ. ഫാ. ജിൻസൻ കരിപ്പായിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

29.12.2013. എഫ്.സി.സി. ജറൂസലം ധ്യാനകേന്ദ്രത്തിൽ നടന്ന സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ബ. അമ്മമാർ സംബന്ധിച്ചു.

എഫ്.സി.സി. പഴുവിൽ പള്ളിയിൽ നടന്ന ഇടവകദിനാഘോ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിത മുഖ്യപ്രഭാഷണം നടത്തി.

01.01.2014. എഫ്.സി.സി. പേരകം ഇടവകയിൽ രണ്ടാംവർഷ നോവീസസ് ഒരു മാസത്തെ എക്സ്പോഷർ പ്രോഗ്രാം ആരംഭിച്ചു.

03.01.2014. സി.എം.സി. വാ.ചാവറപിതാവിന്റെ തിരുനാൾ എല്ലാമഠങ്ങളിലും സമുചിതമായിഘോഷിച്ചു. സിമ്പോസിയം, ചാവറക്വിസ്സ് എന്നിവയും നടത്തുകയുണ്ടായി.

എഫ്.സി.സി. ജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ പങ്കെടുത്തു.

എഫ്.സി.സി. പാട്ടുരായ്ക്കൽ സി.എം.ഐ. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുാളാഘോഷ പരിപാടിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും സി. ലിറ്റിൽ മേരിയും സംബന്ധിച്ചു.

എഫ്.സി.സി. തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്ലീനറി കൗൺസിൽ മീറ്റിംഗ് നടന്നു.

## ആദരാഞ്ജലികൾ

26.11.2013. സി.എസ്.എം. സൗത്ത് പ്രോവിൻസിലെ അംഗമായ സി. എലിസബത്തിന്റെ നിര്യാണത്തിൽ ലൂർദ്ദ് നാഥാ പ്രോവിൻഷ്യൽ സി. ബിയാട്രീസും ടീം അംഗങ്ങളും പങ്കെടുക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. ശവസംസ്കാര ചടങ്ങിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യകാർമ്മികനായിരുന്നു.

01.01.2013. സി.എസ്.എം. ഗുഡ്ഷെപ്പേർഡ് പ്രൊവിൻസിലെ പറപ്പൂക്കര ജീവജോതി മഠാംഗമായ സി. ജൂലിയാന നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പിതാവ് സംസ്ക്കാരശുശ്രൂഷകൾക്ക് കോൺവെന്റ് കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

സി. ആർ. ഐ. സെക്രട്ടറി
**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

## മേരിമാതാ മേജർ സെമിനാരി

### ദനഹാതിരുനാൾ

ജനുവരി 6-ാം തിയ്യതി സെമിനാരിയിൽ ദനഹാതിരുനാൾ ആഘോഷ പൂർവ്വം കൊണ്ടാടി. അന്നേദിവസം വി. ബലി അർപ്പിക്കുകയും വചനസ ന്ദേശം നൽകുകയും ചെയ്തത് അനിലാബാദ് രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് കുന്നത്ത് പിതാവാണ്. വൈകീട്ട് 7.30ന് ആരംഭിച്ച പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് ബഹു. റെക്ടറച്ചൻ നേതൃത്വം വഹിച്ചു. ലോകത്തിന്റെ പ്രകാ ശമായ മിശിഹായിലൂടെ മറ്റുള്ളവരെ എങ്ങനെ നോക്കിക്കാണണമെന്ന് അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവിന്റെ സന്ദേശം വൈദികരെയും വൈദികവിദ്യാർത്ഥികളെയും ചിന്തയുടെ ആഴങ്ങളിലേക്ക് എത്തിച്ചു. തുടർന്ന് പിതാവും റെക്ടറച്ചനും മറ്റ് വൈദികരും തിരികൾ തെളിയിച്ചു. തുടർന്ന് ഏൽപ്പയ്യാ ഗാനം ആലപിച്ചുകൊണ്ട് പരസ്പരം കൈകൾ കോർത്ത് എല്ലാവരും പിണ്ടിക്ക് ചുറ്റും പ്രദക്ഷിണം വെച്ചു. അതിനുശേഷം നടന്ന കരിമരുന്ന് പ്രയോഗം ദനഹാതിരുനാളിന്റെ മാറ്റു വർദ്ധിപ്പിച്ചു.

### മാസധ്യാനം

2014 ജനുവരി മാസത്തിലെ ധ്യാനം 10, 11 തിയ്യതികളിൽ നടന്നു. വളരെ വ്യത്യസ്തമായ ഒരു ധ്യാനരീതിയാണ് ഈ പ്രാവശ്യം ഉണ്ടായത്. വ്യക്തിത്വ വികസനത്തിനും വിശകലനത്തിനുമായി സഹായകമായ ധ്യാനം ബാച്ചു കളായി തിരിഞ്ഞ് ബ്രദേഴ്സ് പരസ്പരം വിലയിരുത്തുകയും ഗുണങ്ങളും കഴിവുകളും ചൂണ്ടിക്കാട്ടുകയും ചെയ്തു. മറ്റുള്ളവർ എങ്ങനെ തന്നെ മന സ്സിലാക്കുന്നുവെന്ന് അറിയാനും അതനുസരിച്ച് നല്ല തീരുമാനങ്ങൾ ഈ പുതുവർഷത്തിൽ എടുക്കുവാനും മാസധ്യാനം സഹായിച്ചു.

### New Priests Day

"എന്റെ ഹൃദയത്തിനനുയോജ്യമായ ഇടയൻമാരെ ഞാൻ നിങ്ങൾക്ക് നൽകും" (ജെറ. 3:15) എന്ന വാഗ്ദാനം സാക്ഷാത്ക്കരിക്കുവാനായി ആരം ഭിച്ചിരിക്കുന്ന മേരിമാതാ സെമിനാരിയുടെ ഒമ്പതാമത്തെ ബാച്ചിൽ 17 ഡീക്കൻമാരാണ് ഈ വർഷം അഭിഷിക്തരാകുന്നത്. ജനുവരി 12 വൈകീട്ട് നവവൈദികർ സെമിനാരിയിൽ ഒത്തുകൂടി. ബഹു. റെക്ടറച്ചൻ നവവൈ ദികരെ സന്തോഷത്തോടെ സെമിനാരികുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. വൈദികരായതിനും ശേഷമുള്ള അവരുടെ സന്തോഷങ്ങളും അനുഭവങ്ങളും

നവവൈദികർ പങ്കുവെച്ചു. 13-ന് രാവിലെ നവവൈദികരുടെ കാർമ്മികത്വത്തിൽ വി. ബലി അർപ്പിച്ചു. വി. ബലിക്കുശേഷം നവവൈദികരുടെ കരങ്ങൾ ചുംബിച്ച് സെമിനാരി കുടുംബം അഭിനന്ദനങ്ങൾ നേർന്നു.

**പുത്തനച്ചൻമാർ ഒരിക്കൽക്കൂടി**

മേരിമാതാ സെമിനാരിയിൽനിന്ന് തത്വശാസ്ത്രപഠനം പൂർത്തിയാക്കി, മറ്റു സെമിനാരികളിൽ ദൈവശാസ്ത്രം പഠിച്ച് ഈ വർഷം പട്ടം സ്വീകരിച്ച നവവൈദികർ സെമിനാരിയിൽ ജനുവരി 18-ന് ഒത്തുകൂടുകയുണ്ടായി. ബഹു. റെക്ടറച്ചൻ അവരെ സെമിനാരികുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. നവ വൈദീകർ വി. ബലിയർപ്പിക്കുകയും, തങ്ങളെ വളർത്തിയ മേരിമാതാ സെമിനാരി കുടുംബത്തോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് നവവൈദികരുടെ കരങ്ങൾ ചുംബിച്ച് സെമിനാരി കുടുംബം അവർക്ക് അഭിനന്ദനങ്ങളും ആശംസകളും അർപ്പിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

## Institutional Benefactor Membership

1. സി. സുപ്പീരിയർ, ലിസ്യൂ കോൺവെന്റ് ഗുരുവായൂർ

## Individual Benefactor Membership

1. ശ്രീ. ചിറയത്ത് വറീത് ബേബി, പാട്ടത്തിപ്പറമ്പിൽ ഹൗസ്, ചേറൂർ
2. ശ്രീ. കെ. എൽ. ജോസ്, മുംബൈ
3. ശ്രീ. കെ. സി. ജോണി, കിഴക്കൂടൻ ഹൗസ്, കല്ലൂർ
4. ഡോ. ടോണി ജോൺ അക്കര, തൃശൂർ
5. ശ്രീ. ജോസ് പോൾ, ചെമ്മണ്ണൂർ ഹൗസ്, ചെമ്മണ്ണൂർ

## Individual Wellwisher Membership

1. ശ്രീ. പി. ടി. ജോസ് മാസ്റ്റർ, പുലിക്കോട്ടിൽ ഹൗസ്, പാവറട്ടി
2. ശ്രീമതി ഒ. കെ. മേരിടീച്ചർ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
3. ശ്രീമതി സി. എൽ. മേരിടീച്ചർ, ചിരിയങ്കണ്ടത്ത് ഹൗസ്, പാവറട്ടി.

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**നവവത്സരസന്ധ്യയും പുതിയ ടേം ആരംഭവും**

ക്രിസ്തുമസ്സ് അവധി കഴിഞ്ഞ് ജനുവരി 1-ന് വൈകീട്ട് ബ്രദേഴ്സ് സെമിനാരിയിൽ തിരിച്ചെത്തി. തുടർന്ന് സെമിനാരിയുടെ അയൽപക്കക്കുടുംബങ്ങളുടെ നേതൃത്വത്തിൽ 'നവവത്സരസന്ധ്യ' എന്ന പേരിൽ വിവിധ കലാപരിപാടികളോടെ പുതുവർഷത്തെ എതിരേറ്റു. സെമിനാരി കാച്ചേരിയിൽ സ്ഥാപിതമായിട്ട് 10-ാമത്തെ നവവത്സര സന്ധ്യയായിരുന്നു ആഘോഷിച്ചത്. ജനുവരി 2 മുതൽ അദ്ധ്യയനവർഷത്തിന്റെ 3-ാം ടേം ആരംഭിച്ചു.

**ദനഹാതിരുനാളാഘോഷം**

ലോകത്തിന്റെ പ്രകാശമായി ഭൂമിയിൽ അവതരിച്ച ഈശോയുടെ മാമ്മോദീസായെ അനുസ്മരിച്ചുകൊണ്ട് ജനുവരി 5-ന് വൈകുന്നേരം സെമിനാരിയിൽ പിണ്ടി തെളിയിക്കുകയും ഏൽപയ്യാ (ദൈവം പ്രകാശമാകുന്നു) പാടിക്കൊണ്ട് ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

**നവവൈദികർക്ക് സ്വീകരണം**

ഡിസംബർ - ജനുവരി മാസങ്ങളിലായി തൃശൂർ അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച 15 നവവൈദികർക്ക് സെമിനാരി കുടുംബം ജനുവരി 8-ന് വൈകുന്നേരം ഊഷ്മളമായ സ്വീകരണം നൽകുകയും മെമന്റോകൾ സമ്മാനിക്കുകയും ചെയ്തു. സെമിനാരി സ്ഥാപിതമായിട്ട് 125 വർഷങ്ങൾ പൂർത്തിയാകുന്ന ഈ വർഷത്തിൽ ദൈവം ദാനമായി നൽകിയ നവവൈദികർ ജനുവരി 9-ന് രാവിലെ സെമിനാരി ചാപ്പലിൽ വി. ബലിയർപ്പിച്ച് ദൈവത്തിനു കൃതജ്ഞത അർപ്പിച്ചു.

**ഏകദിന ദൈവവിളി സെമിനാർ**

8, 9 ക്ലാസ്സുകളിലെ ആൺകുട്ടികൾക്കായി ജനുവരി 4, 11 തിയ്യതികളിൽ മൈനർ സെമിനാരിയിൽ ഏകദിന ദൈവവിളി സെമിനാർ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽനിന്നും 300 കുട്ടികൾ പങ്കെടുത്തു. ബഹു. ഫാ. ഡെന്നി ചിറയത്തും ബഹു. ഫാ. ലിജോ മേച്ചേരിപ്പിടിയുമാണ് ക്ലാസ്സുകൾ നയിച്ചത്. കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും മതാദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി പറയുന്നു.

**മൈനർ സെമിനാരി ഫോർമേറ്റേഴ്സ് മീറ്റ്**

മൈനർ സെമിനാരിയുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് ഇതുവരെ മൈനർ സെമിനാരി സ്റ്റാഫിൽ വൈദികപരിശീലകരായി സേവനം

ചെയ്ത ബഹു. വൈദികരുടെയും അഭിവന്ദ്യ പിതാക്കൻമാരുടെയും സംഗമം ജനുവരി 21-ന് സംഘടിപ്പിച്ചു. അന്നേദിവസം രാവിലെ 10-ന് സ്വീകരണവും തുടർന്ന് അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പണവും നടന്നു. 30-ൽ അധികം വൈദികർ സംഗമത്തിൽ പങ്കെടുത്തു.

**സീനിയേഴ്സ് പാരന്റ്സ് മീറ്റ്**

മൈനർ സെമിനാരിയിലെ അവസാന വർഷം വൈദികവിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ജനുവരി 25-ന് ഒത്തുചേർന്ന് ദൈവവിളിയെപ്പറ്റിയുള്ള അവരുടെ ആശയങ്ങളും ബോധ്യങ്ങളും പങ്കുവെച്ചു. തുടർന്ന് പൗരോഹിത്യവിളി നൽകിയ ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ട് വൈദിക പരിശീലകരുടെ കാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. എം. വി. വിൽസൺ, മണ്ടുംപാൽ ഹൗസ്, ചൊവ്വന്നൂർ
2. ശ്രീ. ഡേവീസ് ടി. എഫ്., തരകൻ ഹൗസ്, കൂനംമൂച്ചി
3. ശ്രീമതി ത്രേസ്യ ലാസർ, എടക്കളത്തൂർ ഹൗസ്, പറപ്പൂർ
4. ശ്രീ. വിൻസെന്റ് ടി. ടി., തരകൻ പട്ടത്തയിൽ ഹൗസ്, കൂനംമൂച്ചി
5. ശ്രീ. കെ. എൽ. ചാക്കോ, കുണ്ടുകുളങ്ങര ഹൗസ്, മണ്ണുത്തി.
6. വിൻസെന്റ് ഡി പോൾ സൊസൈറ്റി, സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, ഒല്ലൂർ
7. ശ്രീ. എം. ആർ. ജോണി, മണ്ടുംപാൽ ഹൗസ്, ചൊവ്വന്നൂർ
8. ശ്രീ. പി. എൽ. ജോർജ്ജ്, പാണേങ്ങാടൻ ഹൗസ്, കരുമത്ര.
9. ശ്രീ. സി. വി. ജോസ് & ഫാമിലി, ചുങ്കത്ത് ഹൗസ്, കോട്ടപ്പടി
10. ശ്രീ. ലാസർ എം. വി., മാടമ്പി ഹൗസ്, പുതുക്കാട്
11. മിസ് സി. കെ. മേരി, സാൻതോം കോൺവെന്റ്, ചൂണ്ടൽ
12. റവ. ഫാ. വികാർ & പാരീഷണേഴ്സ്, സെന്റ് തോമസ് ചർച്ച്, ചൊവ്വന്നൂർ

വൈദികപരിശീലനത്തിനായി പ്രാർത്ഥിച്ചും സാമ്പത്തികസഹായം നൽകിയും അതിരൂപതയോട് സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. നിത്യപുരോഹിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും ഇടവകകളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. റോയ് മൂക്കൻ,**
റെക്ടർ

Ph : 2333245, 2320828

# മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

"യേശുവിനെ അറിയുക, അറിയിക്കുക" എന്ന ലക്ഷ്യത്തോടെയാണല്ലോ ഈ അദ്ധ്യയനവർഷത്തെ മതബോധനക്ലാസ്സുകൾ ആരംഭിച്ചത്. അദ്ധ്യയന വർഷത്തിന്റെ പരിസമാപ്തിയായി വാർഷിക പരീക്ഷകൾ അടുത്തുവരുകയാണല്ലോ. യേശുവിനെ എന്തുമാത്രം അറിഞ്ഞു, പഠിച്ചു എന്നൊക്കെ സ്വയം വിലയിരുത്തുവാനുള്ള നല്ലൊരു അവസരമാണ് ഈ വാർഷിക പരീക്ഷ. വാർഷിക പരീക്ഷക്കായ് എല്ലാവിധ വിജയഭാവുകങ്ങളും എല്ലാവർക്കും നേരുന്നു.

**1. Sunday Catechism Annual Exam. 2014**

| | | |
|---|---|---|
| Feb 9 | 2.00 pm | Stds XII, A.C.C. (2.00-5.00 pm) |
| Feb. 16 | 2.00 pm | Stds II, IV, VI, VIII, X |
| Feb. 23 | 2.00 pm | Stds I, III, V, VII, IX, XI |

a. Exam Centre Visit- ന് Appointment Order ലഭിച്ച അദ്ധ്യാപകർ അത് കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.

b. Centralised Valuation-ന് Appointment Order ലഭിക്കുന്ന അദ്ധ്യാപകർ ഒരു കാരണവശാലും അത് നിരസിക്കരുത്.

c. ബഹു. അച്ചന്റെ നേതൃത്വത്തിലും H.M. ന്റെ ചുമതലയിലും പരീക്ഷാ നടത്തിപ്പ് യൂണിറ്റുകളിൽ നിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തുവാൻ നിഷ്കർഷ പാലിക്കേണ്ടതാണ്.

d വാർഷിക പരീക്ഷ എഴുതാൻ ആവശ്യമായ ഹാജർ കൃത്യമായി പാലിക്കേണ്ടതാണ്. (See Annual Program p. 18-19)

**2. Intensive Catechism - ദൈവദർശൻ 2014**

April, May മാസങ്ങളിൽ Unitൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിനെപ്പറ്റിയുള്ള വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:
Minor Seminary Rector Rev. Fr. Roy Mookken 0487 2420891, 2423196

**3. Unit Visit Report**

Unit Visit Report മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരാത്തവർ ഉടനെ തന്നെ അത് എത്തിച്ചുതരേണ്ടതാണ്.

**4. Sunday Catechism Scholarship Exam. 2014**

Please see Annual Programme Pages 17, 18
April 15 Tuesday 2 - 4 pm
പതിവുപോലെ 11 കേന്ദ്രങ്ങളിൽവെച്ച് നടത്തുന്നു.
Thrissur Basilica is a Centre.
Students List Last Date : March 15

**5. School Catechism & Moral Sc. Scholarship Exam. 2014**

Please see Annual Scheme of Work Pages 5, 6
April 8 Tuesday 2 - 4 pm
പതിവുപോലെ 7 കേന്ദ്രങ്ങളിൽവെച്ച് നടത്തുന്നു.
Thrissur Basilica is a Centre.
Students List Last Date : Feb. 15

**6. Std. X Annual Examination**

ഈ അദ്ധ്യയനവർഷം മുതൽ Std. X വാർഷിക പരീക്ഷയ്ക്ക് സില ബസിന്റെ Second Term Portionനിൽ നിന്നുമാണ് ചോദ്യങ്ങൾ ഉണ്ടാവുക. (Please See Annual Programme P. 13). Total Marks 50 ലായിരിക്കും. ഈ അദ്ധ്യയനവർഷം മുതൽ Std. Xലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷ അതിരൂപത മതബോധനകേന്ദ്രം നടത്തുന്നതായിരിക്കും.

7. **Std. XII Internal Mark** കൊടുക്കുവാനുള്ള മാനദണ്ഡം (Please See Annual Programme P. 25)

**8. SMCC Award for Std. XII Students - Dec. 2013**

List of Students Attended for Final Round Camp.

| Sl. No. | Name | Parish/Unit | |
|---|---|---|---|
| 1. | Dariyo Thankachan | Chelakkara | Selected to SMCC, Kakkanad |
| 2. | Kenny Michael | Pazhuvil | |
| 3. | Yadhu Benny | Mundur | |
| 4. | Maria Brony | Ollukkara | |
| 5. | Chinju Maria | Panamuck | |
| 6. | Christeena John A. | Puranattukara | |

| | | | |
|---|---|---|---|
| 7. | Helna Davis | Pavaratty | |
| 8. | Sherin Varghese | Vijayapuram | |
| 9. | Lifin V. Stanly | Palakkal | |
| 10. | Febin Vincent | Puthenpeedika | |
| 11. | Augustine Benny | Thiroor | |
| 12. | Jessia Merin T. V. | Peramangalam | |
| 13. | Asha A. Tharakan | Mayannur | |
| 14. | Nimmy Joy | Athani | |
| 15. | Roswin Sebastian | Pattikad | |
| 16. | Aleena F. Choondal | Choondal | |
| 17. | Austin Ouseph | Parappur | |
| 18. | Jithin K. Joy | Mattom | |
| 19. | Alwin Varghese | Ollur | Selected to SMCC, Kakkanad |
| 20. | Christy Anto | Kuriachira | Selected to SMCC, Kakkanad |
| 21. | Vinny Vincent | Amala Nagar | |
| 22. | Mariya Joseph | Vijayapuram | |
| 23. | Anju Thomas | Thayyur | Selected to SMCC, Kakkanad |
| 24. | Jaan Mary Jose | Ollukkara | |
| 25. | Tony Chacko | Arimpur | |
| 26. | Jeyin Jacob | Thandilam | |
| 27. | Eloi C. J. | Pavaratty | |
| 28. | Mariat Minnu Antony | Pudukad | |
| 29. | Pretty Paul | Thaikkattussery | |
| 30. | Denna J. Kundukulam | Parappur | |
| 31. | Joona Thommy | Chemmannur | |
| 32. | Anitta Sunny | Kannara | |



**Kumari Anju Thomas, Thayyur**

She was ranked among the First Five Girls in the Syro-Malabar Dioceses

## 9. Std XII Forane Stars 2013 - 2014 VITA AETERNA

| Sl. No. | Forane | Name of Star | Parish / Unit |
|---|---|---|---|
| 1. | Basilica | Anjali John | Basilica |
| 2. | Cathedral | Niya Benni | Mariapuram |
| 3. | Chelakkara | Bijily George | Mayannur |
| 4. | Erumapetty | Shilna Joy | Pathiyaram |
| 5. | Kandassankadavu | Liya Denny | Eravu |
| 6. | Kottekad | Mary Greeshma Jenson | Kolengattukara |
| 7. | Mattom | Merin Thomas K. | Chittattukara |
| 8. | Ollur | Tiniya Justin<br>Jisna Jose | Padavarad<br>Avinissery |
| 9. | Palayur | Sumi Antony | Kottapadi |
| 10. | Parappur | Irin Mary Davis | Puranattukara |
| 11. | Pattikad | Tony Sunny | Cherumkuzhy |
| 12. | Pazhuvil | Maria C. V. | Valapad |
| 13. | Pudukad | Athina C. Jose | Chittissery |
| 14. | Puthur | Ruby Mathai | Mannamangalam |
| 15. | Velur | Anju Thomas | Thayyur |
| 16. | Wadakkanchery | Ancy P. J. | Kundannur |

സസ്നേഹം

**Fr. Daison Mundopuram**
**Fr. Teds Kunnappilly**
Asst. Directors

**Fr. Jiphy Mekkattukulam**
Director

Ph : 2333245

# INSTITUTE OF THEOLOGY

- **3 Months Basic Theology Course :**

സന്യാസാർത്ഥിനികൾക്കായുള്ള മൂന്ന് മാസത്തെ ബെയ്സിക് തിയോളജി കോഴ്സ് ജനുവരി 8 ബുധനാഴ്ച രാവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ഡയറക്ടർ ഡോ. ജിഫി മേയ്ക്കാട്ടുകുളം വിശുദ്ധ കുർബ്ബാനയോടുകൂടി കോഴ്സ് ഉദ്ഘാടനം ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചു. വിവിധ സന്യാസസഭകളിൽ നിന്നായി 32 സന്യാസാർത്ഥിനികളാണ് കോഴ്സിൽ പങ്കെടുക്കുന്നത്. പങ്കെടുക്കുന്ന സന്യാസസമൂഹങ്ങൾ

1. Sisters of Adoration
2. Sisters of St. FCC
3. Sisters of Divine Vocation
4. Sisters of Martha
5. Sisters of Samaritan
6. Sisters of Mount Calvary
7. Sisters of Clelia

- **B. A. in Theology & Religious Studies** -ന്റെ ഒരു പുതിയ ബാച്ച് 2014 മാർച്ചിൽ ആരംഭിക്കുന്നതായിരിക്കും. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ. വിദ്യാഭ്യാസയോഗ്യതയും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം. റിട്ടേയേർഡ് ഉദ്യോഗസ്ഥർക്കും, സ്ക്കൂൾ അദ്ധ്യാപകർക്കും, മതബോധന അദ്ധ്യാപകർക്കും, ഈ കോഴ്സുകളിലേക്ക് സ്വാഗതം.

- **കറസ്പോണ്ടൻസ് തിയോളജി**യുടെ അടുത്ത ക്ലാസ്സ് ഫെബ്രുവരി 23 ഞായറാഴ്ച 2 മണി മുതൽ 5 മണി വരെയായിരിക്കും.

- **Six Months Theology & Correspondence Theology Course** - പൂർത്തിയായവർക്കുള്ള സർട്ടിഫിക്കറ്റുകൾ ജനുവരി 26-ന് ഡി.ബി.സി. എൽ.സി.യിൽവെച്ച് നടന്ന സർവ്വീസ് അവാർഡ് ഡേ പ്രോഗ്രാമിൽ വെച്ച് വിതരണം ചെയ്തു. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഫാ. ജിഫി മേയ്ക്കാട്ടുകുളം**
ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

- **പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു**

2013-2014 അദ്ധ്യയന വർഷം നവംബർ 4-ന് ചേലക്കര ഫൊറോന വികാരി വെരി. റവ. ഫാ. ലൂവീസ് എടക്കളത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചു.

- **സെമിനാർ സംഘടിപ്പിച്ചു**

വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽസ് വളർത്തുന്നതിനായി നവംബർ 7-ന് ക്ലാസ്സ് സംഘടിപ്പിച്ചു. ഡോ. സി. എൻ. ജോർജ്ജ് ആണ് ക്ലാസ്സിന് നേതൃത്വം നൽകിയത്. ബി.എഡ്., എം.എഡ്. വിദ്യാർത്ഥികൾ പങ്കെടുത്തു. ഇംഗ്ലീഷ് പരിജ്ഞാനത്തെക്കുറിച്ച് നല്ല ബോദ്ധ്യങ്ങൾ ഉളവാക്കാൻ ഉതകുന്ന തരത്തിലുള്ളതായിരുന്നു ക്ലാസ്സ്.

- **ടാലന്റ് ഷോ സംഘടിപ്പിച്ചു**

വിദ്യാർത്ഥികളുടെ സർഗ്ഗവാസന മാറ്റുരയ്ക്കുന്നതിനായി നവംബർ 28, ഡിസംബർ 2, 3, 4, 5, 6 തിയ്യതികളിൽ വിവിധ ഓപ്ഷനുകളുടെ നേതൃത്വത്തിൽ ടാലന്റ് ഷോ സംഘടിപ്പിക്കപ്പെട്ടു.

- **വി. കുർബ്ബാന അർപ്പിച്ചു**

ഈ അദ്ധ്യയനവർഷം ഈശ്വരസാന്നിദ്ധ്യത്തിൽ ഡിസംബർ 6-ന് തുടക്കമായി. മഹാജൂബിലി കോളേജ് ബർസാർ ഫാ. ലിറിൽ തളിയപ്പറമ്പിലിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാന മദ്ധ്യേ ഓരോ ഓപ്ഷനിൽനിന്നും കാഴ്ചസമർപ്പണം നടത്തുകയുണ്ടായി.

- **Inter Collegiate Debate Competition**

ലോകമനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് 2013 ഡിസംബർ 10-ാം തിയ്യതി, ഡോ. കെ. ശിവദാസൻ പിള്ള (ഫൗണ്ടേഷൻ ഫോർ എഡ്യുക്കേഷനൽ റിസർച്ച് & ഡെവലപ്മെന്റ് സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ വാദപ്രതിവാദ മത്സരത്തിൽ നല്ല പ്രകടനം കാഴ്ചവെച്ച മഹാജൂബിലി അദ്ധ്യാപക പരിശീലന കേന്ദ്രം സമ്മാനർഹമായി. തൃശൂർ ജില്ലയിലെ ആറ് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽനിന്നായി 12 പേർ പങ്കെടുക്കുകയും ഒന്നാം സ്ഥാനത്തിന് നവജ്യോതി കോളേജും റണ്ണർ അപ്പായി മഹാജൂബിലി കോളേജും, ബെസ്റ്റ് ഡിബേറ്ററായി ഫാദർ ഏബിലും ഗീതുവും

തിരഞ്ഞെടുക്കപ്പെട്ടു. സമൂഹത്തിലെ നേതൃത്വനിരയിൽ സ്ത്രീകൾക്കാണോ പുരുഷൻമാർക്കാണോ കൂടുതൽ സ്വാധീനം ചെലുത്താൻ സാധിക്കുക എന്ന വിഷയത്തെ അധികരിച്ചായിരുന്നു ഡിബേറ്റ് മത്സരം നടന്നത്. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി. International Association of Education for World Peace, (IAEWP), Council for Teacher Education (CTE), and Kerala Chapter എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് ഈ ഡിബേറ്റ് മത്സരം മഹാജൂബിലിയിൽ സംഘടിപ്പിക്കപ്പെട്ടത്.

- **ക്രിസ്തുമസ്സ് ആഘോഷിച്ചു**

മഹാജൂബിലി കുടുംബത്തിൽ ഡിസംബർ 20-ന് ക്രിസ്തുമസ്സ് ആഘോഷം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ക്രിസ്തുമസ്സ് ഗിഫ്റ്റുകൾ കൈമാറി. വിവിധ കലാപരിപാടികളോടെ ക്രിസ്തുമസ്സ് ആഘോഷിച്ചു.

- **കമ്മ്യൂണിറ്റി ലീവിംഗ് ക്യാമ്പ് സമാപിച്ചു**

ബി. എഡ്. പഠനത്തിന്റെ ഭാഗമായിട്ടുള്ള കമ്മ്യൂണിറ്റി ലീവിംഗ് ക്യാമ്പ് ഡിസംബർ 18, 19, 20 തിയ്യതികളിൽ നടത്തപ്പെട്ടു.

- **പുതുവത്സരം ആഘോഷിച്ചു**

പുത്തൻ പ്രതീക്ഷകളുമായെത്തിയ 2014 നെ മഹാജൂബിലി കുടുംബം വരവേറ്റു. വിവിധ കലാപരിപാടികളോടെ ജനുവരി 1-ാം തിയ്യതി പുതുവർഷാഘോഷങ്ങൾ നടത്തി.

**ഫാ.ഡോ.ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ലിറിൽ തളിയപറമ്പിൽ**
അസി.ബർസാർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റോലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

### 'ബോൺ നത്താലെ' സാന്ത്വനം പരിപാടികൾ:

**തെരുവിന്റെ മക്കൾക്ക് ക്രിസ്തുമസ്സ് സമ്മാനങ്ങൾ:** ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിൽ സാന്ത്വനം സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ, ബസിലിക്ക റെക്ടർ ഫാ. ഡേവിസ് പുലിക്കോട്ടിൽ, ബോൺ നത്താലെ കമ്മിറ്റിയംഗങ്ങൾ എന്നിവരടുങ്ങുന്ന സംഘം രാത്രി എട്ടു മണി മുതൽ പത്തര വരെ പുത്തൻപ്പള്ളി പരിസരം, ഹൈറോഡ്, റൗണ്ട് എന്നിവിടങ്ങളിലായി അന്തിയുറങ്ങുന്ന അഗതികളുടെയടുത്തെത്തി അവർക്ക് സമ്മാനങ്ങൾ കൈമാറി. ഉറക്കത്തിനിടയിൽ തങ്ങളെ തേടിയെത്തിയ ക്രിസ്തുമസ്സ് ആശംസകളും സമ്മാനങ്ങളും സ്വപ്നമായിരുന്നോ എന്ന് സംശയിക്കുന്നതായി കുശലാന്വേഷണത്തിനിടയിൽ അവർ ആർച്ചുബിഷപ്പിനോട് പറഞ്ഞു.

**രോഗികൾക്ക് ക്രിസ്തുമസ് വിരുന്ന്:** ക്രിസ്തുമസ് ദിനത്തിൽ ജില്ലാ ആസ്പത്രിയിലെ മുഴുവൻ രോഗികൾക്കും ഉച്ചഭക്ഷണം നൽകി. സെർവ്വന്റ്സ് ഓഫ് ഗോഡ് എന്ന സംഘടനയുമായി സഹകരിച്ചാണ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ രോഗികൾക്ക് ക്രിസ്തുമസ് വിരുന്ന് ഒരുക്കിയത്.

**ബ്ലസഡ് ഹോംസിന്റെ താക്കോൽദാനം:** 2012 ഡിസംബറിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് തുടക്കം കുറിച്ച സാന്ത്വനം ബ്ലസഡ് ഹോംസ് ഭവനനിർമ്മാണ പദ്ധതിവഴി വടൂക്കര, വളർക്കാവ്, മരിയാപുരം, കൈനൂർ, പാണഞ്ചേരി എന്നിവിടങ്ങളിലായി നാനാ ജാതി മതസ്ഥർക്കായി നിർമ്മിച്ചുനൽകിയ അഞ്ച് ഭവനങ്ങളുടെ താക്കോൽദാനം ബോൺ നത്താലെ സമാപന ചടങ്ങിൽ ആർച്ചുബിഷപ്പ് നിർവ്വഹിച്ചു. 430 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ഓരോ ഭവനവും നിർമ്മിച്ചിട്ടുള്ളത്. ഉദാരമതികളിൽനിന്നായി സ്വരൂപിച്ച ഇരുപത്തിയഞ്ച് ലക്ഷത്തോളം രൂപയാണ് ഈ പദ്ധതിയുടെ മൂലധനം.

**ഭൂമിദാനം:** തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഭൂരഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി സാന്ത്വനം സോഷ്യൽ ആക്ഷൻ സൗജന്യമായി സമ്മാനിക്കുന്ന മുണ്ടൂർ പാപ്പാ നഗറിലെ മൂന്നര സെന്റ് വീതം ഭൂമിയുടെയും മഡോണ നഗറിൽ കുടിവെള്ള പദ്ധതിക്കായി കിണറും ജലസംഭരണിയും നിർമ്മിക്കുന്നതിനായി സൗജന്യമായി നൽകുന്ന ഒരു സെന്റ് ഭൂമിയുടെയും രേഖകൾ ബന്ധപ്പെട്ടവർക്ക് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് കൈമാറി. മൂന്ന് പ്ലോട്ടുകൾക്കുമായി മൊത്തം പതിനാറു ലക്ഷം രൂപയാണ് മുഖവില കണക്കാക്കുന്നത്. ശ്രീ. നിർമ്മൽ സൈമൺ പീറ്റർ (ചേറൂർ), ശ്രീ. സോണി ആന്റണി

പൊറത്തൂക്കാരൻ (കുരിയച്ചിറ), കാച്ചേരി ലൂർദ്ദ്നഗർ റസിഡന്റ് അസ്സോസിയേഷൻ ഭാരവാഹികൾ എന്നിവർക്കാണ് സൗജന്യമായി ഭൂമി അനുവദിച്ചത്.

**പുതുവത്സര സമ്മാനം:** രോഗം തളർത്തിയ ശരീരവും തളരാത്ത മനസ്സും ഇച്ഛാശക്തിയുമായി വീൽചെയറിൽ ഇരുന്ന് ബോൻ നത്താലെ ഘോഷയാത്രയുടെ ഹൃദ്യമായ പങ്കാളിത്തമായി മാറിയ പതിനാല് തളർവാത രോഗികൾക്ക് പുതുവത്സര സമ്മാനമായി സാന്ത്വനം ചികിത്സാധനസഹായം കൈമാറി. താങ്ങും പ്രോത്സാഹനവുമായി ഇവരോടൊപ്പം ഉണ്ടായിരുന്ന 'മനുഷ്യസ്നേഹികൾ' എന്ന സംഘടനയുടെ സഹായത്തോടെ ഓരോ അംഗങ്ങളുടെയും വിശദാംശങ്ങൾ ആരാഞ്ഞ് വീടുകളിൽ നേരിട്ട് ചെന്നാണ് സാന്ത്വനം ഭാരവാഹികൾ പുതുവത്സരദിനത്തിൽ ക്യാഷ് ചെക്ക് സമ്മാനിച്ചത്.

**സംസ്ഥാനതല എക്സ്പൊ 2013ൽ രണ്ടാം സ്ഥാനം:** കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) സംസ്ഥാനതലത്തിൽ തൃശ്ശൂർ ടൗൺ ഹാൾ അങ്കണത്തിൽ സംഘടിപ്പിച്ച പഞ്ചദിന പ്രദർശന വിപണന മേള 'എക്സ്പൊ-2013' ൽ മികച്ച സ്റ്റാളിനുള്ള രണ്ടാം സ്ഥാനത്തിന് സോഷ്യൽ വെൽഫെയർ സെന്റർ അർഹമായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സ്വയംസഹായ സംഘങ്ങളുടെയും വിവിധ ജില്ലകളിൽനിന്നുള്ള സന്നദ്ധ സംഘടനകളുടെയും നൂറിൽപ്പരം സ്റ്റാളുകൾ മേളയിലുണ്ടായിരുന്നു. ഗാർഹിക ഉപകരണങ്ങൾ, കരകൗശല വസ്തുക്കൾ, ഭക്ഷ്യോത്പന്നങ്ങൾ തുടങ്ങി ഉൽപ്പന്നങ്ങളുടെ വൈവിധ്യംകൊണ്ട് മേള ശ്രദ്ധേയമായി. ഡിസംബർ 22ന് നടന്ന സമാപനസമ്മേളനത്തിൽ കെ.എസ്.ബി.സി.ഡി.സി. മാനേജിംഗ് ഡയറക്ടറിൽനിന്നും സോഷ്യൽ വെൽഫെയർ സെന്റർ സെക്രട്ടറി കം ട്രഷറർ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ ട്രോഫി ഏറ്റുവാങ്ങി. സോഷ്യൽ വെൽഫെയർ സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന വെള്ളാനിക്കോട് ഇടവകയിലെ ഫ്രണ്ട്സ് പുരുഷസ്വയംസഹായ സംഘത്തിന്റെ നേതൃത്വത്തിൽ ജ്യോതിസ്സ്, കാർമ്മൽ, ചെറുപുഷ്പം, ഐശ്വര്യ, കാരുണ്യ എന്നീ വനിതാ സ്വയംസഹായ സംഘങ്ങളുടെ സഹകരണത്തോടെയാണ് മേളയിൽ സ്റ്റാൾ ഒരുക്കിയത്. കോർഡിനേറ്റർ സി.പി. ജോർജ്ജ്, സംഘം ഭാരവാഹികളായ ജോസ് മാപ്രാണത്തുക്കാരൻ, തങ്കച്ചൻ കീഴ്പ്പിള്ളി, ജോണി തടിക്കാട്ടിൽ, ആനി ജോസ് എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയസംഘങ്ങൾക്ക് വായ്പ വിതരണം ചെയ്തു:** കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും അനുവദിച്ചുനൽകിയ വായ്പാതുക സോഷ്യൽ വെൽഫെയർ സെന്ററിന്റെ കീഴിലുള്ള സ്വയംസഹായ സംഘങ്ങൾക്ക് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിതരണം ചെയ്തു. കോർപ്പറേറ്റ്-ഐടി മേഖലകളുടെ മാത്രം വികസനം നാടിന്റെ വികസനമായി കാണാനാവില്ലെന്നും ചെറുകിട സംരംഭങ്ങൾ, സ്വാശ്രയസംഘങ്ങൾ, ക്രെഡിറ്റ് യൂണിയനുകൾ തുടങ്ങി സമൂഹത്തിന്റെ അടിത്തട്ടിലുള്ള മേഖലകളുടെ വളർച്ചയും നാടിന്റെ സമഗ്രവികസനത്തിന് അനിവാര്യമാണെന്ന് തദസവസരത്തിൽ ആർച്ചുബിഷപ്പ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.സി. ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.ബി.സി.ഡി.സി. ജില്ലാ മാനേജർ പി.എൻ. വേണുഗോപാൽ മികച്ച സംരംഭക ഗ്രൂപ്പുകൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. പുരുഷവിഭാഗത്തിൽ

വെള്ളാനിക്കോട് ഫ്രണ്ട്സ്, വനിതാവിഭാഗത്തിൽ പയ്യനം കാരുണ്യ എന്നീ സ്വാശ്രയ സംഘങ്ങൾ ട്രോഫികൾ ഏറ്റുവാങ്ങി. സെക്രട്ടറി ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ, പ്രസിഡന്റ് ഡോ. ജോസ് കല്ലറയ്ക്കൽ എന്നിവർ സംസാരിച്ചു. വരുമാനവർദ്ധക സംരംഭത്തിന്റെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ കുറിച്ച് ഒല്ലൂക്കര ബ്ലോക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ പി.ബി. അമീർജാൻ ക്ലാസ്സ് നയിച്ചു.

## സ്നേഹനിധി

വെള്ളക്കാരിത്തടം യൂണിറ്റിൽ ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു.

സാന്ത്വനം ഓഫീസിൽ ചേർന്ന ഫൊറോന എക്സിക്യൂട്ടീവ് യോഗത്തിൽ ക്രിസ്തുമസ്സ് ആഘോഷപരിപാടികളെ കുറിച്ച് ചർച്ചുചെയ്തു.

**ക്രിസ്തുമസ്സ് ആഘോഷം:** അടുക്കളത്തോട്ടങ്ങളിൽനിന്നും ശേഖരിച്ച വിത്തുകൾ പുൽക്കൂട്ടിലെ ഉണ്ണിക്ക് സമർപ്പിക്കുന്ന 'ജിംഗിൾ സീഡ്സ്' പരിപാടിയുമായി ഇക്കുറിയും സ്നേഹനിധി വനിത കൂട്ടായ്മ ക്രിസ്തുമസ് ആഘോഷിച്ചു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ വിത്തുകൾ ഏറ്റുവാങ്ങി. നേരത്തെ സ്നേഹനിധി സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സരത്തിന്റെ തുടർച്ചയായിരുന്നു ജിംഗിൾ സീഡ്സ് വിത്തുശേഖരണവും സമർപ്പണവും. അടുക്കളത്തോട്ടം വ്യക്തിഗത മത്സരത്തിൽ റെജി ജോഷി കൊട്ടേക്കാട്, ആലീസ് ജോസ് ചിറ്റാട്ടുക്കര, റോസി നെല്ലിശ്ശേരി അരണാട്ടുക്കര എന്നിവരും മട്ടുപ്പാവ് പച്ചക്കറി കൃഷി മത്സരത്തിൽ റോസിലി ജോജു അരണാട്ടുക്കര, റീന ജോസ് എരനെല്ലൂർ, സെലീന ഡേവിസ് അരിമ്പൂർ എന്നിവരും പച്ചക്കറി കൃഷി ഗ്രൂപ്പ് അടിസ്ഥാനമത്സരത്തിൽ കണ്ണാറ അതുല്ല്യ സ്വയംസഹായ സംഘം, പുത്തൻപ്പീടിക, എരനെല്ലൂർ സ്നേഹനിധി യൂണിറ്റുകളും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കർഹരായി. വിവധ യൂണിറ്റുകളുടെ നേതൃത്വത്തിൽ കരോൾ ഗാനങ്ങൾ അവതരിപ്പിച്ചു. 'മാതൃത്വം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ചർച്ചയ്ക്ക് ഡോ. ഡെയ്സൻ പാണേങ്ങാടൻ നേതൃത്വം നൽകി. അതിരൂപത സ്നേഹനിധി പ്രസിഡന്റ് പ്രൊഫ. എലിസബത്ത് മാത്യു സ്വാഗതവും സെക്രട്ടറി റോസമ്മ അലക്സ് നന്ദിയും പറഞ്ഞു.

ബോൻ നത്താലെ പരിപാടിയുടെ ഭാഗമായി വിവിധ യൂണിറ്റുകളിൽനിന്നായി അമ്പതോളം സ്നേഹനിധി അംഗങ്ങൾ സാന്താക്ലോസ് വേഷമണിഞ്ഞു ഘോഷയാത്രയിൽ പങ്കെടുത്തു. കൊട്ടേക്കാട്, പനംക്കുറ്റിച്ചിറ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ നിശ്ചലദൃശ്യങ്ങൾ ഒരുക്കിയിരുന്നു.

## ജെസ്പ് പദ്ധതി

ജെസ്പ് വിദ്യാർത്ഥികളുടെ സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ അറിയുന്നതിനായി എല്ലാ യൂണിറ്റുകളിലും സർവ്വേ നടത്തി. ഡോളേഴ്സ് ബസിലിക്ക യൂണിറ്റിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

വിവിധ യൂണിറ്റുകളിൽ സംഘടിപ്പിച്ച ക്രിസ്തുമസ്സ് പരിപാടികളിൽ ഡയറക്ടർ പങ്കെടുത്തു. കുരിയച്ചിറ യൂണിറ്റിലെ ജെസ്പ് വിദ്യാർത്ഥിക്ക് ചികിത്സാധനസഹായം നൽകി.

ബോൻ നത്താലെ ഘോഷയാത്രയിൽ പാലയൂർ ജെസ്പ് യൂണിറ്റിലെ വിദ്യാർത്ഥികൾ ബാന്റ് വാദ്യം അവതരിപ്പിച്ചു.

## മഴനിറവ് പദ്ധതി

'മഴനിറവ്' മഴവെള്ള സംഭരണ പദ്ധതിയുടെ ഭാഗമായി ജില്ലാതലത്തിൽ സംഘടിപ്പിച്ച പോസ്റ്റർ മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡുകൾ ചടങ്ങിൽ സമ്മാനിച്ചു.

*സമ്മാനാർഹരായവർ:*
ഒന്നാം സമ്മാനം (5000 രൂപ) – അനു ഹെൻട്രി, തേർമഠം ഹൗസ്, നടത്തറ
രണ്ടാം സമ്മാനം (3000 രൂപ) – സ്റ്റീഫൻ ജോൺ എ., അറയ്ക്കൽ ഹൗസ്, നെല്ലിക്കുന്ന്
മൂന്നാം സമ്മാനം (2000 രൂപ) – ലീന ബാബു, 'മരിയഭവൻ', കോളങ്ങാട്ടുക്കര

## സമന്വയ പദ്ധതി

പദ്ധതിയുടെ ഭാഗമായി ഫാമിലി അപ്പസ്തൊലേറ്റ് സെന്ററിൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കോർ കമ്മിറ്റി യോഗം കൂടുകയുണ്ടായി. ഇടുക്കി രൂപതയിലെ സന്നദ്ധസംഘടനകൾ സന്ദർശിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

കല്ലൂർ ഈസ്റ്റിൽ ജൈവകൃഷിയെ സംബന്ധിച്ച ഏകദിന ശില്പശാല സംഘടിപ്പിച്ചു. ബ്ലോക്ക് മെംബർ ശ്രീമതി റെജി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. നൂറ്റിപത്തോളം പേർ പങ്കെടുത്ത ശില്പശാല കേരള കാർഷിക സർവ്വകലാശാലയിലെ അസോ. പ്രൊഫ. അരുൺ അലക്സ് നയിച്ചു.

## അക്ഷയ പദ്ധതി

കാത്തലിക് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (CHAI) കേരളത്തിൽ നടത്തിവരുന്ന പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP) 'അക്ഷയ' പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി മീറ്റിംഗുകൾ കല്ലൂർ, അരണാട്ടുക്കര, വെട്ടുക്കാട്, വലക്കാവ് എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. ക്ലാസ്സുകൾക്ക് കോർഡിനേറ്റർ സി.പി. ജോർജ്ജ് നേതൃത്വം നൽകി. പദ്ധതിയുടെ ഭാഗമായുള്ള സർവ്വേനടപടികൾ പുരോഗമിക്കുന്നു.

## സോഷ്യൽ സെന്റർ ഹൗസിംഗ്

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കീഴിലുള്ള 'ഗൃഹശ്രീ' പദ്ധതിയിലേക്ക് സമർപ്പിച്ച അപേക്ഷകളിൽ ഒന്ന് സർക്കാർ പരിഗണിച്ചു. ഗുണഭോക്താവും സ്പോൺസറും ഓരോ ലക്ഷം രൂപാവീതം അടയ്ക്കുമ്പോൾ സർക്കാർ രണ്ടു ലക്ഷം രൂപയാണ് ഭവനനിർമ്മാണത്തിനായി അനുവദിക്കുക.

ഡോ. ഫ്രാൻസിസ് ആലപ്പാട്ട്
ചെയർമാൻ, സാന്ത്വനം

ഫാ.പ്രിൻസ് പൂവ്വത്തിങ്കൽ
ഡയറക്ടർ, സോഷ്യൽ ആക്ഷൻ
& സോഷ്യൽ സെന്റർ ഹൗസിംഗ്
സെക്രട്ടറി, സാന്ത്വനം &
സോഷ്യൽ വെൽഫെയർ സെന്റർ

ഫാ.തോമസ് പൂപ്പാടി
അസോ. ഡയറക്ടർ, സോഷ്യൽ
ആക്ഷൻ, ട്രഷറർ, സാന്ത്വനം &
ഡയറക്ടർ, സേവ് എ ഫാമിലി പ്ലാൻ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജനുവരി 2014**

### അഗതിശുശ്രൂഷയ്ക്കും പ്രകൃതി സംരക്ഷണത്തിനുമുള്ള മാർപ്പാപ്പയുടെ ആഹ്വാനം ആവിഷ്ക്കരിച്ച് ജൂബിലി മിഷന്റെ പുൽക്കൂട് (23.12.2013)

അഗതി ശുശ്രൂഷയ്ക്കും പ്രകൃതിസംരക്ഷണത്തിനും സുസജ്ജരാകാനുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനം ആവിഷ്ക്കരിച്ച് 'പാവങ്ങളുടെ ആശുപത്രിയായ' ജൂബിലി മിഷൻ ഒരുക്കിയ പുൽക്കൂട് ശ്രദ്ധേയമായി. പാവപ്പെട്ട നവജാതശിശുവിനുള്ള ചികിത്സാസഹായം നൽകികൊണ്ട് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഈ നാട്ടിലെ അഗതികൾക്കും പ്രകൃതിസ്നേഹികൾക്കും ജൂബിലി മിഷന്റെ പുൽക്കൂടും ക്രിസ്തുമസ്സ് ട്രീയും സമർപ്പിച്ചു. ഓരോ ആശുപത്രിയും യേശുപിറന്ന പുൽക്കൂടാണെന്നും പ്രകൃതിസൗഹൃദ ക്രിസ്തുമസ് ട്രീയൊരുക്കി ഓരോ വൃക്ഷത്തിനും ജീവനുണ്ടെന്നും ഉള്ള സന്ദേശം ജൂബിലി മിഷൻ മനോഹരമായി ആവിഷ്ക്കരിച്ചു. ആശുപത്രിയുടെ 7-ാം ഗെയ്റ്റിനു സമീപം 2500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരുക്കിയ പുൽക്കൂടും, പ്രകൃതിസൗഹൃദ ക്രിസ്മസ് ട്രീയും ജനശ്രദ്ധയാകർഷിച്ചു.

മാർപ്പാപ്പയുടെ ചൈതന്യം ഉൾക്കൊണ്ട് ക്രിസ്മസിനോടനുബന്ധിച്ച് പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം, ക്രിസ്തുമസ്സ് ദിനത്തിൽ സൗജന്യ ഡയാലിസിസ്, പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഭക്ഷണം എന്നിവ ഒരുക്കി ജൂബിലി മിഷനും മാർപ്പാപ്പയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി ജൂബിലി മിഷൻ ഡയറക്ടർ ഫാ. റാഫേൽ വടക്കൻ അറിയിച്ചു.

### യുവ ഡോക്ടർമാർ ക്രിസ്ത്യൻ മിഷണറിമാരുടെ സേവനരീതി സ്വന്തമാക്കുക - പദ്മവിഭൂഷൻ ഡോ. ഇ. ശ്രീധരൻ (04.01.2014)

യുവഡോക്ടർമാർ ക്രിസ്ത്യൻ മിഷണറിമാരുടെ സേവനരീതി സ്വന്തമാക്കണമെന്നും, ആദ്ധ്യാത്മിക സ്പർശം ഡോക്ടർമാർക്കുണ്ടാകണമെന്നും 'ഇന്ത്യൻ മെട്രോമാൻ' പദ്മവിഭൂഷൻ ഡോ. ഇ. ശ്രീധരൻ അഭിപ്രായപ്പെട്ടു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ 5-ാം ബാച്ച് മെഡിക്കൽ ബിരുദദാനചടങ്ങ് ജൂബിലി മിഷന്റെ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ ഉത്ഘാടനം ചെയ്യുകയായിരുന്നു ഡൽഹി മെട്രോ റെയിൽ മുഖ്യ

ഉപദേഷ്ടാവ് ഡോ. ഇ. ശ്രീധരൻ. തൃശ്ശൂർ അതിരൂപത മെത്രാപൊലീത്തയും ജൂബിലി മിഷൻ ട്രസ്റ്റ് പ്രസിഡണ്ടുമായ മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. ബാംഗ്ലൂർ നിംഹാൻസ് ഡയറക്ടറും വൈസ് ചാൻസിലറുമായ ഡോ. പി. സതീഷ് ചന്ദ്ര മുഖ്യാതിഥിയായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി യുവഡോക്ടർമാരെ അഭിസംബോധനചെയ്തു സംസാരിച്ചു. ജൂബിലി മിഷൻ ന്യൂറോളജി വിഭാഗം മേധാവി ഡോ. പി. സി. ഗിൽവാസ് യുവഡോക്ടർമാർക്ക് പ്രതിജ്ഞ ചൊല്ലികൊടുത്തു. വൈസ് പ്രിൻസിപ്പൽ ഡോ. അലക്സ് ജോസഫ്, ഡോ. ജെറി ഈരാളി, പി.ടി.എ. പ്രസിഡണ്ട് അഡ്വ. പൊന്നച്ചൻ, സ്റ്റാഫ് അഡ്വൈസർ ഡോ. അശ്വത്ത് കുമാർ എന്നിവർ ആശംസകൾ നേർന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസോസിയേറ്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, ഡോ കിരൺ ജോസ് നന്ദിയും പറഞ്ഞു.

## ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിന്റെ ദശവർഷാഘോഷങ്ങൾക്ക് സമാപനമായി (10.01.2014)

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിന്റെ ദശവർഷാഘോഷവും, 11-ാം ബാച്ച് ബിരുദ വിദ്യാർത്ഥികളുടെ തിരിതെളിയിക്കലും കാച്ചേരിയിലെ നഴ്സിങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ജൂബിലി നേഴ്സിങ്ങ് കോളേജിന്റെ സ്ഥാപക ചെയർമാനായ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസോസിയേറ്റ് ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുത്ത് അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർ ഡോ. വി. ഐപ്പ് വർഗ്ഗീസ് മുഖ്യാതിഥിയായിരുന്നു. വെസ്റ്റ് ഫോർട്ട് നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫസർ ഷേർളി പ്രകാശ് മുഖ്യപ്രഭാഷണം നടത്തി. നഴ്സിങ്ങ് കോളേജ് അസോസിയേറ്റ് പ്രൊഫസർ സി.ലിസ്സാ പോൾ CMC, ജൂബിലി മിഷൻ ആശുപത്രി നേഴ്സിങ്ങ് സൂപ്രണ്ട് സി. ഫിലോ പോൾ CMC എിവർ ദീപം കത്തിച്ചു നൽകിക്കൊണ്ട് 11-ാം ബാച്ചിലെ ബിരുദ വിദ്യാർത്ഥികളെ നഴ്സിങ്ങ് മേഖലയിലേക്ക് ആനയിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടറും, നഴ്സിങ്ങ് കോളേജ് ഇൻചാർജുമായ ഫാ. ജോബി കടപ്പൂരാൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി, പി.ടി.എ പ്രസിഡണ്ട് ശ്രീമതി ചന്ദ്രിക സുധാകരൻ എന്നിവർ ആശംസകൾ നേർന്നു. വൈസ് പ്രിൻസിപ്പാൾ ഡോ. സി. ഫിലോ രശ്മി FCC ദശവർഷാഘോഷ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതവും, വൈസ് പ്രിൻസിപ്പാൾ സി. ട്രീസ

ആന്റോ CHF നന്ദിയും പറഞ്ഞു. യോഗത്തോടനുബന്ധിച്ച് നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികളുടെ കലാപരിപാടികളും ആലുവ ജനസേവ ശിശുഭവന്റെ 'സൂപ്പർ മെഗാഷോ'യും ഉണ്ടായിരുന്നു.

### നവവൈദികർക്ക് സ്വീകരണം

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച വൈദികർക്ക് ജൂബിലി കുടുംബം സ്വീകരണം ഒരുക്കി. ജനുവരി 8-ാം തിയ്യതി ആശുപത്രി പള്ളിയിൽ ആഘോഷമായ ദിവ്യബലിയും അനുമോദനയോഗവും നടത്തി.

### സൗജന്യ വെന്റിലേറ്റർ മെഷീൻ

ജൂബിലി മിഷൻ ആശുപത്രിക്ക് ഒരു സൗജന്യ വെന്റിലേറ്റർ മെഷീൻ സംഭാവന നൽകിയ ശ്രീ. വി. എ. ഹസ്സന് (ഓണററി ഡയറക്ടർ, JMMC & RI) ജൂബിലി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

### ക്രിസ്തുമസ് ഒരുക്കധ്യാനം (21.12.2013)

ക്രിസ്തുമസിന് ഒരുക്കമായി ജൂബിലി മിഷൻ കുടുംബാംഗങ്ങൾക്കുള്ള ഒരുക്കധ്യാനം തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതി & നെസ്റ്റ് ഡയറക്ടർ ഫാ. ജോജു പനക്കൽ നയിച്ചു.

### നേഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികൾക്ക് വാർഷികധ്യാനം

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികൾക്കായുള്ള വാർഷികധ്യാനം ഡിസംബർ 19 മുതൽ 23 വരെ നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്നു. മംഗലപ്പുഴ സെമിനാരി പ്രൊഫസർ ഡോ. സിബി പുളിക്കനും, MSMI സിസ്റ്റേഴ്സും ധ്യാനത്തിന് നേതൃത്വം നൽകി.

**കൺമണിക്കൊരുകരുതൽ സംഭാവന**

- സെന്റ് തെരേസ ചർച്ച്, എറവ്, അരിമ്പൂർ, തൃശ്ശൂർ
- ഹെഡ്മിസ്ട്രസ്സ്, ക്ലേലിയ സ്കൂൾ, വടക്കാഞ്ചേരി, തൃശ്ശൂർ
- ശ്രീ രാജീവ്, ചേറുശ്ശേരി ഹൗസ്, പറവട്ടാനി, തൃശ്ശൂർ
- ശ്രീ. ദീപക്, ചുങ്കത്ത് ഹൗസ്, തൃശ്ശൂർ
- ശ്രീ. പീറ്റർ, കണ്ടശ്ശാംകടവ്, തൃശ്ശൂർ
- ശ്രീ. കൊച്ചന്തോണി, പെരുമാടൻ മണ്ണുമ്മൽ ഹൗസ്, തൊയക്കാവ്, തൃശ്ശൂർ

**അന്നദാനത്തിന് സംഭാവന നൽകിയവർ**

- ശ്രീമതി ഷീല
- സെന്റ് തെരേസ ചർച്ച്, എറവ്, അരിമ്പൂർ, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഡിസ്ട്രിക്ട് കോർട്ട് സ്റ്റാഫ് വെൽഫെയർ കമ്മിറ്റി, ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോർട്ട്, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. വി. കെ മുഹമ്മദ്, മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനി (80 ഡയാലിസിസ്)
- ഫാ. ജോർജ്ജ് കോമ്പാറ, സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, ഒല്ലൂർ (50 ഡയാലിസിസ്)
- വികാരി, സെന്റ് ആന്റണീസ് ചർച്ച്, പാറേംപാടം, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് ജോൺസ് ഫൊറോന ചർച്ച്, കാത്തലിക് യൂണിയൻ, പറപ്പൂർ, തൃശ്ശൂർ (100 ഡയാലിസിസ്)
- ലിറ്റിൽ ഫ്ളവർ ചാരിറ്റബിൾ ട്രസ്റ്റ്, എറവ്, അരിമ്പൂർ, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, ബ്രഹ്മകുളം, തൃശ്ശൂർ (80 ഡയാലിസിസ്)
- അവർ ലേഡി ഓഫ് ഡിവൈൻ ലൗവ് ചർച്ച്, വരവൂർ (20 ഡയാലിസിസ്)
- സ്കൂൾ ഓഫ് നേഴ്സിങ്ങ്, JMMC, തൃശ്ശൂർ (20 ഡയാലിസിസ്)

**ഫാദർ റാഫേൽ വടക്കൻ**
ഡയറക്ടർ

## NEST *The Village of Comfort*

**Tel : 2321854; 9446996148**

- ക്രിസ്തുമസ്സ് പാതിരാത്രിയിലെ പിറവിയുടെ തിരുക്കർമ്മങ്ങളും, പ്രദക്ഷിണവും നടത്തി. സമീപവാസികൾ കുറെപേർ പങ്കെടുത്ത് ആഹ്ലാദം പങ്കിട്ടു. കേക്ക് മുറിക്കലും നോമ്പുവീടലും ഉണ്ടായി. നെസ്റ്റിലെ മക്കളും കുറെപേർ ഉണ്ടായിരുന്നു.
- ദനഹാതിരുനാൾ : കരിമരുന്ന് പ്രയോഗവും, പിണ്ടികുത്തലും ഉണ്ടായി.
- ജനുവരി 2014 ലെ ആദ്യ ഫോളോ അപ്പും, നെസ്റ്റിന്റെ ഏഴാം വാർഷികവും 11 ഉം 12 ഉം തിയ്യതികളിൽ സമുചിതമായി ആഘോഷിച്ചു. 11–ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 6.30 മുതൽ 8.30 വരെ നെസ്റ്റിലെ സ്റ്റാഫ്, കൗൺസിലേഴ്സ്, ക്ലാസ്സെടുക്കുന്നവർ അവരുടെ കുടുംബാംഗങ്ങൾ, നെസ്റ്റിന്റെ സമീപവാസികൾ, അടുത്തുള്ള ആശ്രമങ്ങളിലെ സിസ്റ്റേഴ്സ്, വൈദികർ, അഭ്യുദയകാംക്ഷികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നി

വരുടെ സംഗമമായിരുന്നു. പ്രാർത്ഥനയും, ആരാധനയും സ്നേഹവിരുന്നുമായി രണ്ടു മണിക്കൂർ ഏവരും നെസ്റ്റിൽ ചിലവഴിച്ചു. 12-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30ന് സാധാരണപോലെ ഫോളോ അപ്പ് പരിപാടികൾ ജപമാലയോടെ ആരംഭിച്ചു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലിയിൽ മോൺ. ജോസഫ് കാക്കശ്ശേരിയും, ഫാ. അലോഷ്യസ് സി.എസ്.ടി.യും സഹകാർമ്മികരായിരുന്നു. അതിനുശേഷം നെസ്റ്റ് മക്കളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ, സ്നേഹവിരുന്ന്, ഉച്ചകഴിഞ്ഞ് 2 മണിക്ക് വാർഷികാഘോഷ സമ്മേളനം നെസ്റ്റ് ഗായകസംഘത്തിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ഡയറക്ടർ ജോജു അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. അതിനുശേഷം നെസ്റ്റിന്റെ ഈ വർഷത്തെ സമഗ്രമായ റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിച്ചു. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. ഹരിശങ്കർ ഐ.പി.എസ്. തിരി കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തൃശൂർ അതിരൂപതാ ചാൻസലർ ഡോ. റാഫേൽ ആക്കാമറ്റത്തിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. നെസ്റ്റിൽ ക്ലാസ്സെടുക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവ പ്രവർത്തകനുമായ ഇരിങ്ങാലക്കുട രൂപതക്കാരനായ റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥൻ ശ്രീമാൻ സേവ്യർ പള്ളിപ്പാടന് 'നെസ്റ്റ്മിത്ര അവാർഡ്' നല്കി ആദരിച്ചു. സിസ്റ്റർ ഡോ. ബീന, പള്ളിപ്പാടൻ സാറിനെ സദസ്സിന് പരിചയപ്പെടുത്തി. അവാർഡ് ഏറ്റുവാങ്ങിക്കൊണ്ട് സേവ്യർ സാർ എല്ലാവർക്കും പ്രചോദനാത്മകമായ ഒരു സന്ദേശം മറുപടിയിൽ പറഞ്ഞു. കൗൺസിലർ ശ്രീമതി പ്രീതി ശോഭനൻ, സബ് ഇൻസ്പെക്ടർ ശ്രീ. ബെന്നി ജേക്കബ്, അതിരൂപതാ മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ജോസ് ആലപ്പാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജന. കൺവീനർ ശ്രീ. ആന്റണി പന്തല്ലൂക്കാരൻ ഏവർക്കും നന്ദി രേഖപ്പെടുത്തി. സർവ്വശക്തനായ ദൈവത്തിന് നന്ദി പറഞ്ഞ് ചായസൽക്കാരത്തിനുശേഷം ഏവരും സന്തോഷത്തോടെ യാത്രയായി.

**ഫാ. ജോജു പനയ്ക്കൽ**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ചിൽഡ്രൻസ് മിനിസ്ട്രി

Ph: 0487 2325336, 9947582522

### A. തിരുബാലസഖ്യം

- **ലോക തിരുബാലസഖ്യദിനം** : 2014 ഫെബ്രുവരി 9-ന് ലോക തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേദിവസം എല്ലാ യൂണിറ്റുകളിലും തിരുബാലസഖ്യ ദിനം ആചരിക്കേണ്ടതാണ്. ഈ ദിനം ഉചിതമായി ആചരിച്ച് പ്രതിജ്ഞ ചൊല്ലി അംഗത്വം നവീകരിക്കേണ്ടതാണ്. പുതിയ അംഗങ്ങളെ ഒരുക്കി ഈ ദിവസം ചേർത്താവുന്നതാണ്.
- **അതിരൂപത തിരുബാലസഖ്യ ദിനാഘോഷം** : 2014 ഫെബ്രുവരി 22-ന് ഡി.ബി.സി.എൽ.സി.യിൽ വെച്ച് അതിരൂപത തിരുബാലസഖ്യദിനമായി ആചരിക്കുന്നു. രാവിലെ 9.30 മുതൽ 4 മണിവരെ നടക്കുന്ന എല്ലാ പരിപാടികളിലും സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. വി. കുർബ്ബാനയും ഉച്ചഭക്ഷണവും ഉണ്ടായിരിക്കും. ഓരോ യൂണിറ്റിൽ നിന്നും യൂണിറ്റ് ആനിമേറ്റർ, സമ്മാനർഹർ കൂടാതെ 5 കുട്ടികളെയെങ്കിലും പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ.
- **അതിരൂപത തിരുബാലസഖ്യ മത്സരങ്ങൾ** : 2013 ഡിസംബർ 27, 28 തിയ്യതികളിലായി അതിരൂപത തിരുബാലസഖ്യ മത്സരങ്ങൾ നടത്തി. അതിനോടു സഹകരിച്ച അച്ചൻമാർക്കും ആനിമേറ്റേഴ്സിനും ബ്രദേഴ്സിനും ഒത്തിരി നന്ദി. കലാമത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ യൂണിറ്റുകളുടെ പേരുകൾ താഴെ ചേർക്കുന്നു.

**1. Sub Junior Section**

| | | |
|---|---|---|
| First | S.H.C. Eng. Med. L.P.S. | Thrissur |
| Second | S.H.C. Nursery School | Thrissur |
| Third | St. Anne's Convent P. Primary School | West Fort |

**2. Junior Section**

| | | |
|---|---|---|
| First | S.H.C. Eng. Med. L.P.S. | Thrissur |
| Second | S.H.C.L.P.S. Mal. Medium | Thrissur |
| Third | Lourde Catheedral | Thrissur |

**3. Senior Section**

| | | |
|---|---|---|
| First | St. Mary's Church | Kandassankadavu |
| Second | St. John The Baptist | Nedupuzha |
| Third | St. Xavier's C.U.P.S. | Pudukkad |

**NB :** തിരുബാലസഖ്യ യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ പാസ്റ്ററൽ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ 100 രൂപ അടച്ച് യൂണിറ്റ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

## B. ജൂനിയർ സി.എൽ.സി.

- ജൂനിയർ സി.എൽ.സി.യുടെ പതാക ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. ഓഫീസ് സമയം 9.30മുതൽ 5 വരെ
- ജൂനിയർ സി.എൽ.സി.യുടെ യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ പാസ്റ്ററൽ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ 100 രൂപ അടച്ച് യൂണിറ്റ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

## C.അൾത്താര സംഘം

- അൾത്താരസംഘത്തിന്റെ പതാക ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. ഓഫീസ് സമയം രാവിലെ 9.30 മുതൽ 5 വരെ.
- അൾത്താരസംഘത്തിന്റെ യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ പാസ്റ്ററൽ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ 100 രൂപ അടച്ച് യൂണിറ്റ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

## പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ – ഫെബ്രുവരി 2014

| | |
|---|---|
| **തിരുവചനപഠനം** | : 'മരണം വരെ നീ വിശ്വസ്തനായിരിക്കുക. എന്നാൽ ഞാൻ നിനക്ക് ജീവിതമകുടം നൽകാം" (വെളി. 2:10) |
| **സുകൃത ജപം** | : ഈശോയെ അങ്ങയെ ഞാൻ സ്നേഹിക്കുന്നു |
| **പ്രാർത്ഥന നിയോഗം** | : സഭയെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. |
| **പ്രവർത്തനം** | : ചെറിയ ത്യാഗങ്ങൾ ചെയ്യുക. |
| **പരിചയപ്പെടുന്ന വിശുദ്ധൻ** | : വി. ജോൺ ബ്രിട്ടോ (ഫെബ്രുവരി 4) |

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ഡെയ്സൺ മുണ്ടോപുറം**

# സി.എൽ. സി.

## ക്രിസ്തുമസ്സ് ആഘോഷം നടന്നു

തൃശൂർ അതിരൂപത സി.എൽ.സി.യുടെ ക്രിസ്തുമസ്സ് ആഘോഷം നടന്നു. അതിരൂപത ക്രിസ്തുമസ്സ് ആഘോഷം അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് ക്രിസ്തുമസ്സ് സന്ദേശം നൽകി. സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, അതിരൂപത ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, അതിരൂപത ഭാരവാഹികൾ, ഫൊറോന യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

## സ്ഥാനാരോഹണം നടന്നു

അതിരൂപത സി.എൽ.സി. 2014 - 15 വർഷത്തെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നടന്നു. സ്ഥാനാരോഹണചടങ്ങിന് അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് നേതൃത്വം നൽകി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പുതിയ പ്രസിഡന്റ് ഡിൽജോ തതരകന് പീത്ത നൽകി. തുടർന്ന് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, അതിരൂപത അസി. പ്രമോട്ടർ റവ. ഫാ. ജിന്റോ പെരേപ്പാടൻ എന്നിവർ നേതൃത്വം നൽകി.

## പ്രതിഷേധിച്ചു

റവന്യൂ കലോത്സവം ഞായറാഴ്ചയിൽനിന്ന് മാറ്റണം എന്ന ആവശ്യം ഉന്നയിച്ച് അതിരൂപത സി.എൽ.സി. പ്രതിഷേധക്കുറിപ്പ് പുറത്തിറക്കി. ക്രിസ്ത്യാനികളുടെ പരിപാവനമായ ദിനത്തിൽ കലോത്സവം നടത്തുകയും ക്രിസ്ത്യൻ വിദ്യാർത്ഥികളുടെ മതബോധനത്തെ ഇല്ലാതാക്കിയ നടപടിയിൽ എത്രയും വേഗം നടപടി വേണമെന്ന് പ്രതിഷേധക്കുറിപ്പിൽ അതിരൂപത സി.എൽ.സി. അറിയിച്ചു. അതിരൂപത സി.എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു.

## പ്രതിഷേധിച്ചു

പുത്തൻപീടികയിൽ സാമൂഹ്യവിരുദ്ധരുടെ നേതൃത്വത്തിൽ നടത്തിയ ആക്രമണത്തിൽ അതിരൂപത സി.എൽ.സി. പ്രതിഷേധിച്ചു. പുത്തൻപീടിക പള്ളിയിലെ കുമ്പസാരക്കൂടും മറ്റും തകർത്ത സാമൂഹ്യദ്രോഹി

കളെ ഉടൻ അറസ്റ്റു ചെയ്യണമെന്നും സ്ഥലത്തെ ക്രമസമാധാനം നില കൂടുതൽ മെച്ചപ്പെടുത്തുവാൻ പോലീസ് അധികാരികൾ ശ്രദ്ധിക്കണമെന്നും അതിരൂപത സി.എൽ.സി. ആവശ്യപ്പെട്ടു. അറസ്റ്റു ചെയ്ത പോലീസ് നടപടിയെ സ്വാഗതം ചെയ്യുകയും കുറ്റവാളികളായ മുഴുവൻ പേരെയും ഉടൻ അറസ്റ്റു ചെയ്യണമെന്നും അതിരൂപത സി.എൽ.സി. ആവശ്യപ്പെട്ടു. യോഗം അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, ബിനോയ് കാറളത്തുകാരൻ തുടങ്ങിയവർ പ്രസംഗിച്ചു.

- **യൂണിറ്റ് അഫിലിയേഷൻ**

സി.എൽ.സി. യൂണിറ്റ് അഫിലിയേഷൻ നടത്തേണ്ട യൂണിറ്റുകൾ അതത് എത്രയും പെട്ടെന്ന് അതിരൂപത ഓഫീസുമായി ബന്ധപ്പെടുകയോ അതിന് ഫൊറോന പ്രസിഡന്റുമാരുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. 9495721892 എന്ന നമ്പറിൽ കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടാവുന്നതാണ്.

- **അതിരൂപത പ്രവർത്തകസമിതിയോഗം**

സി.എൽ.സി. അതിരൂപത പ്രവർത്തകസമിതിയോഗം അതിരൂപത പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, മോഡറേറ്റർമാർ എന്നിവർ പങ്കെടുത്തു. ഒരു വർഷത്തെ കർമ്മപരിപാടികൾ ചിട്ടപ്പെടുത്തുകയും ചെയ്തു.

- **യൂണിറ്റ് വിസിറ്റ് നടത്തി**

പുത്തൂർ, പാത്രമംഗലം, ചിറ്റാട്ടുകര, ചൊവ്വന്നൂർ, പറപ്പൂർ, ചേർപ്പ്, സേവനാലയം, പുതുക്കാട്, ഏനാമ്മാക്കൽ തുടങ്ങി യൂണിറ്റുകളിൽ അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, പ്രസിഡന്റ് ഡിൽജോ തരകൻ അതിരൂപത ഭാരവാഹികൾ തുടങ്ങിയവർ സന്ദർശനം നടത്തി.

- **ഫൊറോന ഇലക്ഷൻ നടന്നു**

സി.എൽ.സി. പഴുവിൽ ഫൊറോന ഇലക്ഷൻ നടന്നു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, സോണൽ ഓർഗനൈസർ അനീഷ് പൂത്തറയ്ക്കൽ എന്നിവർ ഇലക്ഷൻ ക്യാമ്പിന് നേതൃത്വം നൽകി. അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് ഇലക്ഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

- **ലൂർദ്ദ് ഫൊറോന സ്ഥാനാരോഹണം നടന്നു**

സി.എൽ.സി. ലൂർദ്ദ് ഫൊറോന പുതിയ ഭാരവാഹികളുടെ സ്ഥാനാരോ

ഹണം നടന്നു. ലൂർദ്ദ് ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. സി.എൽ.സി. സംസ്ഥാന വൈസ് പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ സോണൽ ഓർഗനൈസർ ജിയോ കെ. ജോർജ്ജ് എന്നിവർ പങ്കെടുത്തു. പുതിയ പ്രസിഡന്റായി ജെസ്‌വിൻ സാജു സ്ഥാനമേറ്റു.

- **വിഷൻ 2015**

യൂണിറ്റ് പ്രവർത്തകർക്കായി ഒരുക്കുന്ന വിഷൻ 2015 ഫോർമേഷൻ ക്യാമ്പിന് താത്പര്യമുള്ള യൂണിറ്റുകൾ അതിരൂപത സി.എൽ.സി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ 9495721892 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**റവ. ഫാ. ജിയോ തെക്കിനിയത്ത്**
**പ്രമോട്ടർ**

**ബിജിൽ സി. ജോസഫ്**
**ജന. സെക്രട്ടറി**

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധാനവും സൗഭാഗ്യവും

- തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അത്മായസഭയുടെ നേതൃത്വത്തിൽ 12.01.2014 ഞായറാഴ്ച വടക്കാഞ്ചേരി കപ്പൂച്ചിൻ ആശ്രമത്തിൽ വെച്ച് ലീഡേഴ്സ് മീറ്റിംഗ് നടന്നു. 2014 വർഷത്തെ പ്രവർത്തന കലണ്ടർ പ്രകാശനവും ത്രൈമാസ ബുള്ളറ്റിൻ വിതരണവും നടന്നു. കലണ്ടർ പ്രകാശനം ഫാ. പോൾ അടമ്പുകുളം നിർവ്വഹിച്ചു. ഫാ. ജോബി മേരിസൺ ദിവ്യബലി അർപ്പിച്ചു. സി. റോസിലിൻ, പി. ഐ. സൈമൺ, വി. സി. സണ്ണി, തോമസ് ഡൊമിനിക് എന്നിവർ പ്രസംഗിച്ചു. അതിരൂപതാതലത്തിൽ നടത്തിയ വിവരശേഖരണത്തിൽ നിന്നും ഏറ്റവും നല്ല യൂണിറ്റ് ആയി പുതുക്കാടിനേയും രണ്ടാമതായി കുണ്ടന്നൂർ യൂണിറ്റിനേയും തിരഞ്ഞെടുത്തു. മൂന്നാം സ്ഥാനം മൂന്നു പേർ പങ്കിട്ടു. ഗുരുവായൂർ, തൊയക്കാവ്, അരണാട്ടുകര എന്നിവയാണ്. മീറ്റിംഗിൽ എല്ലാ യൂണിറ്റുകളിൽനിന്നും അംഗങ്ങൾ പങ്കെടുത്തു. ജീവകാരുണ്യ ഫണ്ട് ശേഖരണവും അന്ന് നടന്നു.

യേശുവിൽ എളിയ സഹോദരൻ

**വി. സി. സണ്ണി**
സെക്രട്ടറി

കാൽവരി
14.01.14

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

- തൃശൂർ അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 22.12.2013 ന് പാസ്റ്ററൽ സെന്ററിൽവെച്ച് അതിരൂപത ഡയറക്ടർ റവ. ഫാ. ജോജു പനയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. ജോസ് ആലപ്പാട്ടിനെ പ്രസിഡന്റ് ആയും, ശ്രീ. ജെയിംസ് മുട്ടിക്കലിനെ സെക്രട്ടറി ആയും, ശ്രീ. ജോണി ചിറ്റിലപ്പിള്ളിയെ ട്രഷററായും തിരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ – വൈസ് പ്രസിഡന്റുമാരായി ശ്രീ. സ്റ്റീഫൻ ജോസ്, ശ്രീമതി പ്രേമ മൈക്കിൾ, ജോ. സെക്രട്ടറിമാർ ആയി ശ്രീ. സി. ഡി. ജോസ്, ശ്രീമതി മോനി ലാസർ, പി.ആർ.ഒ. ആയി അഡ്വ. മോൻസി മാത്യു എന്നിവരാണ്.
- 11.01.2014 ശനിയാഴ്ച കോട്ടപ്പുറം, ഇരിങ്ങാലക്കുട, തൃശൂർ, പാലക്കാട് ചേർന്നുള്ള മദ്ധ്യമേഖലയുടെ ഭാരവാഹികളുടെ സമ്മേളനം നെസ്റ്റിൽവെച്ച് നടന്നു. ശ്രീ. ജെയിംസ് മുട്ടിക്കലിനെ പ്രസിഡന്റ് ആയി തിരഞ്ഞെടുത്തു. ശ്രീമതി പ്രേമ മൈക്കിളിനെ ജോ. സെക്രട്ടറിയായും തിരഞ്ഞെടുത്തു.
- കരുമത്ര ഇടവക സന്ദർശിച്ച് ഡയറക്ടർ ഫാ. ജോജു പനയ്ക്കൽ ദിവ്യബലിയർപ്പിക്കുകയും മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു.
- മച്ചാട് ഇടവക തിരുനാൾ മദ്യവിമുക്ത തിരുനാൾ ആയി ആഘോഷിക്കുവാൻ തീരുമാനിച്ചു.
- ജനുവരി 3.1.14, 4.1.14 തിയ്യതികളിൽ ഇടക്കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ തൃശൂർ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.
- അതിരൂപത ക്രിസ്തുമസ്സ് ഫെസ്റ്റ് 'ബോൺ നത്താലെ'യിൽ തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതിയുടെ സാന്നിദ്ധ്യം നിറഞ്ഞുനിന്നു.
- കെ.സി.ബി.സി.യുടെ നിർദ്ദേശപ്രകാരം മദ്യവിരുദ്ധ ഞായർ ആയി 26.01.2014 ന് ഞായറാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളും ആചരിക്കണമെന്ന് ഡയറക്ടർ ഫാ. ജോജു പനയ്ക്കൽ ആഹ്വാനം ചെയ്തു. അന്നേദിവസം പ്രത്യേകം ജനറൽ എക്സിക്യൂട്ടീവ് നെസ്റ്റിൽവെച്ച് കൂടുന്നതിനും തീരുമാനിച്ചു.

**ഫാ. ജോജു പനയ്ക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

# മാതൃസംഘം

- 2014 ജനുവരിയിലെ മാതൃസംഘം ജനറൽ ബോഡി യോഗവും തിരുക്കുടുംബം നയിച്ച വിശ്വാസജീവിതം എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറും 2014 ലെ വാർഷിക പരിപാടിയുടെ പ്രകാശനവും ജനുവരി 7-ന് ഉച്ചകഴിഞ്ഞ് തൃശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. റവ. ഡോ. ടിങ്കിൾ വാഴപ്പിള്ളി സെമിനാറിന് നേതൃത്വം നൽകി ക്ലാസ്സെടുത്തു. വിശ്വാസജീവിതത്തിന് ജീവൽസാക്ഷ്യമായി മാറിയ തിരുക്കുടുംബം നയിച്ച ആദ്ധ്യാത്മികത പുതിയ തലമുറയ്ക്ക് വലിയ വഴികാട്ടിയാണെന്ന് അനുകരണീയമാണതെന്നും ടിങ്കിളച്ചൻ പറഞ്ഞു.

- **മാതൃസംഗമം**

  ഹർത്താൽ മൂലം മാറ്റിവെയ്ക്കേണ്ടി വന്ന അതിരൂപത മാതൃസംഗമം തൃശൂർ പുത്തൻപള്ളി ടവർ സ്ക്വയർ അങ്കണത്തിൽവെച്ച് 2014 ഫെബ്രുവരി 18-ന് നടത്തുന്നു. രാവിലെ 9-ന് രജിസ്ട്രേഷനോടുകൂടി മാതൃസംഗമം ആരംഭിക്കും. സെമിനാർ, വി. കുർബ്ബാന, പൊതുസമ്മേളനം എന്നീ പരിപാടികളോടെ ആണ് മാതൃസംഗമം നടത്തപ്പെടുക. എല്ലാ അമ്മമാരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ആശംസകളോടെ

| | | |
|---|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ലീലമാത്യു** |
| **ഡയറക്ടർ** | **അസി. ഡയറക്ടർ** | **പ്രസിഡന്റ്** |

# കാത്തലിക് യൂണിയൻ – കെ.സി.വൈ.എം.

- **ദേവാലയ ആക്രമണങ്ങളിൽ പ്രതിഷേധിച്ചു**

  പഴുവിൽ, പുത്തൻപീടിക ദേവാലയങ്ങളിൽ ഉണ്ടായ ആക്രമണങ്ങളിൽ പ്രതിഷേധിക്കുകയും ഇടവകകൾ സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. ജിയോ കടവി, എൻ. പി. ജാക്സൺ മാസ്റ്റർ, ആന്റോ തൊറയൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഇടവക സന്ദർശനം.

- **ബോൺ നത്താലെ 2013**

  അതിരൂപതയുടെ സംഘടനകളുടെയും തൃശൂർ പൗരാവലിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ്സ് ആഘോഷത്തിന് പ്രസ്ഥാ

നത്തിന്റെ യൂണിറ്റ്, ഫൊറോന, രൂപത തലങ്ങളിൽ സജീവ സാന്നിദ്ധ്യ സഹായ സഹകരണങ്ങളും നേതൃത്വവും നൽകി. എൻ. പി. ജാക്സൺ മാസ്റ്ററുടേയും ജോൺസൺ ജോർജ്ജിന്റേയും നേതൃത്വത്തിൽ നടന്ന ആഘോഷങ്ങൾക്ക് ഫാ. ജിയോ കടവിയുടേയും പി. ഐ. ലാസർ മാസ്റ്ററുടേയും നേതൃത്വത്തിലുള്ള അതിരൂപത സമിതി അഭിനന്ദനങ്ങൾ നേർന്നു.

- **എ.കെ.സി.സി. ജനറൽ ബോഡി യോഗം**

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിൽ നടന്ന എ.കെ.സി.സി. ജനറൽ ബോഡിയോഗത്തിൽ അതിരൂപതയെ പ്രതിനിധീകരിച്ച് കാത്തലിക് യൂണിയൻ കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജിയോ കടവി, അസി. ഡയറക്ടർ ഫാ. ദിജോ ഒലക്കേങ്കിൽ, ചെയർമാൻ പി.ഐ. ലാസർമാസ്റ്റർ, ഡേവീസ് പുത്തൂർ, പ്രൊഫ. വി. എ. വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

- **എ.കെ.സി.സി. യൂണിറ്റ് രൂപീകരണം**

അതിരൂപത സി.യു. - കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ എ.കെ.സി.സി. യൂണിറ്റ് രൂപീകരണ ഒരുക്കങ്ങൾ നടന്ന് വരുന്നു. ഫാ. ജിയോ കടവി, പി.ഐ. ലാസർ മാസ്റ്റർ, എൻ. പി. ജാക്സൺ മാസ്റ്റർ, ജോൺസൺ ജോർജ്ജ്, ആന്റോ തൊറയൻ, ഷീബ താരു, കരോളിൻ ജോഷ്വാ എന്നിവർ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

| ഫാ. ജിയോ കടവി | ഫാ. ദിജോ ഒലക്കേങ്കിൽ | എൻ. പി. ജാക്സൺ മാസ്റ്റർ | പി. ഐ. ലാസർമാസ്റ്റർ |
|---|---|---|---|
| ഡയറക്ടർ | അസി. ഡയറക്ടർ | ജന. സെക്രട്ടറി | ചെയർമാൻ |

## കുടുംബക്കൂട്ടായ്മ

- **അതിരൂപതാ തല ചർച്ചാ ക്ലാസ്സ്**

കത്തോലിക്കാ സഭയിൽ പ്രത്യേകമായി വിളിച്ചുചേർക്കുന്ന സിനഡിന്റെ വിഷയമായ "സുവിശേഷ വൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിള" ചർച്ച ചെയ്യുന്നതിനായി അതിരൂപത ജനറൽ ബോഡിയോഗം പഴയതും പുതിയതുമായ ഫൊറോന ഭാരവാഹികളെ ഉൾപ്പെടുത്തി 21.12.13നു ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഡോ. ലോറൻസ് തൈക്കാട്ടിൽ വിഷയാവതരണം നടത്തി. അസോ.ഡയറക്ടർ ഫാ.

വർഗ്ഗീസ് തരകൻ സ്വാഗതവും ജന. കൺവീനർ ശ്രീ. തൊമ്മി പിടിയത്ത് നന്ദിയും പറഞ്ഞു.

- **മാതൃക കുടുംബക്കൂട്ടായ്മ – 2013**

2013ലെ മികച്ച പ്രവർത്തനം വിവിധ തലങ്ങളിൽ കാഴ്ചവെച്ച കുടുംബക്കൂട്ടായ്മകളെ തെരഞ്ഞെടുക്കുന്നുണ്ട്. മുൻവർഷത്തേതിൽ നിന്നും വ്യത്യസ്തമായി നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് 225ലേറെ മാർക്ക് ലഭിച്ച കുടുംബക്കൂട്ടായ്മകളെയാണ് മാതൃക കുടുംബക്കൂട്ടായ്മകളായി പ്രഖ്യാപിക്കുക. ഇതിന്റെ പ്രാഥമിക തെരഞ്ഞെടുപ്പ് നടത്തേണ്ടത് ഇടവക കേന്ദ്രസമിതിയാണ്. മാനദണ്ഡങ്ങൾ പ്രകാരം 200ൽ മേലെ മാർക്ക് ലഭിച്ചിട്ടുള്ള കുടുംബക്കുട്ടായ്മകളുടെ അനുബന്ധവിവരങ്ങൾ ഇടവക കൺവീനർമാർ അതിരൂപതാ ഓഫീസിലെത്തിക്കേണ്ട അവസാന തീയതി ഫെബ്രുവരി 28 ആണ്. ഇടവക കൺവീനർമാർ ശ്രദ്ധിക്കുമല്ലോ. ഫൊറോന കൺവീനർമാർ ഇക്കാര്യം ഇടവക കേന്ദ്രസമിതി കൺവീനർമാരെ അറിയിക്കുമല്ലോ.

- **മാതൃക കുടുംബക്കൂട്ടായ്മ – വിശദീകരണ മീറ്റിംഗ്**

മാതൃക കുടുംബക്കൂട്ടായ്മയുടെ പ്രാഥമിക തല തെരഞ്ഞെടുപ്പ് നടത്തേണ്ടത് ഇടവക കേന്ദ്രസമിതിയാണ്. ഇതിന്റെ മാനദണ്ഡങ്ങളും മാർക്കിന്റെ ക്രമീകരണവും വിശദീകരിക്കുന്നതിനായി ഇടവക കേന്ദ്രസമിതി കൺവീനർമാരുടെ ഒരു മീറ്റിംഗ് ഫെബ്രുവരി 1-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കൂടുന്നുണ്ട്. തെരഞ്ഞെടുപ്പ് കാര്യക്ഷമമവും കുറ്റമറ്റതും ആക്കുന്നതിന് മുഴുവൻ ഇടവക കേന്ദ്രസമിതി കൺവീനർമാരും ഈ വിശദീകരണ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ഫൊറോന കൺവീനർമാർ ഇക്കാര്യം ശ്രദ്ധിച്ച് അവരെ വിവരമറിയിക്കുമല്ലോ. ഫൊറോന കൺവീനർമാരും പങ്കെടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ

| | |
|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ**<br>**ഡയറക്ടർ** | **ഫാ. വർഗ്ഗീസ് തരകൻ**<br>**അസി. ഡയറക്ടർ** |
| **തൊമ്മി പിടിയത്ത്**<br>**ജന. കൺവീനർ** | **ഡോ. ഡെയ്സൺ പാണേങ്ങാടൻ**<br>**ജന. സെക്രട്ടറി** |

# കലാസദൻ

- **കലാസദൻ 40–ാം വാർഷിക ജനറൽ ബോഡി നടത്തി**

തൃശ്ശൂർ കലാസദൻ 40–ാം വാർഷിക ജനറൽ ബോഡി യോഗം മാർ റാഫേൽ തട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമൂഹത്തിൽ മൂല്യബോധം വളർത്താൻ കലാ-സാംസ്ക്കാരിക സംഘടനകൾ മുന്നോട്ട് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ബിഷപ്പ് അഭിപ്രായപ്പെട്ടു. റവ. ഡോ. ജോൺസൺ ചിറ്റിലപ്പിള്ളി റിപ്പോർട്ടും, ജെയ്ക്കബ് ചെങ്ങലായ് കണക്കും അവതരിപ്പിച്ചു. പ്രസിഡന്റ് ഡോ. സി. കെ. തോമസ്, ബേബി മൂക്കൻ എന്നിവർ പ്രസംഗിച്ചു. ചർച്ചയിൽ പി.എം. ജോസ്, ജോൺസൺ കാഞ്ഞിരത്തിങ്കൽ, തോമസ് കൊള്ളന്നൂർ, സി. ജെ. ജോൺ, വി.വി. ജോസഫ് തുടങ്ങിയവർ പങ്കെടുത്തു. സംഘടനയുടെ നിയമാവലി പരിഷ്ക്കരിക്കുന്നതിന് ഡോ. സി. കെ. തോമസ്, ബേബി മൂക്കൻ, ജെയ്ക്കബ് ചെങ്ങലായ് എന്നിവരടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തി. യോഗം കലാസദൻ മുൻ ഭാരവാഹി ഫാ. ജോസഫ് ചാഴൂരിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

**ഫാ. ജോൺസൺ ചിറ്റിലപ്പിള്ളി**

സെക്രട്ടറി

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

**റിപ്പോർട്ട്**

ഇടവക തലത്തിൽ നടത്തപ്പെടുന്ന നേഴ്സുമാരുടെ കൂട്ടായ്മ കാര്യക്ഷമമായ വിധത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. 3.1.2014ൽ കൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിങ്ങിൽ വെച്ച് തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഇടവകകളിലും നേഴ്സുമാരുടെ കൂട്ടായ്മയും രോഗീ ശുശ്രൂഷയും വളർത്തികൊണ്ടുവരുവാൻ എല്ലാവരും സഹകരിക്കണമെന്നും ഡയറക്ടർ ഓർമ്മിപ്പിച്ചു.

22.12.13ൽ പേരാമംഗലം ഇടവകയിൽ നേഴ്സുമാരുടെ കൂട്ടായ്മ സാഘോഷം കൊണ്ടാടി. 22 നേഴ്സുമാർ പങ്കെടുത്തു. ഒല്ലൂർ ഫൊറോന പള്ളിയിൽ നടന്ന നേഴ്സുമാരുടെ കൂട്ടായ്മയിൽ 160 തിലധികം നേഴ്സസ്സും നേഴ്സിംഗ് വിദ്യാർത്ഥികളും പങ്കെടുത്തു. ഒല്ലൂർ വിൻസെന്റ് പോൾ ഹോസ്പിറ്റലിലെ നേഴ്സുമാരുടെയും നേഴ്സിംങ്ങ് വിദ്യാർത്ഥികളുടെയും

സജീവ സാന്നിദ്ധ്യം ഈ പരിപാടിയെ വിജയിപ്പിച്ചു. തൈക്കാട്ടുശ്ശേരി, തലോർ, ഒല്ലൂർ എന്നീ ഇടവകകളിലെ കിടപ്പുരോഗികളെ എക്സിക്യൂട്ടീവ് അംഗങ്ങൽ സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.

പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പാതയിൽ മഹനീയ മാതൃകയായി സി. മെർളി സി.എച്ച്. എഫ് (വൈസ് പ്രസിഡണ്ട്, CNGI) 2013 ഡിസംബർ 23ന് എറണാകുളം ലിസി ഹോസ്പിറ്റലിൽ വെച്ച് തന്റെ വൃക്ക ചേലക്കര കിള്ളിമംഗലം ഇടവകയിലെ ശ്രീമതി ഷാജി രാജുവിനെ ദാനം ചെയ്തു. അവയവദാനത്തിന്റെ മഹനീയ മാതൃക സമ്മാനിച്ച സിസ്റ്റർക്ക് കൂടുതൽ ഉന്മേഷത്തോടെ ശുശ്രൂഷമേഖലകളിൽ പ്രവർത്തിക്കാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ വളർച്ചയിൽ മുഖ്യ പങ്ക് വഹിക്കുകയും നേതൃത്വം നൽകുകയും ചെയ്ത വ്യക്തിത്വമായിരുന്ന സി. എലനോർ സി.എം.സി. 10.1.2014 ൽ നിര്യാതയായി. നമ്മുടെ അതിരൂപതയിൽ നിന്നും ദേശീയ തലത്തിൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും വ്യക്തിമുദ്ര പതിപ്പിക്കുകയും കത്തോലിക്കാ നേഴ്സുമാരുടെ അവകാശങ്ങൾക്കുവേണ്ടി സംസാരിക്കുകയും ചെയ്ത വ്യക്തിയായിരുന്നു സിസ്റ്റർ. സിസ്റ്ററിന്റെ നിര്യാണത്തിൽ കാത്തലിക് നേഴ്സസ് ഗിൽഡ് അംഗങ്ങൾ അനുശോചിക്കുകയും പ്രാർത്ഥിക്കുകയും ഡയറക്ടർ ഫാ. സിജോ അരിക്കാട്ട് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

| | |
|---|---|
| ഡയറക്ടർ | സെക്രട്ടറി |
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. സീന SMC** |

# LITURGICAL RESEARCH CENTRE OF THE SYRO-MALABAR CHURCH

## സീറോ മലബാർ റിസർച്ച് സെന്റർ അവാർഡ് 2013 അപേക്ഷ ക്ഷണിക്കുന്നു

മൗണ്ട് സെന്റ് തോമസ്: സീറോ മലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്റർ (എൽ. ആർ. സി.) നൽകുന്ന 2013ലേയ്ക്കുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തി അയ്യായിരും രൂപയും, ഷീൽഡും പ്രശസ്തി പത്രവും അടങ്ങുന്നതാണ് ഈ പുരസ്ക്കാരം. സീറോ -മലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നൽകുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, ആരാധനക്രമം ആദ്ധ്യാത്മികത, സാഹിത്യം, കല, സംസ്ക്കാരം, ചരിത്രം, ശിക്ഷ ണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോ-മലബാർ സഭാംഗങ്ങളായ വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും പേരുക ളാണ് ക്ഷണിക്കുന്നത്. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ - ലഘുജീവചരിത്രം, പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ ഫോട്ടോ ഗ്രാഫുകൾ, ചെയ്ത പ്രവർത്തനങ്ങൾക്ക് ലഭിച്ച മറ്റ് അംഗീ കാരങ്ങൾ തുടങ്ങിയവ സമർപ്പിക്കേണ്ടതാണ്.

നാമനിർദ്ദേശങ്ങൾ 2014 മാർച്ച് 19നകം Dr. Peter Kannampuzha, Executive Director, Liturgical Research Centre, Mount St.Thomas, Kakkanad - 682 030, PB No. 3110, Kerala, India

എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.


# അതിരൂപതയിൽ നിന്നുള്ള നവവൈദികർ



Fr.Arimpur Jacob VC



Fr.Chirammel Sebin CST



Fr.Theruvamkunnel
Don Dominc MCBS



Fr. Vineesh
Naduvilpeedika,RCJ



Fr.Poruthur Jenson
Diocese of Kalyan



Fr.Vattakulathil
Lijo O.SS.T



Fr. Kallukaran Jinto CMI



Fr.Chalakkal Anto CST



Fr.Raju
Augustine SJ




Fr. Maprakarottu
Thomas MCBS



Fr. Chirayath
Ginto CMI

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2014
**Feb 2014**



ഇന്ത്യയിലെ സീറോ - മലബാർ വിശ്വാസികൾക്കുവേണ്ടി
( Syro-Malabar faithful residing in India outside the *territorium proprium*)
മാർപ്പാപ്പ നിയമിച്ചിരിക്കുന്ന
അപ്പസ്തോലിക് വിസിറ്റേറ്റർ

**മാർ റാഫേൽ തട്ടിൽ**

പിതാവിന് പ്രാർത്ഥനകളും ആശംസകളും.

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005